
നസ്രാണി

രണ്ടാം വർഷം



മാത്തോമ്മാൻ

മാത്തോമ്മാൻ നന്മയാലൊന്നു തുടങ്ങുന്നു
നന്നായ് വരേണമേയിന്നു
ഉത്തമനായ മിശിഹാ തിരുവുള്ളം
ഉണ്ടെയെഴുന്നള്ളവേണം



നസ്രാണി

1964 പുതുഞായർ No. 4

പറമ്പിൽ ചാണ്ടിമെത്രാൻ

മലങ്കര സഭാചരിത്രത്തിലെ നിർണ്ണായകമായ ഒരു സംഭവത്തിന്റെ മൂന്നാം ശതവത്സരപൂർത്തിയായിരുന്ന 1963 ജനുവരി 31-ാം തീയതി. കുറവിലങ്ങാട്ടപള്ളിഇടവക പള്ളിവീട്ടിൽ(പറമ്പിൽ) ചാണ്ടി മെഗാറായുടെ മെത്രാനും മലങ്കരസഭയുടെ മേലദ്ധ്യക്ഷനുമായി അഭിഷിക്തനായിട്ട് അന്നു മുന്നൂറുകൊല്ലം തികയുന്നു. ചരിത്രത്തിൽ നിന്നു നമുക്കു റിയാവുന്നിടത്തോളം കേരളീയരിൽ നിന്നുള്ള ആദ്യത്തെ മെത്രാനായിരുന്ന അദ്ദേഹം. 1653ലെ കൂനൻകുരിശുസത്യത്തെ തുടർന്നു നിർഭാഗ്യവശാൽ രണ്ടായി ഭിന്നിച്ചുപോയ മലങ്കരസഭയെ പഴയപടി ഒന്നിപ്പിക്കുന്നതിനു മറ്റാരേക്കാളും കൂടുതലായി യത്നിച്ച മഹാനായ ഒരു സമുദായ സ്നേഹിയുമായിരുന്ന അദ്ദേഹം. ഇങ്ങനെ നമ്മെ സംബന്ധിച്ചിടത്തോളം വളരെയേറെ ചരിത്രപ്രാധാന്യമർഹിക്കുന്ന ഒരു സംഭവം അറിയപ്പെടാതെയും അനുസ്മരിക്കപ്പെടാതെയും കടന്നുപോയി എന്നതു് ഏറ്റവുംനിർഭാഗ്യകരമായ ഒരു വസ്തുതയാകുന്നു.



1599-ലെ ഉദയംപേരൂർ സൂനഹദോസു മുതൽ കേരള നസ്രാണികൾ പാശ്ചാത്യ മിഷനറിമാരുടെ പ്രവർത്തനങ്ങളിൽ സംശയാലുക്കളും അമർഷവാന്മാരുമായിരുന്നു. തങ്ങളോടു് ആലോചിക്കാതെയും, തങ്ങളെ അറിയിക്കാതെയും തങ്ങളുടെ ഇഷ്ടത്തിനെതിരായും അവരുടെ തലയിൽ സൂനഹദോസു പലതും കെട്ടിയേല്പിക്കുക ഉണ്ടായല്ലൊ. അവയിൽ പ്രധാനമായതു ബാബേലിൽ നിന്നു സുറിയാനി മെത്രാന്മാർ വരുന്നതിനെ തടഞ്ഞതും, അതിപ്രാചീനമായ തങ്ങളുടെ അതിമെത്രാസനത്തെ ഒരു മെത്രാസനമാക്കി തരം താഴ്ത്തി ഗോവായ്ക്കു വിധേയമാക്കിയതുമാണു്. സൂനഹദോസിനെ തുടർന്നു ജസ്വീത്തർ കേരളീയ സുറിയാനിക്കാരുടെ മെത്രാന്മാരായപ്പോൾ ജനങ്ങളുടെ അമർഷം സ്വാഭാവികമായി ഈശോസഭക്കാർക്കെതിരായി. കേരളത്തിൽ അന്നുണ്ടായിരുന്ന ഫ്രാൻസിസ്കൻ സന്യാസ വൈദികർ, ഈശോസഭക്കാരുമായി രമ്യതയിലല്ലായിരുന്നതിനാൽ, സ്ഥിതിഗതികൾ ഒന്നുകൂടെ വഷളാകുന്നതിനാണു് ഇടയായതു്.

ഭരണകർത്താക്കളായ ജസ്വീത്തരും, ഭരണീയരായ സുറിയാനിക്രിസ്ത്യാനികളും തമ്മിലുള്ള അസ്വരസം ഇങ്ങനെവർദ്ധിച്ചുകൊണ്ടിരിക്കുമ്പോഴാണു് ബാബേലിൽ നിന്നും വന്നെത്തിയ അഹത്തല്ലാ മെത്രാനെ അറസ്റ്റു ചെയ്തു പറങ്കികൾ ഗോവായിലേക്കു കൊണ്ടുപോയതു്.

മെത്രാനെ കൊച്ചിക്കായലിൽ കെട്ടിത്താഴ്ത്തിയെന്ന ശ്രുതി നാട്ടിൽ പരന്നു. മെത്രാനെ വിട്ടുകിട്ടുന്നതിനായി മട്ടാഞ്ചേരിയിൽ തടിച്ചുകൂടിയ ജനാവലി അവിടത്തെ കുരിശിൽ തൊട്ടു സത്യം ചെയ്തു, മേലാൽ ജസ്വീത്തരെ തങ്ങളുടെ ഭരണാധികാരികളായി സ്വീകരിക്കുന്നതല്ലെന്നു്. ഈ ഉഗ്ര പ്രതിജ്ഞയ്ക്കുശേഷം അവർ ആലങ്ങാട്ടുകൂടി അക്കിടിയാക്കൊന്റെ തലയിൽ പന്ത്രണ്ടു വൈദികർക്കൂടി കൈവെച്ചു് ഒന്നാം മാർത്തോമ്മ എന്ന പേരിൽ വാഴിച്ചു. ഈ കൈവെപ്പു സാധുവല്ലെന്നും ഒന്നാം മാത്തോമ്മ വെറും മാത്തോമ്മായല്ലാതെ മെത്രാനല്ലെന്നും കൈ വെച്ചവർക്കുതന്നെ അറിയാമായിരുന്നു. പക്ഷെപറങ്കികളോടുള്ള സമരത്തിൽ തങ്ങൾക്കു് ഒരു നേതാവു് ആവശ്യമാണെന്ന കാര്യത്തിൽ അവർക്കു അഭിപ്രായവ്യത്യാസമുണ്ടായിരുന്നില്ല.

അങ്ങനെ കേരള സുറിയാനിസഭ പുത്തൻകൂർ, പഴയകൂർ എന്നിങ്ങനെ രണ്ടായി പിരിഞ്ഞു. കൂടുതൽ പള്ളികളും ജനങ്ങളും പുത്തൻകൂർ ഭാഗത്തു നിലകൊണ്ടു. ഈ ഭിന്നിപ്പിനെപ്പറ്റിയുള്ള വിവരം റോമിലെത്തിയപ്പോൾ ഏഴാം അലക്സാണ്ടർ മാപ്പാപ്പാ ജോസഫ് സെബസ്ത്യാനി എന്ന കർമ്മലീത്താവൈദികനെ കേരളത്തിലേക്കയച്ചു. ഈ ജോസഫ് സെബസ്ത്യാനിയുടെ പരിശ്രമഫലമായി പുത്തൻകൂർ ഭാഗത്തുനിന്ന ഏതാനും പള്ളികൾ ശീശ്മ ഉപേക്ഷിച്ചു പഴയകൂർ ഭാഗത്തുചേർന്നു. 1661-ൽ ഈ സെബസ്ത്യാനി മെത്രാനായി കേരളത്തിലെത്തി ശീശ്മ അവസാനിപ്പിക്കുന്നതിനു ഭഗീരഥയത്നം തുടങ്ങി. പക്ഷേ പ്രോട്ടസ്റ്റന്റുകാരായിരുന്ന ലന്തക്കാർ 1663-ൽ കൊച്ചിക്കോട്ട പിടിച്ചടക്കിയപ്പോൾ, ഡച്ചുകാരല്ലാത്ത സകല യൂറോപ്യന്മാരും കേരളം വിട്ടുപോകേണ്ട ഒരു പരിതസ്ഥിതി വന്നു.

കേരളത്തിൽ നിന്നു പോയേ മതിയാവൂ എന്നു ബോധ്യമായപ്പോൾ, താൻ തുടങ്ങിവെച്ച ജോലി പൂർത്തിയാക്കുന്നതിനുപറ്റിയ ഒരാളെ കണ്ടുപിടിക്കുന്നതിനു സെബസ്ത്യാനിമെത്രാൻ തീരുമാനിച്ചു. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടയാളാണു പറമ്പിൽ ചാണ്ടിക്കത്തനാർ. ഇദ്ദേഹം ഒന്നാം മാത്തോമ്മായുടെ കുടുംബത്തിൽ പെട്ടയാളും അദ്ദേഹത്തിന്റെ പന്ത്രണ്ടു് ആലോചനക്കാരിൽ ഒരുവനുമായിരുന്നു. എന്നാൽ തങ്ങളുടെ പ്രവൃത്തി ശീശ്മയാണെന്നു ബോദ്ധ്യമായതോടെ അദ്ദേഹം പഴയകൂറിലേക്കു തിരിച്ചു പോന്നു. ഈ ചാണ്ടിക്കത്തനാർ വലിയ ഒരു പണ്ഡിതനായിരുന്നുവെന്നു തോന്നുന്നില്ല. എന്നാൽ അദ്ദേഹം ഒരു സാത്വികനും ജനസ്വാധീനമുള്ളയാളുമായിരുന്നുവെന്നു സമകാലീന രേഖകൾ തെളിയിക്കുന്നു. 1663 ജനുവരി 31-ാം തീയതി കടുത്തുരുത്തി പള്ളിയിൽവെച്ചു് സെബസ്ത്യാനി മെത്രാൻ ചാണ്ടിക്കത്തനാരെ മെഗാരായുടെ സ്ഥാനികമെത്രാനും മലങ്കര സഭയുടെ ഭണകർത്താവുമായി അഭിഷേകം ചെയ്തു.

ഇദ്ദേഹത്തിന്റെ നിയമനം സുറിയാനിക്കാർക്കു പൊതുവെ ആഹ്ലാദജനകമായിരുന്നു. മാത്തോമ്മായുടെ കീഴിൽ നിന്നിരുന്ന പല പള്ളികളും മാർ അലക്സാണ്ടരെ തങ്ങളുടെ മേലദ്ധ്യക്ഷനായി സ്വീകരിച്ചു. കേരളത്തിലെ സുറിയാനിപ്പള്ളികളിൽ 30 മാത്രമേ ശീശ്മ ഉപേക്ഷിക്കാതെ നിന്നിരുന്നുള്ളു. കാൽ നൂറ്റാണ്ടിലേറെ ചാണ്ടി മെത്രാൻ കേരള സഭയെ ഭരിച്ചു. 1687 ഡിസംബർ 23-ാം തീയതി അദ്ദേഹം നിര്യാതനായി എന്നാണു ബല്ലാർദച്ചൻ രേഖപ്പെടുത്തിയിരിക്കുന്നതു്. എന്നാൽ 1692 വരെ അദ്ദേഹം ജീവിച്ചിരുന്നുവെന്നാണു് ഫാദർ ഫെറോളിയുടെ അഭിപ്രായം.

25 വർഷം ദീർഘമായ ഒരു കാലഘട്ടമായിരുന്നല്ലോ. ആ കാൽ നൂറ്റാണ്ടിനിടയ്ക്കു് മഹാനായ അദ്ദേഹം കേരള സഭയ്ക്കു വേണ്ടി എന്തെല്ലാം ചെയ്തു? ഈ ചോദ്യത്തിനുത്തരം ഇന്നും അജ്ഞാതമായിട്ടാണിരിക്കുന്നതു്. കേരള സഭയുടെ അഭിമാന ഭാജനമായ അദ്ദേഹത്തെപ്പറ്റി വളരെ കുറച്ചു വിവരങ്ങൾ മാത്രമേ നമുക്കു് അറിയുവാൻ കഴിഞ്ഞിട്ടുള്ളു. അദ്ദേഹത്തിന്റെ ചരിത്രം സംബന്ധിച്ച രേഖകളധികമൊന്നും കേരളത്തിൽ അവശേഷിച്ചിട്ടില്ല. എന്നാൽ റോമിലെയും ലിസ്ബണിലേയും പുരാതന രേഖാശേഖരങ്ങൾ പരിശോധിച്ചാൽ അദ്ദേഹത്തെപ്പറ്റിയുള്ള പല വിവരങ്ങളും ലഭിക്കാതിരിക്കുകയില്ല. അദ്ദേഹത്തിന്റെ ശത്രുക്കളും മിത്രങ്ങളുമായി കേരളത്തിലുണ്ടായിരുന്ന മിഷനറിമാർ അയച്ചിട്ടുള്ള കത്തുകൾ, അദ്ദേഹം തന്നെ റോമിലേക്കയച്ചിട്ടുള്ള റിപ്പോർട്ടുകൾ, കർമ്മലീത്താ മിഷനറിമാരുടെ പ്രവർത്തന റിപ്പോർട്ടുകൾ മുതലായവ പരിശോധിച്ചാൽ ആവശ്യമായ വിവരങ്ങൾ ലഭിക്കാതിരിക്കുകയില്ല. പക്ഷേ തങ്ങളുടെ അഭിമാന ഭാജനമായ ആ പിതാവിന്റെ ഒരു ചരിത്രം എഴുതേണ്ടതാണെന്നോ, അദ്ദേഹത്തിന്റെ ഓർമ്മ നിലനിറുത്തേണ്ടതാണെന്നോ അദ്ദേഹത്തിന്റെ അനന്തരഗാമികൾക്കു് ഇനിയും തോന്നിയിട്ടില്ലായെന്നതു ലജ്ജാകരമായ ഒരു വസ്തുതയാകുന്നു.

കേരള സഭയെ ഭരിച്ചിരുന്ന ബാബേൽക്കാരായ മെത്രാന്മാർ ഇൻഡ്യാ ഒക്കെയുടെയും മെത്രാ

പ്പോലീത്താ എന്ന സ്ഥാനമാണ് വഹിച്ചിരുന്നത്. ഗോവാ ഒരു അതിമെത്രാസനമായി ഉയർത്തപ്പെട്ടതിനുശേഷവും ആ സ്ഥാനം അവർ വഹിച്ചുപോന്നു. എന്നാൽ 1599-ലെ ഉദയംപേരൂർ സൂനഹദോസിൽ വെച്ച് അങ്കമാലി അതിമെത്രാസനത്തെ ഒരു മെത്രാസനമാക്കി തരംതാഴ്ത്തി ഗോവായ്ക്കു വിധേയമാക്കിയ വസ്തുതകളിൽ സൂചിപ്പിച്ചുവല്ലോ. റോസ് മെത്രാന്റെ പരിശ്രമഫലമായി കൊടുങ്ങല്ലൂർ അതിരൂപത പുനഃസ്ഥാപിതമായി. എങ്കിലും അദ്ദേഹമോ തുടർന്നുവന്ന ജസ്വീറ്റു വൈദികാദ്ധ്യക്ഷന്മാരോ ഇൻഡ്യാ മുഴുവനിലുമുള്ള ഭരണം അവകാശപ്പെട്ടിരുന്നില്ല. പറമ്പിൽ ചാണ്ടി മെത്രാനെ മെഗാറായുടെ സ്ഥാനിക മെത്രാനായിട്ടാണ് അഭിഷേചിച്ചതെങ്കിലും അദ്ദേഹം അഖിലേന്ത്യായുടെയും മെത്രാപ്പോലീത്തായെന്ന സ്ഥാനമാണ് സ്വീകരിച്ചിരുന്നത്. ചാത്യാത്തുപള്ളിസ്ഥാപനം സംബന്ധിച്ചു നൽകപ്പെട്ട കല്പനയിൽ അദ്ദേഹം ഒപ്പു വെച്ചിരിക്കുന്നതു് അഖിലേന്ത്യായുടെയും മെത്രാപ്പോലീത്താ എന്ന പേരിലാണ്. ഒരു പക്ഷെ വ്യാപകമായ ആ സ്ഥാനം സ്വീകരിച്ചിരുന്ന അവസാനത്തെ കേരളീയ വൈദികാദ്ധ്യക്ഷനും അദ്ദേഹമായിരുന്നിരിക്കണം.

മലങ്കരസഭ ഒന്നായിക്കാണുന്നതിനു് ആഗ്രഹിക്കുകയും അതിനായി ഭഗീരഥയത്നം നടത്തുകയും ചെയ്ത മഹാനായ ആ വൈദികശ്രേഷ്ഠനെ സാദരം ഞങ്ങൾ സ്മരിക്കുന്നു. സൈക്യപ്രസ്ഥാനത്തിലെ ഒരു വീരഭടനായ അദ്ദേഹത്തിന്റെ ഓമ്മ ഭിന്നിച്ചുപോയ സഹോദരന്മാർ ഒന്നിക്കുന്നതിനും കേരള സഭ അതിന്റെ പുരാതന മഹത്വത്തിലേക്കു വീണ്ടും പ്രവേശിക്കുന്നതിനും സഹായിക്കുമാറാകട്ടെ.

രണ്ടാം വർഷം

പരിഷത്തു് രണ്ടാം വയസ്സിലാണിപ്പോൾ, പബ്ലിസിറ്റി മനഃപൂർവ്വം നൽകാതിരുന്നതാണ്. തുടങ്ങിയ അന്നുതന്നെ പലരും ചോദിച്ചു, കേരളീയരുടെ എല്ലാ സംരംഭങ്ങളും പോലെ ആരംഭശൂരത്വമായിട്ടിതും കലാശിക്കുമോയെന്നു്. വയസ്സിനൊത്ത വളർച്ചയല്ലാത്തതാണ് പൊതുരോഗമെന്നും അതു കണ്ടു കൊണ്ടാണ് ഒച്ചപ്പാടിൽ നിന്നും പ്രദർശനത്തിൽ നിന്നും മാറി നില്ക്കുന്നതെന്നും, സാവധാനം പോയാൽ മതി, പക്ഷേ തുടങ്ങിയാൽ അതു കൊണ്ടു പോകുക തന്നെ ചെയ്യുമെന്നും അന്നേ വിശദമാക്കിയിട്ടുള്ളതാണ്. 1957 മുതൽ അല്പാല്പമായി പണി നടന്നുകൊണ്ടിരുന്നു. അതിനുശേഷം ജനിച്ച പലതും മഹാകാരം പ്രാപിച്ചു് കെട്ടടങ്ങിയതു കണ്ടപ്പോൾ നവജീവപരിഷത്തിനു തോന്നി, സ്വന്തം കാൽ വയ്ക്കു് എത്ര സൂക്ഷിച്ചായിരുന്നുവെന്നു്.

സ്വയം പര്യാപ്തത നമ്മുടെ സമുദായത്തിന്റെ പ്രത്യേക ലക്ഷണമാണ്. ബുദ്ധിമുട്ടാനും കഷ്ടപ്പെടാനും മടിയില്ലാത്തതു കൊണ്ടും എത്തുസാഹസത്തിനും തയ്യാറുള്ളതു കൊണ്ടും സ്വാഭാവികമായി സ്വന്തം കാലിൽ നില്ക്കാൻ നമുക്കു സാധിക്കും; ഏതു പ്രതികൂല സാഹചര്യത്തെയും അതിജീവിക്കയും ചെയ്യും. ദൈവ പരിപാലനയുടെ വലംകൈ നമ്മുടെ മിതെ വിരിച്ചുപിടിച്ചിരിക്കുന്നതു കാണുവാൻ നമുക്കു സാധിക്കുന്നതുകൊണ്ടാണ്, നിത്യമായവയെപ്പറ്റി ദൃഢബോധമുള്ളതുകൊണ്ടാണ്, നമുക്കു് ഇന്നുള്ള വളർച്ചയും വീര്യവും വിക്ഷണവും ആദർശമഹത്വവും കൈവന്നിട്ടുള്ളതു്. അതുകൊണ്ടുതന്നെയാണ് ബഹുലോകത്തിന്റെ പ്രശംസയ്ക്കും ആദരാഭിവന്ദനങ്ങൾക്കും നാം പാത്രമായിരിക്കുന്നതു്. കുഞ്ഞുങ്ങൾ ആരോഗ്യമായ അന്തരീക്ഷത്തിൽ, നല്ല പോഷണം കിട്ടി വളർന്നു വരണം; ചെറുപ്പക്കാർ കായ്യക്ഷമരായി, സേവനത്തിനുപറ്റിയവരായി പരിശീലിപ്പിക്കപ്പെടണം, കഴിവുകൾ വികസിപ്പിക്കപ്പെടണം, സായുധരാക്കപ്പെടണം, കൈയ്യിൽ കോപ്പുള്ളവരാകണം; പകപതികളായ, പാകതവന്ന നേതാക്കന്മാർക്കു ക്ഷാമമുണ്ടാകാൻ അപ്പോൾ ഇടവരുന്നതുമല്ല. Mature elders to inspire conviction and instill stamina. നവജീവപരിഷത്തു് ആരംഭിച്ചതിനു പിന്നിലുണ്ടായിരുന്ന ആശയങ്ങളാണിവ. അതു സഫലമാകുവാനുള്ള ഉപാധിയായിട്ടാണ് മലങ്കര ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്തിരിക്കുന്നതു്. 25 ലക്ഷം നസ്രാണികൾക്കും മലങ്കരയും മാതൃഭാഷയും മെത്രാപ്പോലീത്തായും അഭിമാനമാക്കണം, കുരിശും കുർബ്ബാനയും, തിരുസഭയും ആഷ്ടഭാരതവും .....എല്ലാവരുടെ നാഡിയിൽ കൂടെ ചലിച്ചുകൊണ്ടാണിരിക്കുന്നതു്.

നമുക്കിന്നു് ഒരു നേതാവില്ലെന്നു് ഏവർക്കുമറിയാം. നേതാവില്ലെങ്കിലും ഏതെങ്കിലുമൊരു നേതൃത്വമുണ്ടായിരുന്നെങ്കിൽ അത്യാവശ്യത്തിനുതകുമായിരുന്നു. അതുപോലുമില്ലാത്ത അവസ്ഥയിൽ എല്ലാവരും കണ്ണുമിഴിക്കുകയാണ്. എന്തെങ്കിലും ചെയ്യുകാണാനാഗ്രഹിക്കാത്തവരായിട്ടാരുമില്ല. പാകതയില്ലാത്തവർ—കഴിവില്ലാത്തവരും പരിശീലനം കിട്ടാത്തവരും—നേതൃസ്ഥാനത്തു് ഇരുന്നതുമൂലമുണ്ടായിട്ടുള്ളതുമാണ് ഇന്നത്തെ കഷ്ടാ

വസ്ഥ. സമുദായം എന്തെന്നു്, തങ്ങൾ ഏതൊന്നിന്റെ സാരഥ്യം വഹിക്കുന്നുവെന്നു് അറിഞ്ഞിട്ടുവേണ്ടേ പ്രവർത്തിക്കുവാൻ.

തനിയ്ക്കു താനും പുരയ്ക്കു തൂണും

നമ്മുടെ ശബ്ദം ഇന്നു ശ്രദ്ധിക്കപ്പെടുന്നില്ലെങ്കിൽ, നമ്മുടെ നേട്ടങ്ങളും കഴിവുകളുമൊക്കെ ചൂഷണം ചെയ്യപ്പെടുകയാണെങ്കിൽ, നാം അവഗണിക്കപ്പെട്ടിരിക്കുകയാണു എങ്കിൽ, അതു് നമ്മുടെ സമുദായത്തെ പ്രതിനിധീകരിക്കാനോ അവ്വിധം സംസാരിക്കാനോ പ്രയത്നിക്കാനോ ആളില്ലാതെ പോകുന്നതുകൊണ്ടാണെന്നു് ഇനിയെങ്കിലും നാം ധരിക്കണം. നേതൃത്വം പോയിട്ടു പ്രാതിനിധ്യംപോലുമില്ലാത്ത ദുരവസ്ഥയ്ക്കു കാരണമെന്തെന്നു് ആലോചിക്കണം. അതു നീക്കാനുള്ള മാർഗ്ഗം കണ്ടുപിടിക്കയും വേണം. പല കാര്യങ്ങളിലും നാം അജ്ഞരാണു്. അതിനു് അറിവു സമ്പാദിച്ചു് പ്രതിവിധി കാണുക. നമ്മുടെ സംസ്കാരത്തെപ്പറ്റി ബോധമില്ലാതെയാണു് നമ്മുടെ ജീവിതം. അതു നമ്മെ ആവരണം ചെയ്തക്ക സൗകര്യങ്ങളുണ്ടാക്കുക, വഴി തുറന്നിടുക. സ്വാതന്ത്ര്യത്തിൽ ആണ്ടുപോകുന്നതുകൊണ്ടാണു സേവനത്തിൽ കുറവു വരുന്നതു്; സേവനം ജീവിത വ്രതമാക്കുക. സേവനമാണു് മനുഷ്യ മാഹാത്മ്യത്തെ അളക്കുന്ന മാനദണ്ഡം. സെക്കുലറിസവും നിഷ്പക്ഷതാമനോഭാവവും നമ്മെ പിടിച്ചമർത്തിയിരിക്കുന്നതിനാൽ നാം ഇന്നു് നിർജ്ജീവരാണു്. സഭയെപ്പറ്റിയുള്ള അറിവുകേടാണു് ഇന്നത്തെ ഏറ്റവും വലിയ കെടുതി. ആ സ്ഥതിയ്ക്കു് സഭയ്ക്കു് വളച്ചു് ഉണ്ടാകാത്തതിലും ജീവനില്ലാത്തതിലും മനുഷ്യരിൽ സ്വാധീനമില്ലാതെപോകുന്നതിലും ആശ്ചര്യപ്പെട്ടിട്ടു കാര്യമില്ല. സംഘടനാതലത്തിൽ ക. കോൺഗ്രസ്സു പരാജയപ്പെട്ടു; സംസ്കാര ലവലിൽ വിദ്യാലയ പ്രവർത്തനം ഒട്ടും തന്നെ സമുദായ വളച്ചയെ സ്പർശിച്ചില്ല. മിഷൻ പ്രവർത്തനം ഇമിറേഷനായി കഴിയുന്നതേയുള്ളു, മിഥ്യാധാരണകൾ പലതു നീങ്ങാനുമുണ്ടു്. സഭയുടെ ഘടനയും പ്രവർത്തനരീതിയും പരിശോധിക്കാൻ മാത്രം ആരും മിനക്കെടാറില്ല. സഭാംഗങ്ങളാണു് സഭയെന്നും വ്യക്തികൾക്കു ചെയ്യാവുന്നതു് സമൂഹം ഏറെറടുക്കരുതെന്നും, കീഴിലുള്ളവർക്കാവുന്നതു് മേലുള്ളവരല്ല ചെയ്യേണ്ടതെന്നും സഭയെപ്പറ്റിയുള്ള ഉത്തരവാദിത്വം എല്ലാവർക്കുമുള്ളതാണെന്നും അധികാരം സേവനത്തിനുവേണ്ടിയാണെന്നും ഗ്രഹിച്ചു പ്രവർത്തിച്ചുവന്ന കാലങ്ങൾ ഇന്നിനി വരാത്തവിധം അന്തർധാനം ചെയ്തെന്നും ഇനി നല്ലകാലം വേണമെന്നുണ്ടെങ്കിൽ ആധുനിക രണത്തിനു് സുനഹദോസു് കരുതുന്ന മാർഗ്ഗങ്ങൾ തന്നെ നമുക്കും എടുത്തു നോക്കുകയേ ഒരു രക്ഷാമാർഗ്ഗമായി ശേഷിച്ചിട്ടുള്ളുവെന്നും മനസ്സിലാക്കാനുള്ള സമയമാണിതു്. സഭയുടെ ആന്തരികമായ ഘടന സസൂക്ഷ്മം പരിശോധിക്കുകയും അവളുടെ യഥാർത്ഥവും മൗലികവുമായ ഘടന വെളിപ്പെടുത്തുകയും ആത്മരക്ഷയിലുള്ള ബഹുവിധങ്ങളായ ദൗത്യം വിശദമാക്കുകയും ചെയ്തക്കവിധം അവ പ്രഖ്യാപിക്കുകയും ചെയ്യുകയാണു് സുനഹദോസു് രണ്ടാം സമ്മേളനത്തിന്റെ പ്രധാന ചുമതലയെന്നു് ഉൽഘാടന പ്രസംഗത്തിൽ മാപ്പാപ്പാ വ്യക്തമാക്കിയിരുന്നു. ഇവിടത്തെ കത്തോലിക്കാസഭ ചെയ്യാനുള്ളതും മറേറതുമല്ല. സഭയെപ്പറ്റി കായ്വിവരമുണ്ടാകുമ്പോൾ കാണാം സഭതന്നെയാണു് ഏറ്റം വലിയ സംഘടനയെന്നു്, സഭതന്നെയാണു് സമുദായമെന്നു്, അതിന്റെ ഭരണരീതിയോട്ട കിടപിടിക്കത്തക്കതായൊന്നുമില്ലെന്നു്, ഒരു സമുദായ ഭരണമല്ല, രാജ്യഭരണമൊന്നും തന്നെ ഇതിനോട്ട സാമ്യപ്പെടുത്തിക്കുടെന്നു്.

കുറുകൾ തമ്മിലകൽ ചയുണ്ടോ?

നസ്രാണി സമുദായം ഇന്നു പല തട്ടുകളിലായി കഴിഞ്ഞുകൂടുകയാണു്. വരാപ്പുഴ നിന്നു് പഴയക്കുറുകാരുടെ മേൽ കർന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പത്രോസു് പാത്രിയാക്കിസു് വന്നു് അറബി മുറകൾ പലതും പുത്തൻകുറുകാരുടെ മേൽ കെട്ടിയേല്പിച്ചു. നവീകരണക്കാർ വിശ്വാസസംബന്ധമായ വ്യതിയാനങ്ങളോടെ അങ്ങുമാറി. ഇങ്ങനെ ഇന്നത്തെ രീതിയിൽ ഏകദേശം കത്തോലിക്ക യാക്കോബായ മാത്തോമ്മാ എന്ന മൂന്നു മുഖം മൂടികൾ ധരിച്ചു കൊണ്ടു് പരസ്പരം അറിയാത്തവരെപ്പോലെ നടക്കാൻ തുടങ്ങിയിട്ടു് ഇനിയും നൂറു വർഷമായിട്ടില്ല. അതും കഴിഞ്ഞു് വളരെ ചെന്നശേഷമാണു് തൃശ്ശൂർ വിഭാഗം രൂപമെടുത്തതു്. ഒരേ ഒരു സമുദായമാണെന്നു് എല്ലാവർക്കും ബോദ്ധ്യമുണ്ടു്; മാറിയകന്ന കഴിയുന്നമെന്നാഗ്രഹിച്ചിട്ടല്ല അങ്ങനെ നിന്നുപോന്നതും. വാസ്തവത്തിൽ പാശ്ചാത്യരുടെ അക്രമാസക്തിയും മിഷനറിമാരുടെ രാഷ്ട്രീയ വേഷ്യയും കൊളോണിയൽ ആദർശവുമാണു് ഇത്രയേറെ നാശങ്ങൾക്കു കാരണമായിട്ടുള്ളതു് എന്നു പറയുന്നതിനു് ഒട്ടും തന്നെ മടിച്ചിട്ടു കാര്യമില്ല. വന്നതു വന്നു. നല്ല കാറ്റു വീശിത്തുടങ്ങിയിട്ടുള്ള ഇന്നു്, ഇപ്പോൾ നിലവിലുള്ള അനാരോഗ്യ സ്ഥിതിവിശേഷത്തിനെന്തു പരിവർത്തനം വരുത്താമെന്നു ചിന്തിച്ചിട്ടു മാത്രമേ കാര്യമുള്ളു. ഒരേ മാംസവും മജ്ജയുമെന്ന വിചാ

രത്തോടെ പ്രവർത്തിച്ചു തുടങ്ങുക. എന്തു തന്നെ തെറ്റു ചെയ്തിരുന്നാലും "എന്റെ കുടപ്പിറപ്പ്" എന്ന വിചാരത്തിനു് എല്ലാം ക്ഷമിക്കാൻ കഴിയുമെങ്കിൽ, ഒരു തെറ്റും വരാത്തപ്പോൾ ഒരു പ്രശ്നവും അവശേഷിക്കുന്നില്ല. വെളിച്ചം കയറണം എന്നു മാത്രം. സ്ഥിതിവിവരങ്ങളും ചരിത്രവസ്തുതകളും ഈ പങ്കു വഹിച്ചുകൊള്ളും. സമീപനവും സൗഹാർദ്ദ സംഭാഷണവും ബാക്കി ശേഷിച്ചിരിക്കുന്നതും പൂർത്തിയാക്കിക്കൊള്ളും. നിധീരിക്കലച്ചൻ ജാതൈക്യ സംഘമുണ്ടാക്കി; അതു വിജയിച്ചില്ല. ദീർഘനാളായി മാറിയകന്നു നിന്നു പോയതു കൊണ്ടു് കുറെ സാവകാശമെങ്കിലുമെയും ആവശ്യമാണു്. അതിനിടയിൽ ആഭ്യന്തരശുചീകരണവും ദൃഢീകരണവും എല്ലാവക്കും നടത്തുകയും ചെയ്യാം.

പഴയകൂറുകാർ പാലാ, ചങ്ങനാശേരി, കോതമംഗലം, എറണാകുളം, തൃശ്ശൂർ, തലശ്ശേരി എന്ന ആറു സംസ്ഥാനങ്ങളായി കഴിയുന്ന, കേന്ദ്രഭരണമില്ലാതെ പാരംപര്യാധിനതയനുഭവിക്കുന്നുണ്ടെങ്കിലും, ഈ വ്യവസ്ഥയിൽപ്പോലും അഭ്യസൂയാവഹമായി മുന്നേറാം. പള്ളിയോഗം, കൈസ്ഥാനം. വികാരിത്തം ഇവയുടെ കാര്യക്ഷമത ഇന്നുള്ളവർക്കു് അറിഞ്ഞുകൂടെങ്കിൽ അവയൊന്നും ഇന്നു പ്രവർത്തനക്ഷമമല്ലെന്നേ അർത്ഥമുള്ളൂ. അരോമനിക്കു പള്ളിഭരണത്തിൽ എന്തുകാര്യം? കൂടിപ്പോയാൽ യോഗത്തിൽ അഭിപ്രായം പറയാം; വൈദികരിലാണു് അധികാരം നിക്ഷിപ്തമായിരിക്കുന്നതു്. കൈക്കാരന്മാർ വികാരിയുടെ നിർദ്ദേശം അനുസരിക്കയേ വേണ്ടൂ. പാശ്ചാത്യരുടെ റോമൻമോഡൽ ഭരണമാണിതു്. എന്തെല്ലാം വക്കാണത്തിനാണിതിടയാക്കിയിട്ടുള്ളതു്? പള്ളിഭരണം അധോഗതി പ്രാപിക്കുകയും ചെയ്തു. ഇടവകയുടെ കാര്യത്തിൽ ആക്ഷം ഉത്തരവാദിത്വ വിചാരമില്ലാതായി എന്നതു മാത്രം മിച്ചം. ഇന്ത്യൻ പ്രസിഡന്റാണു് സംസ്ഥാന ഗവണ്മെന്റർമാരെ നിയമിക്കുന്നതു്, സംസ്ഥാന ഭരണം നടത്തുവാൻ. എങ്കിലും ഒരു ഗവണ്മെന്റും മന്ത്രിമാരെ വട്ടം തട്ടാറില്ല, ഇച്ഛാനുസരണം നടത്താറുമില്ല. മറിച്ചു മന്ത്രിമാരാണു ഭരിക്കുന്നതും ഗവണ്മെന്റെ ഉപദേശിക്കുന്നതും. അവരെ നിയന്ത്രിക്കാനാണു് അസംബ്ലി. എല്ലാറ്റിനും മുകളിൽ കേന്ദ്രഗവൺമേൻറും, നിയമവാഴ്ചയുടെ കാവൽക്കാരായി ജൂഡീഷറിയും. യോഗവാഴ്ചയും ട്രസ്റ്റീഭരണവും വൈദികനേതൃത്വവും അതെല്ലാം സുരക്ഷിതമാക്കുന്ന മലങ്കര കാനോനകളുമുള്ള നസ്രാണികൾക്കു് ഒരു നേതാവിനും നേതൃത്വത്തിനും വേണ്ടി ഓടി നടക്കേണ്ട കാര്യമില്ല. സകല അധികാരങ്ങളുമുള്ള ഒരധിപനാണു മെത്രാൻ, പുത്രവാത്സല്യമുള്ള പിതാവാണദ്ദേഹം, ജാഗ്രതയുള്ള ഇടയനുമാണു്. ക്യാബിനറിന്റെ സ്ഥാനത്തു് ശ്രുപതാകൗൺസിലും, എക്സിക്യൂട്ടീവായി സുന്നേല അഥവാ ചാൻസലർ (വികാരിജനറാൾ) ഉണ്ടു്. പണ്ടൊക്കെ ശ്രുപതകളിൽ സൂനഹദോസും നടത്തിയിരുന്നു. സ്വയംഭരണം കിട്ടിയ ശേഷം നമ്മുടെ മെത്രാന്മാരുടെ ശ്രദ്ധ അക്കാര്യത്തിലായിരുന്നെന്നു് റോമിലേക്കയച്ച അവരുടെ നിവേദനവും ചങ്ങനാശേരിയിൽ കൂടിയ സൂനഹദോസും തെളിയിക്കുന്നുണ്ടു്. ഇന്നക്കാര്യം ആക്ഷം അറിഞ്ഞുകൂടാ. പള്ളിപ്രതിനിധികളുടെ സമ്മേളനം ആണ്ടിലൊരിക്കൽ കൂടിയാലെന്താ? അതു് സാക്ഷാൽ അസംബ്ലിയായിരിക്കും. ശ്രുപതകളെല്ലാം കൂടി പ്രതിനിധികളെ അയച്ചു ഒരു പാർലമെൻറു പോലെ, സൂനഹദോസുപോലെ രണ്ടോ മൂന്നോ കൊല്ലത്തിൽ (പ്രത്യേക സന്ദർഭങ്ങളിലും) ഒന്നു കൂടുന്നതിൽ അപാകത വല്ലതുമുണ്ടോ? എന്തു തടസമാണുള്ളതു്? ഊഹാതീതമായ ഫലമുണ്ടാകാനാണിടയുള്ളതും. ആക്ഷം അങ്ങനെയൊരു വിചാരം വരാത്തതു് ആശ്ചര്യകരം തന്നെ. അകത്തോലിക്കാസഭകളെപോലെ ആയേക്കുമോ എന്നു പേടിക്കുന്നവർ, സഭയുടെ സ്വഭാവവും ആദർശവും പ്രവർത്തനരീതികളും പഠിച്ചു മനസിലാക്കണമെന്നേ പറയാനുള്ളൂ. ഇതൊന്നു പരിക്ഷിച്ചാൽ പിന്നെ നിരാശയ്ക്കു സ്ഥാനമുണ്ടാകയില്ല; ഏറ്റം കാര്യക്ഷമമായി കാര്യങ്ങൾ മുന്നോട്ടു നീങ്ങുന്നതു കാണുകയും ചെയ്യും. സ്ഥിരമായ, ജനായത്ത രീതിയിലുള്ള ദൈവഛായ നിഴലിക്കുന്ന, വൈദിക മേൽനോട്ടമുള്ള സമുദായ ഭരണരീതി ഇങ്ങനെ നമുക്കുള്ളപ്പോൾ അതു കാണാതെ ഇമിറേഷൻ സമുദായ സംഘടനയ്ക്കു വേണ്ടി ശബ്ദിക്കയും നിലവിളിക്കയും പരവശപ്പെടുകയും ചെയ്യുകയാണു്. അതു കാണുന്ന മറു സമുദായക്കാർക്കു് പുച്ഛമേ ഉണ്ടാകൂ. സംഘടനയോ ഭരണരീതിയോ ഒന്നുമില്ലാതിരുന്ന അവർ നമ്മെ അനുകരിച്ചാണു് ഇന്നത്തെ നിലയിലായിട്ടുള്ളതു്. ഇനി നാം അവരെ അനുകരിക്കാൻ ബദ്ധപ്പെടുകയാണത്രെ.

യോഗവാഴ്ച നസ്രാണിസംസ്കാരത്തിന്റെ വലിയൊരു സംഭാവനയാണു്. സഭയെ, സമുദായത്തെ, സംബന്ധിച്ചടത്തോളം കുടുംബവും ഇടവകയും, സുഗമമായ പുരോഗതിയ്ക്കുള്ള രണ്ടു ചക്രങ്ങളാണു്. ഇവയുടെ സുസ്ഥിതിയിലാണു സമുദായത്തിന്റെ മേൽഗതി നിൽക്കുന്നതു്. എന്നാൽ ഇന്നു നമ്മുടെ ഇടവകകളിൽ കിടപ്പാടവും തൊഴിലുമില്ലാതെ, വിവാഹത്തിനും വിദ്യാഭ്യാ

NAVAJEEVA PARISHATH

Navajeeva Parishath is an association exclusively for the Nasrani Community, of men above twenty one years of age (preferably family representation). A revival of our Church with special stress on our cultural heritage, social and domestic problems, and missionary enterprises is the special objective. Our attempt would be: 1) to create a Christian atmosphere in our parishes, 2) to keep contact with our families and deal with domestic problems, 3) to make an approach to our separated brethren (Jacobite, Marthoma, C. S. I., Surai, Anjoor.) through personal contact and the distribution of pertinent literature, and 4) to give special attention and service to our people settled or employed abroad.

To Serve, Mould, and Guide Our People–is our motto.

In particular we have to collect and conserve the rare relics of antiquity and thus start a museum, a good library, and an office. NASRANI a termly publication will be our organ.

സത്തിനും മാഗ്ര മില്ലാതെ, ജീവിതച്ചുഴിയിൽ പെട്ടപോയവരെ ആരോക്കുന്നുണ്ട്? അവരോട് സഭയ്ക്കുള്ള കടപ്പാടെങ്ങനെ? പ്രത്യേക ഉദ്ദേശ സാദ്ധ്യത്തിനു് സവ്വീസു് സൊസൈറ്റികളുമുണ്ടു്. സ്ത്രീകൾക്കും, പുരുഷന്മാക്കും, അത്മായക്കും വൈദികക്കും, ഗാഹികവും, തൊഴിൽപരവും, സാമൂഹ്യവും, മതാത്മകവും, ഭക്തിപരവുമായിട്ടിന്നുള്ള സന്നദ്ധ സംഘങ്ങളൊക്കെ അലങ്കാരവസ്തുക്കളോ ഫോർമാലിറ്റികളോ ആയി കിടക്കുകയല്ല വേണ്ടതു്. കാവ്യക്ഷമമായ പ്രവത്തനം വഴി, സഹകരിച്ചുള്ള പ്രവത്തനം വഴി സമുദായത്തെ പുരോഗമിപ്പിക്കുവാൻ, സഭ വളരുവാൻ സാഹചവ്യമുണ്ടാക്കുകയാണു് ചെയ്യേണ്ടതു്. കുടുംബങ്ങളെപ്പറ്റി അന്വേഷിക്കാൻ നേതാക്കന്മാർ ശ്രദ്ധിക്കുമെങ്കിൽ ഒന്നൊഴിയാതെ എല്ലാ കുടുംബങ്ങൾക്കും സമുദായ കാവ്യത്തിൽ, സഭാകാവ്യത്തിൽ പ്രതിപത്തിയുണ്ടാകും. അപ്പോൾ സമുദായം പ്രവത്തനസന്നദ്ധമായിത്തീർന്നിട്ടുണ്ടെന്നു പറയുകയും ചെയ്യാം. വഴി തെറ്റിപ്പോകുന്നതു കാണാതിരുന്നാൽ മതിയോ? ആരുടേയും കറുത്ത മുഖം കാണണ്ടാ, അലോഹ്യത്തിനിട കൊടുക്കാതെ കാവ്യങ്ങൾ നിങ്ങിക്കിട്ടിയാൽ മതിയെന്ന രീതിയിൽ പലരും ചിന്തിക്കുന്നതായി തോന്നിപ്പോകും. ആവശ്യങ്ങളും അഹ്തകളും മനസ്സിലാക്കാനും മനസ്സിലാക്കുന്ന കാവ്യങ്ങൾ നടപ്പിൽ വരുത്താനും അതിനുവേണ്ടി വൈഷമ്യങ്ങൾ സഹിക്കാനും നീതിയെ പ്രതിപാടുപെടുവാനും സമൂഹത്തെ പ്രതിനിധീകരിക്കാനും അഹ്തകൾ അംഗീകരിക്കപ്പെടാനും അവകാശങ്ങൾ നേടിയെടുക്കാനുമെല്ലാമാണു് നേതാക്കന്മാർ. പക്ഷേ ഇന്നു്? വീട്ടിലെ കാവ്യം 'എന്റെ കാവ്യം' എന്നു് ഓരോരുത്തരും കരുതും. 'എല്ലാവരുടേയും കാവ്യം ഞാനാണു നോക്കേണ്ടതു്' എന്നു് കൂട്ടുബ നാഥനും വിചാരിക്കും. ആ രീതി വരാതെ സഭയെക്കുറിച്ചു്, സമുദായത്തെക്കുറിച്ചു് ആശയ്ക്കു വകയില്ല. ഓരോ ഇടവകയിലും എത്രാനും പേർ മാത്രമെങ്കിലും ആദർശമുള്ളവരും സഭയെ സ്നേഹിക്കുന്നവരും ഉണ്ടാകാതിരിക്കയില്ല. അങ്ങനെയുള്ളവരുടെ ഒരു അസോസ്യേഷൻ ഉണ്ടാക്കുവാനാണു് നവജീവപരിഷത്തിന്റെ ശ്രമം. അതു പ്രയോജനപ്രദമായ സമുദായ സംഘടനയായിരിക്കും.



നമ്മുടെ കുർബ്ബാന

"ശ്ലീഹാ, ലേ അൽ മൗഹൗസേ ദ്'ലാ മെസ് മല്ലാ".
"അവാച്യമായ ദൈവദാനത്തെക്കുറിച്ച് അവനു സ്തുതി".

നമ്മുടെ വി. കുർബ്ബാനയുടെ അന്തഃസത്തയിൽ പ്രകീർത്തിക്കുന്നതാണ് പ്രസ്തുത വാക്യം. വാസ്തവത്തിൽ ദൈവത്തിന്റെ അവാച്യ ദാനമാകുന്ന വി. കുർബ്ബാന «The Mass is the living summary of the Christian doctrine» ക്രിസ്തീയ സിദ്ധാന്തത്തിന്റെ സജീവ സംഗ്രഹമാകുന്ന വി. കുർബ്ബാന. «The school and source of the Christian life» ക്രിസ്തീയ ജീവിതത്തിന്റെ കളരിയും ഉറവിടവും «The centre of the Catholic life» കത്തോലിക്കാ ജീവിതചര്യയുടെ കേന്ദ്രവും «Our greatest treasure» നമ്മുടെ ഏറ്റം അമൂല്യ നിധിയും. «It is the Mass that matters» കുർബ്ബാന മാത്രം മുഖ്യം. തന്നിമിത്തം വി. ആഗസ്തീനോസ് സയുക്തികം സമർത്ഥിക്കുന്നു, സർവ്വജ്ഞനും സർവ്വശക്തനും സർവ്വസമ്പന്നനുമായ ദൈവത്തിനു വി. കുർബ്ബാനയെ അതിശയിക്കുന്ന ഒരു ദാനം നമുക്കു തരുവാൻ നിശ്ചയമായും സാദ്ധ്യമല്ലാ എന്ന്.

ഇനി നമ്മുടെ കർബ്ബാനയുടെ സവിശേഷതയെ സംബന്ധിച്ചു പറയുകയാണെങ്കിൽ ആശയങ്ങളുടെ ഗാംഭീര്യം, പ്രസാദം, സുഗമത, പദസാരള്യം, രചനാസൗഷ്ഠവം മുതലായ ഗുണങ്ങൾ നമ്മുടെ സുറിയാനിക്രമത്തിൽ നിരുപമമായി പരിലസിക്കുന്നുണ്ട്. വി. ഗ്രന്ഥവാക്യങ്ങളുടെ പുഷ്ടികൊണ്ട് മറ്റു ആരാധനക്രമങ്ങളെ ഇതു അതിശയിക്കുന്നുവെന്നു പറയാവുന്നതാണ്. മിശിഹായുടെ മനുഷ്യാവതാരം, മരണം, ഉത്ഥാനം, ആദിയായ മനുഷ്യരക്ഷാകർമ്മമാണ് (പ്'ക്കദ്'ലൻ ദ്'നേബദ് ഉഹദാനാ ദ് ഹഡ്ഡേ വദ്'മൗതേ, ഉദക്ക്'വുർതേ, ഉദക്ക്'യമ്'തേ.....) അതിലെ മുഖ്യ പ്രതിപാദ്യ വിഷയം, നമ്മുടെ കർബ്ബാന ക്രമത്തിന്റെ പരിഷ്കരണകർത്താവും പ്രസിദ്ധനും മഹാപണ്ഡിതനുമായ ഫാ. റാസ് എസ്. ജെ. സമർത്ഥിക്കുന്നു, നമ്മുടെ കർബ്ബാനയിലെ പവിത്രീകരണത്തിനു മുമ്പുള്ള പ്രാർത്ഥന മേല്പറഞ്ഞ ആശയങ്ങളിൽ ഏറ്റവും സമ്പന്നമെന്ന്. അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ ഇവിടെ ഉദ്ധരിക്കുന്നതു യുക്തമായിരിക്കും. «This ghanta (ഗ്'ഹാൻതാ) is the richest prayer in content» "അത്യന്തം അർത്ഥഗർഭമാകുന്ന ഈ പ്രാർത്ഥനയുടെ ഉള്ളടക്കം" «With few words the stupendous effects of the Incarnation and of the Redemption are brought to mind in striking contrasts». (An explanation of the Syro-Malabarese Holy Mass. (p. 32). "മനുഷ്യാവതാരത്തിന്റെയും രക്ഷണീയ കർമ്മത്തിന്റെയും ആശ്ചര്യകരഫലങ്ങളെ ചുരുങ്ങിയ വാക്കുകളിൽ ഈ പ്രാർത്ഥന വിസ്മയാവഹമായി നമ്മെ ഉൽബോധിപ്പിക്കുന്നു". ഒരു സംഗതി ഇവിടെ പ്രത്യേകം സ്മരിച്ചുകൊള്ളുന്നു. പരിശുദ്ധ കന്യകമറിയത്തിനു നൽകിയിരിക്കുന്ന വിശേഷണപദങ്ങളിൽ ഒന്നു- «Virgin most reflective» ഏറ്റവും ധ്യാനശീലയായ കന്യക- (C. B. Q. Jan. 1964. p. 45) എന്നിതാകുന്നു. എന്നാൽ എന്തായിരുന്നു അവളുടെ ധ്യാനവിഷയം. «The object of Mary's reflection in Luke II, 19 (മറിയം ഈ കാര്യങ്ങളെല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു) is titles given her child by the Angel (Luke II, 11) Soter and Christos Kurios the messiah-Lord. "മിശിഹാ കർത്താവായ രക്ഷിതാവു".....നിങ്ങൾക്കായി.....ഇന്നു പിറന്നിരിക്കുന്നു". ദൈവമായ മിശിഹായും മിശിഹായുടെ രക്ഷണീയകർമ്മവുമാണു നമ്മുടെ കർബ്ബാനയിലെ മുഖ്യ കാര്യം. എത്ര ഗഹനമായ വിഷയം. «These two notices are, (Luke II, 19-52) it is true, specially weighted. Each follows a messianic salvation as a divine work transcending human understanding». (ibi. p. 41)

ഇന്നു തിരുസഭയിൽ നിലവിലിരിക്കുന്ന പരസ്യാരാധന ക്രമങ്ങളിൽ സാഹിത്യമേന്മയുള്ള രണ്ടു ക്രമങ്ങൾ അർമേനിയനും കൽദായ സുറിയാനിയുമാകുന്നു. തന്നിമിത്തം, പ്രസന്നത, സുഗമത, പദസാരള്യം ആദിയായ ശബ്ദാലങ്കാരങ്ങൾ നമ്മുടെ കർബ്ബാനയിലെ സുറിയാനി പ്രാർത്ഥനകളിൽ കര കവിഞ്ഞൊഴുകുന്നുണ്ട്, ഉദാഹരണത്തിനു മുൻപു പറഞ്ഞ 'ഗ്'ഹന്താ' യിലെ ഒരു ഭാഗം ഉദ്ധരിക്കാം. (റം റെമ്'ത് ശെപ്പലൻ- വക്കിമ്'ത്

മപ്പൽതൻ- ഉനാഹമ്ത് മീസൂസൻ- വശ്വക്ക് ത് ഹൗബാസൻ- ഉസദ്ദെക്ത് ലഹത്തായൂസൻ- വന്ഹർത് ലീദാസൻ) താണ പോയ ഞങ്ങളെ നീ ഉയത്തി, വീണ പോയ ഞങ്ങളെ നീ പിടിച്ചു കയറി, മരിച്ചു പോയ ഞങ്ങളെ നീ ഉയപ്പിച്ചു, കടക്കാരായ ഞങ്ങളോട നീ ക്ഷമിച്ചു, പാപികളായ ഞങ്ങളെ നീ പരിശുദ്ധരാക്കി, ബുദ്ധിപൂവ്വമായ പ്രകാശനം ഞങ്ങൾക്ക നീ പ്രദാനം ചെയ്തു.

പൂവ്വികവും അതോടൊപ്പം ആധുനികവുമാണ നമ്മുടെ കുബ്ബാനക്രമം. വളരെ പുരാതനങ്ങളാണ അതിലെ ചില പ്രാത്ഥനകൾ. ആധുനികങ്ങളായ പല പരിഷ്കാരങ്ങളും അതിൽ യഥാക്രമം നിബന്ധിച്ചിട്ടണ്ടതാനും. അതിവിശിഷ്ടമാകുന്നു കൽദായ കുർബ്ബാനയുടെ ഘടന. തന്നിമിത്തം ലത്തീൻ കുർബ്ബാനയുടെ പരിഷ്കരണം മിക്കവാറും നമ്മുടെ കുബ്ബാനയുടെ രചനാരീതിയെ ആയിരിക്കും അവലംബിക്കുക എന്നാണ പണ്ഡിതമതം. ഇവയൊക്കയും തന്നെ നമ്മുടെ കുർബ്ബാനക്ക ലഭിച്ചിരിക്കുന്ന പ്രാമാണ്യത്തിന്റെ രഹസ്യം.

സജീവ ഭാഗഭാഗിത്വം

അദ്ധ്യാത്മ ജീവിതത്തിൽ ആദ്യകാലങ്ങളിലേപ്പോലെ ഇന്ന സ്ഥായിയായ സ്ഥിരത ഇല്ലെന്ന Abbot Marmion പറയുന്ന. We cannot help being struck by the fact that the spirituality of past times communicated a singular character of stability in its adepts» (Christ the ideal of the Monk. p. 123)പശ്ചാത്താപപരമായ ജീവിതചര്യയുടെ അഭാവമാണ് അതിന മുഖ്യകാരണം. «The reason of this vacilation is most often to be found in the lack of compunction». ഈ പശ്ചാത്താപചൈതന്യം ലഭിക്കുവാനുള്ള ഉത്തമമാർഗ്ഗം അനുദിനം വി. കുർബ്ബാനയിൽ സജീവമായി പങ്കുകൊള്ളുകയാകുന്നുവെന്ന അദ്ദേഹം ഉപദേശിക്കുന്ന. കാരണം, ഹൃദയ ദ്രവീകരണ നിപുണങ്ങളായ പല പ്രാത്ഥനകളും ലത്തീൻ കുർബ്ബാനയിൽ ഉണ്ട്. അതിനു നാലഞ്ച ഉദാഹരണങ്ങളാണ് അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നത്. പക്ഷെ നമ്മുടെ കുർബ്ബാനയിൽ അഞ്ചല്ല, പത്തല്ല വളരെ അധികം ഉദാഹരണങ്ങൾ ഉണ്ട്. ഏതു ഹൃദയത്തെയും ദ്രവിപ്പിക്കത്തക്കതാകുന്ന അവയിൽ ഓരോന്നും. അവയിൽ ചിലതു താഴെ കാണിക്കാം.

"ആശോദ് ക്ദാമാവു ലെബകോൻ" നിങ്ങളുടെ ഹൃദയം അവന്റെ സന്നിധിയിൽ ദ്രവിപ്പിക്കുവിൻ. *

"ബസ്ലോസാ ദ്കീസാ വവ്ഹശാ ദ്പൂർശാനാ....." നമ്മുടെ അപരാധങ്ങളിൽ നിന്ന് അകന്നും നമ്മുടെ പാപങ്ങളെപ്പറ്റി അനുതപിച്ചും സകലത്തിന്റെയും നാഥനായ ദൈവത്തോട് അനുഗ്രഹവും മേചനവും യാചിച്ചും മറ്റുള്ളവരുടെ അപരാധങ്ങളെ ക്ഷമിച്ചുകൊണ്ടും പശ്ചാത്താപത്തിന്റെ പ്രത്യാശയോടെ പരിപാവനമായ പ്രാത്ഥനയാലും വിശേഷവിധിയായ അനുതാപത്താലും തിരുസഭയുടെ പരമരഹസ്യങ്ങളിൽ നമുക്കു പങ്കു പറ്റാം".

എത്ര അലങ്കാരപുഷ്ടിയും ആശയ പ്രസാദവും തികഞ്ഞ പ്രാത്ഥനകൾ "ഉദയംപേത്രൂർ സൂനഹദോസിനുശേഷം നമ്മുടെ പിതാക്കന്മാർ ദീർഘനാളായി പാത്തിരുന്ന ഒരു വലിയ കാര്യമാണ നമ്മുടെ കുബ്ബാനയുടെ പുനരുദ്ധാരണം. അവർ ഇന്ന സ്വർഗ്ഗത്തിലിരുന്ന നമ്മുടെ പിതാവ് മാർതോമാശ്ലീഹായോടുകൂടി സന്തോഷിക്കുന്നുണ്ടാവണം".

"ദീല്കേൻ ദേൻ തുവൈഹോൻ ല്ഐനൈക്കോൻ ദ്ഹാദ്സ്യാൻ ഉലെദ്നൈക്കോൻ ദ്ലാമ്ആൻ (മത്താ. xiii.16) "ദർശിക്കുന്ന നിങ്ങളുടെ ദൃശ്നേന്ദ്രിയങ്ങളും ശ്രവിക്കുന്ന നിങ്ങളുടെ ശ്രവണേന്ദ്രിയങ്ങളും ഭാഗ്യമുള്ളവ".

–ഫാ. സെബാസ്റ്റ്യൻ ജെറോം സി. എം. ഐ.

---

* ഈ ഭാഗം പ്ശീത്തായിലെ 'ഏറമ്യായുടെ വിലാപം'– അ. II വാ. 19. സങ്കീത്തനം LXII– വാ. 9 എന്നീ വി. ഗ്രന്ഥ വാക്യങ്ങളിൽ നിന്ന് ഉദ്ധരിച്ചു ചേത്തതാകുന്നു. പ്രകൃതത്തിൽ ഏറമ്യയുടെ പ്ശീത്താ വിവത്തനത്തെപ്പറ്റി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. "The Pshitha translation seems to be based on a Hebrew text almost identical with the masoretic.....The Syriac translator attempted to produce a clear and intelligible version.....It seems, too, that the Syriac translator did not consult nor depend upon the LXX".
(Studies in the text and theology of the Book of Lamentations with a critical edition of the Pshitha text).
The Catholic Biblical Quarterly, Jan. 1964. p.99.

അലക്സാണ്ടർ മെത്രാപ്പോലീത്താ ദ്കോൽ ഹെന്തോ

1652, പ്രത്യാശയുടെ വത്സരം. ഒരു മെത്രാപ്പോലീത്താ വന്നകഴിഞ്ഞിരിക്കുന്നു! മൈലാപ്പൂരിൽ നിന്നു എഴുതി അറിയിച്ചപ്രകാരം കൊച്ചിയിൽ എത്തിയിരിക്കുന്നു. നസ്രാണിസമുദായത്തിലെ ഉത്സാഹം അലതല്ലുകയായി. ആരവാരത്തോടെ കൊച്ചിയിലേക്കു നീങ്ങുന്ന ജനക്കൂട്ടം. ജനനേതാവും സേനാനിയും ആചാര്യനുമായ അക്കദിയാക്കോൻ ആഡംബരസമന്വിതം സംവഹിക്കപ്പെടുന്നു; ഇരുപത്തയ്യായിരം പട്ടാളം മാച്ചുചെയ്യുന്നു.

ഇതാ ഒരു വെള്ളിടി: "മെത്രാപ്പോലീത്താ കടലിൽ താക്കപ്പെട്ടിരിക്കുന്നു".

വൈരാഗ്യവും നിരാശയും അമർഷവും!!!

ജാത്യാഭിമാനവും ദേശാഭിമാനവും വിശ്വാസദാർഢ്യവും എല്ലാം സമ്മേളിച്ചുണ്ടായ തിരതള്ളലായിരുന്നു, അറിഞ്ഞുകൊണ്ടതന്നെ ചെയ്ത തീരുമാനമായിരുന്നു, വിദേശാഭാസന്മാക്കു നൽകിയ ഒരു മറുപടി ആയിരുന്ന അതു്– കുനൻകുരിശുസത്യം– 1653 ജനുവരി 3–ാം തീയതി വെള്ളിയാഴ്ച മണിമുന്നു്.

ബിഷപ്പു് ഗാർസ്യാ റോമിലേക്കു് ഹിയാസിന്തിനെ അയച്ചു വിവരങ്ങളെല്ലാം അറിയിക്കുന്നു. നസ്രാണികളും കമ്മലീത്തർവഴി റോമിൽ റിപ്പോർട്ടു കൊടുത്തു. മാപ്പാപ്പാ ദു:ഖാത്തനാകുന്നു. വിവരമറിഞ്ഞുവരാൻ ജോസഫ് സെബസ്ത്യാനിയെ യാത്രയാക്കുന്നു.

1658. റിപ്പോർട്ടുമായി റോമിലെത്തിയ സെബസ്ത്യാനി വാഴ്ചയേറു വീണ്ടും കേരളത്തിൽ. 1661.

1662. പറങ്കികളോടു പകരം ചോദിക്കുന്നു. ലന്തക്കാർ കൊച്ചിയിൽ എത്തിക്കഴിഞ്ഞു. 1663 ജനുവരി 7–ാം തീയതി കൊച്ചിക്കോട്ട ആളികത്തുന്നു. പറങ്കികൾ അടിയറവയ്ക്കുന്നു, ബഹിഷ്കൃതരാകുന്നു.

ബിഷപ്പു് സെബസ്ത്യാനി കടുത്തുരുത്തിയിൽ. അടിയന്തിരമായി യോഗം വിളിച്ചുകൂട്ടുന്നു. മെത്രാൻവാഴ്ച നടത്തുവാൻ അഭിപ്രായമറിയണം. "പള്ളിവീട്ടിൽ ചാണ്ടിയച്ചൻ" ഏകകണ്ഠമായി ശബ്ദമുയരുന്നു, തിരഞ്ഞെടുപ്പുനടത്തിക്കഴിഞ്ഞു. കടവിൽ ചാണ്ടിയച്ചനെക്കണ്ടു് ഉപദേശം ആരായുന്നു. സമ്മതവും സഹകരണവും ഉടനേ ലഭിക്കുന്നു. വാഴ്ചദിവസം നിശ്ചയിക്കുന്നു: ജനുവരി 31–ാംതന്നെ. ആഘോഷമായിട്ടതെല്ലാം നടന്നു. ഡച്ചുഗവർണ്ണർ റിക്കലോഫിനെ കൊച്ചികോട്ടയിൽ പോയി കണ്ടു. ബഹുമാനപുരസരം അവിടെ സ്വീകരിക്കപ്പെടുകയുണ്ടായി.

ഭക്തനും വിവേകിയും ശാന്തശീലനും മഹാമനസ്കനും. എതിർകക്ഷിയിലെ വളരെ പള്ളിക്കാർ പുതിയ മെത്രാനെ സ്വീകരിച്ചുവഴങ്ങി. 71 പള്ളികൾ മുഴുവനായും 18 പള്ളികൾ ഭാഗികമായും ഇപ്പോൾ അദ്ദേഹത്തിന്റെ കീഴിലാണു്. 28മാത്രം മറു പാർട്ടിയിലും.

പ്രായാധിക്യം! അനന്തരവനെ കാണുവാനുള്ള ആഗ്രഹം!! "ഒരു സഹായമെത്രാൻ ഉണ്ടാകണം." അദ്ദേഹം റോമിലേക്കെഴുതി. 1684. തിരഞ്ഞെടുപ്പുകമ്മറ്റിക്കാരായ കമ്മലീത്തർ ഒരു കപ്പായക്കാരനെ തിരഞ്ഞെടുത്തു,നിശ്ചിതപ്പുനോട്ടകൂടിതന്നെ. ഫിഗ്വെരേഡാ.

വലിയ ഇച്ഛാഭംഗം, ശുഭപ്രതീക്ഷയൊന്നുമവശേഷിച്ചിട്ടില്ല.

1687 ഡിസംബർ 23. ആമഹാനുഭാവൻ ഭാഗ്യനിദ്രയിൽ വിശ്രമിച്ചു.

ഇടയനും പുണ്യപുരുഷനും ഏവക്കും പ്രിയപ്പെട്ടവനും ഹെന്തോയുടെ അവസാനത്തെ മെത്രാപ്പോലീത്തായും. മൂന്നാംശതാബ്ദാചരണം, ഹെന്തോമുഴുവൻ അധികാരമുള്ള സഭാനാഥനെ ലഭിക്കാനുള്ള ശ്രമമായിരിക്കട്ടെ. ഇന്ത്യയൊക്കയുടേയും പാത്രിയക്കീസു്–മെത്രാപ്പോലീത്താമാത്രമായാലും– വാഴിക്കപ്പെട്ടമെങ്കിൽ മഹാനേട്ടമായി, സംശയിപ്പിയും!

സഭയ്ക്കു തലവൻ വേണം. ഇന്ത്യമുഴുവൻ നമ്മുടേതാണു്. ഇങ്ങനെ ഒരു വാഴ്ചനടത്തിക്കൊണ്ടാണു് മൂന്നാം ശതാബ്ദാഘോഷം നടത്തേണ്ടതു്. അല്ലാതുള്ളതെന്തൊരാഘോഷം? ആഹ്ലാദമില്ലാത്ത, ആവേശമില്ലാത്ത ഘോഷം ഘോഷമേയല്ല. വരാപ്പുഴ തുടങ്ങിയതു നമുക്കുവേണ്ടിയാണെങ്കിൽ, നമ്മെപ്രതി അതവസാനിപ്പിക്കുകയും ചെയ്യണം.

വീരസാഹസികരുടെ വംശം

സൂറത്തു മുതൽ തിരുവാങ്കോട്ടവരെ ഇന്ത്യയുടെ പശ്ചിമതീരത്തു് തൊട്ടുതൊട്ടു നിന്നിരുന്ന നസ്രാണികേന്ദ്രങ്ങളെ ഭാവനയിൽ കാണുന്നതു് ആനന്ദാവഹമായിരിക്കും. പൂർവതീരത്തെ കാവേരി പൂമ്പട്ടണം, മൈലാപ്പൂർ, മസൂലിപട്ടം കമ്പോളങ്ങളും അങ്ങനെതന്നെ. ചോഴംപാണ്ടിദേശങ്ങളിലും, ചന്ദ്രഗിരിവിജയനഗരരാജ്യങ്ങളിലും ഗോദാവരിനമ്മദാതീരങ്ങളിലും മദ്ധ്യേന്ത്യയിലുമതിനപ്പുറത്തു പലയിടങ്ങളിലും നസ്രാണികേന്ദ്രങ്ങൾ തഴച്ചുവളർന്നിരുന്നു. ഇന്ത്യാമഹാസമുദ്രം നസ്രാണികളുടെ കളിക്കുളമായി മാറിക്കഴിഞ്ഞിരുന്നു. പേഷ്യനേബ്യനാഫ്രിക്കൻ തീരങ്ങളും, യവനറോമാനഗരങ്ങളും വിഹാരരംഗങ്ങളും. കപ്പലോട്ടം ആ വശത്തുമാത്രമായിരുന്നില്ല. കിഴക്കേദ്വീപുകളും ചീനയും അതിനപ്പുറവും അവർ കടന്നുകഴിഞ്ഞിരുന്നു. വീരസാഹസികർ-adventurers&enterprisers! ഇന്ത്യയുടെ സമ്പത്തു് കുന്നുകൂട്ടിയവർ! പെരിയാർകാവേരിനദീമുഖങ്ങൾ നസ്രാണിമഹത്വത്തെ ഇന്നും പാടിക്കൊണ്ടിരിക്കുന്നു. പാണ്ടിക്കച്ചവടത്തിന്റെ താവളങ്ങൾ മലനാട്ടിലിന്നും നിരന്നുകാണാം.

പ്രചണ്ഡമാരുതൻ ആഞ്ഞുവീശി: ഗസ്നിഗോറിടെ മുർമാർ ഹിന്ദുസ്ഥാനിലും, മാലിക്കാഫർ ഡക്കാണിലും, ടിപ്പു മലബാറിലും; അറബി പറങ്കി കടൽക്കള്ളന്മാർ പശ്ചിമതീരത്തും. ബ്രിട്ടീഷ്കച്ചവടക്കമ്പിനി ഇന്ത്യയെ വെട്ടിപിടിച്ചു വിഴുങ്ങിയതുവരെ ഹിന്ദുസംസ്ഥാനത്തിന്റെ പ്രതിനിധികളും വീരശൂരമുന്നണിഭടരും പണംവാരുന്ന വാണിക് ശ്രേഷ്ഠരും വിദഗ്ദ്ധ കപ്പലോട്ടക്കാരുമായി നസ്രാണികൾ തുടർന്നിരുന്നു.

കപ്പൽ കരയ്ക്കുകയറി. കായൽ കരയാക്കി കാളയെ ഇറക്കി, ചതുപ്പും കായലും നെല്പാടമാക്കി. മുതല വിഹരിച്ച വേമ്പനാടനും ആനസിംഹങ്ങളുടെ മലയോരവും

(ശേഷം 11-ാം പേജിൽ)

കത്തോലിക്കരായ മലങ്കരസഭാചരിത്ര നിർമ്മാതാക്കൾ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ഘട്ടം, കേരളസഭാചരിത്രത്തെ സംബന്ധിച്ചിടത്തോളം, ഒരു നവോത്ഥാനഘട്ടമായിരുന്നു. കേരളത്തിലെ സുറിയാനി കത്തോലിക്കർ സ്വയംഭരണത്തിനും സ്വജാതി മെത്രാനെ കിട്ടുന്നതിനും നടത്തിയ സമരം ചരിത്രപരമായ വാദപ്രതിവാദങ്ങൾക്കു വഴിതെളിച്ചുവെന്നതാണു പരമാർത്ഥം. പോർത്തുഗീസുകാരുടെ ആഗമനത്തിനുമുൻപുള്ള കേരളക്രൈസ്തവസഭ നെസ്തോറിയൻ വിശ്വാസമാണ് സ്വീകരിച്ചിരുന്നതെന്നുള്ള ആശയഗതിയാണ് തല്പരരായ പാശ്ചാത്യപണ്ഡിതന്മാർ ഉന്നയിച്ചിരുന്നത്. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ കൽദായ സുറിയാനിഭാഷയിലുള്ള ആരാധനക്രമം സ്വീകരിച്ചിരുന്നതുകൊണ്ടും, നെസ്തോറിയൻ ഇടത്തുടിനു പ്രചാരമുണ്ടായിരുന്ന പൗരസ്ത്യഭൂഭാഗങ്ങളിൽ നിന്നുമുള്ള സുറിയാനി മെത്രാന്മാർ കേരളത്തിലെത്തി ഭരണംനടത്തിയിരുന്നതുകൊണ്ടും, കേരളസഭ നെസ്തോറിയൻ വിശ്വാസം സ്വീകരിച്ചിരിക്കാമെന്നു് ഉപരിപ്ലവചിന്തകരായ ചില പാശ്ചാത്യ ലേഖനീപാണികൾ സംശയിച്ചിരുന്നിരിക്കാം. ഗോവെയാ മുതലായ പോർത്തുഗീസു ചരിത്രകാരന്മാർ ഈ ഗണത്തിൽ പെടുന്നു. ഒറ്റനോട്ടത്തിൽ കണ്ടതും കേട്ടതും അവർ രേഖപ്പെടുത്തിയെന്നല്ലാതെ, ഏതദ്ദേശീയ ക്രിസ്ത്യാനികളുടെ ചരിത്രം സംബന്ധിച്ചു കൂലങ്കഷമായ അന്വേഷണങ്ങൾ നടത്തിയതിനുശേഷമല്ലാ അവർ ഇങ്ങനെ എഴുതിപിടിപ്പിച്ചതെന്നു വസ്തുതാം വിസ്മരിക്കരുതു്.

എന്നാൽ കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളുടെമേൽ ലത്തീൻ ഭരണം അടിച്ചേല്പിക്കുവാൻ പോർത്തുഗീസുകാർ വെമ്പൽ കൊണ്ടപ്പോൾ അവർ നെസ്തോറിയൻ വാദത്തെ മുറുകെപിടിക്കുകയും നെസ്തോറിയൻ പാഷണ്ഡത ഉൻമൂലനം ചെയ്യുവാനാണ് തങ്ങൾ ശ്രമിക്കുന്നതെന്നു ഭാവിക്കുകയും ചെയ്തു. സ്വപക്ഷസ്ഥാപനത്തിനുവേണ്ടി, പ്രാചീന കേരള ക്രിസ്ത്യാനികൾ നെസ്തോറിയന്മാരായിരുന്നുവെന്നു പോർത്തുഗീസുകാരും അവരെ അനുകൂലിച്ചു മറ്റു പാശ്ചാത്യരും, സ്ഥാനത്തും അസ്ഥാനത്തും, കണ്ണും പൂട്ടി, പറയുകയും എഴുതിപിടിപ്പിക്കുകയും ചെയ്തു. യഥാർത്ഥ വസ്തുതകൾ തേടിപ്പിടിച്ചു വെളിച്ചത്തു കൊണ്ടുവരുവാൻ പ്രാപ്തിയും പാണ്ഡിത്യവുമുള്ള കേരളീയർ ആരും ഇല്ലാതിരുന്നതിനാൽ, തല്പര കക്ഷികളായ വിദേശികളുടെ ഈ പ്രചരണം നിർബാധം തുടർന്നുകൊണ്ടിരുന്നു. കേരളകത്തോലിക്കർ സ്വയംഭരണത്തിനുവേണ്ടി വാദം തുടങ്ങിയപ്പോൾ, ലത്തീൻ ഭരണം ഇവിടെ സ്ഥിരപ്രതിഷ്ഠിതമായിക്കാണുവാൻ ആഗ്രഹിച്ചിരുന്നവർ, തങ്ങളുടെ ആറാം ബോംബായി മുന്നോട്ടു കൊണ്ടുവന്നതു് ഈ നെസ്തോറിയൻ വാദമാണ്. ലത്തീൻ പക്ഷപാതപരം ന്യായമായി ആരോപിക്കപ്പെടാവുന്ന അന്നത്തെ പ്രൊപ്പഗാന്താ തിരുസംഘം ഈ നെസ്തോറിയൻ വാദത്തെ മുറുകെ പിടിച്ചുവെന്നും, കേരളത്തിലെ പുരാതനമായ കൽദായ റീത്തിൽ വ്യത്യാസങ്ങൾ വരുത്തുന്നതിനും ലത്തീൻ ആചാരങ്ങൾ ഇവിടെ നടപ്പാക്കുന്നതിനും അനുവദിച്ചുവെന്നുമുള്ളതു് ഒരു വസ്തുതയാകുന്നു.

ഇൻഡ്യയുടെ ദ്വിതീയ ദലഗാദപ്പസ്തോലിക്കയായിരുന്ന മോൺ. അന്ത്രയോ അയുത്തി (1877–1891) കേരള സുറിയാനിക്കാരുടെ കാര്യത്തിൽ താല്പര്യം കാണിക്കുകയും, അവരുടെ യഥാർത്ഥ ചരിത്രം രേഖപ്പെടുത്തിക്കൊട്ടുക്കുവാൻ മഹാപണ്ഡിതനായ നിധീരിക്കൽ മാണിക്കത്തനാരോടു് ആവശ്യപ്പെടുകയും ചെയ്തു. ഈ ജോലിക്കു് ഏറ്റവും പറ്റിയ ആൾ അദ്ദേഹമായിരുന്നു. "സുറിയാനി ഭാഷയിൽ സമ്പാദിച്ച പാണ്ഡിത്യം, വിദേശ സുറിയാനി മേല്പട്ടക്കാരുമായുണ്ടായ സമ്പർക്കം, പോർട്ടുഗീസുകാരായ ഗോവർണ്ണദോരന്മാരുടെ അന്തേവാസം, പോർട്ടുഗീസു്, സ്പാനിഷ്, ലത്തീൻ, ഇംഗ്ലീഷ്, ഇറ്റാല്യൻ എന്നീ യൂറോപ്യൻ ഭാഷകളിൽ ഉപരിജ്ഞാനം, സംസ്കൃതം, തമിഴ്, തെലുങ്കു്, ഹിന്ദുസ്ഥാനി, തുടങ്ങിയ പൗരസ്ത്യഭാഷകളിൽ സുശിക്ഷണം, സർവ്വോപരി ബലിഷ്ഠമായ ഒരു ഗ്രന്ഥശേഖരം, ഇപ്രകാരം മാണിയച്ചനുണ്ടായിരുന്ന ഗുണങ്ങളും ശക്തികളും കേരളീയ നസ്രാണി സമുദായത്തിന്റെ ചരിത്രം പഠിക്കുന്നതിൽ അദ്ദേ

ഹത്തെ അത്യധികം സഹായിച്ചു. മറെറാരു കേരളീയ നസ്രാണിക്കും അക്കാലംവരെ കൈവരാതിരുന്ന ഒരു സ്ഥാനംഅദ്ദേഹം ചരിത്രജ്ഞാനത്തിൽ സമ്പാദിക്കുകയും ചെയ്തു''.(1)

മോൺ. അയൂത്തിയുടെ ആഗ്രഹപ്രകാരം കേരളസഭാചരിത്രം സംബന്ധിച്ചു് മാണിക്കത്തനാർ ഒരു പ്രബന്ധം തയ്യാറാക്കി അദ്ദേഹത്തിനു് അയച്ചുകൊടുത്തു. ഇതു് അദ്ദേഹത്തെ വളരെയധികം സംതൃപ്തനാക്കിയതായി സമകാലികരുടെ കത്തുകളിൽ നിന്നു് നമുക്കറിയാം. കൽദായ പാത്രിയാക്കീസിന്റെ പ്രതിനിധിയായി അക്കാലത്തു് റോമയിൽ താമസിച്ചിരുന്ന സുപ്രസിദ്ധപണ്ഡിതനായ ശാമുവൽ ജിയാമിൽ എന്ന വൈദികൻ കൽദായ സുറിയാനിക്കാരുടെ ചരിത്രം സംബന്ധിച്ചു് പ്രസിദ്ധം ചെയ്ത ഗ്രന്ഥത്തിൽ ചേർക്കുന്നതിലേക്കു്, ഫാ. നിധീരി കേരളസഭാചരിത്രം സംബന്ധിച്ചു് പല ചരിത്രക്കുറിപ്പുകളും അയച്ചു കൊടുത്തിരുന്നു. എന്നാൽ പ്രൊപ്പഗാന്താ തിരുസ്സംഘത്തിനു തൃപ്തികരമായി തോന്നാത്ത പല ഭാഗങ്ങളും ആ കുറിപ്പുകളിൽ ഉണ്ടായിരുന്നുവത്രേ. അതിനാൽ ഫാ. ജിയാമിൽ അവ സ്വന്ത ഗ്രന്ഥത്തിൽ ഉൾപ്പെടുത്താതെ, മറെറാരു ഗ്രന്ഥത്തിൽ ചേർക്കുന്നതിലേക്കു ഫ്രാൻസിലുണ്ടായിരുന്ന തന്റെ ഒരു സുഹൃത്തിനു് അയച്ചു കൊടുത്തതായി കാണുന്നു. ഫാ. ജിയാമിലിന്റെ ആ ഫ്രഞ്ച് സ്നേഹിതൻ ആരെന്നോ, അദ്ദേഹം ഈ കുറിപ്പുകൾ എങ്ങനെ ഉപയോഗപ്പെടുത്തിയെന്നോ നമുക്കറിഞ്ഞുകൂടാ.

തിരുവിതാംകൂർ ഗവൺമെൻറ് ഒരു സ്റ്റേറ്റു മാന്വൽ പ്രസിദ്ധം ചെയ്യുവാൻ തീരുമാനിച്ചപ്പോൾ, അതിൽ ''തിരുവിതാംകൂറിലെ ക്രിസ്തുമതത്തെപ്പററി ഒരദ്ധ്യായം എഴുതിച്ചേർക്കുന്നതിനുള്ള ചുമതല അന്നു തിരുവിതാംകൂർ-കൊച്ചി റസിഡന്റായിരുന്ന മി. ജി. ടി. മെക്കൻസിയേയാണു് ഭരമേല്പിച്ചതു്. ഏതദ്ദേശീയ ചരിത്രഗ്രന്ഥങ്ങളുടെ അഭാവത്തിൽ, മി. മെക്കൻസി, റവ. മിൽനി റേയുടെ പുസ്തകത്തെ പ്രധാനാവലംബമാക്കിക്കൊണ്ടു് ഒരു പ്രബന്ധം തയ്യാറാക്കുകയും അതു തിരുവിതാംകൂറിൽ ഭരണാധികാരമുണ്ടായിരുന്ന വൈദികമേലദ്ധ്യക്ഷന്മാരുടെയും മറും അഭിപ്രായത്തിനു് അയച്ചുകൊടുക്കുകയും ചെയ്തു. മെക്കൻസിയുടെ കരടു പ്രബന്ധം പരിശോധിച്ചു്, ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനു എറണാകുളം വികാരി അപ്പസ്തോലിക്കയായിരുന്ന പഴേപറമ്പിൽ മാർ ളൂയിസു മെത്രാനും, ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്കയായിരുന്ന മാക്കീൽ മാർ മത്തായി മെത്രാനും ചുമതലപ്പെടുത്തിയതു നിധീരിക്കൽ മാണിക്കത്തനാരെയായിരുന്നു. കേരളസഭാചരിത്രസംബന്ധമായി വളരെയധികം അന്വേഷണങ്ങളും പഠനങ്ങളും നടത്തിയിരുന്ന അദ്ദേഹം അതിനു സർവ്വഥാ യോഗ്യനാണെന്നു് ആ വൈദികശ്രേഷ്ഠന്മാർക്കറിയാമായിരുന്നു.

മെക്കൻസിക്കു മറുപടി അയയ്ക്കുന്നതിലേക്കു ഫാ. നിധീരി കിട്ടാമായിരുന്ന എല്ലാ ചരിത്രപുസ്തകങ്ങളും രേഖകളും പരിശോധിച്ചു നോട്ടുകൾ എടുക്കുകയുണ്ടായി. പീടിയേക്കൽ ബ. യൗസേപ്പച്ചൻ, പാലാ ഇടവക തുരുത്തിപ്പള്ളിൽ ബ. ഉതുപ്പ ശെമ്മാശൻ, ആയിടയ്ക്കു കർമ്മലിത്താ സന്യാസസഭയുടെ ഡെഫനിത്തോർ ജനറൽ എന്ന സ്ഥാനത്തോടുകൂടി മാന്നാനത്തു താമസിച്ചിരുന്ന ബ. ബർണ്ണാർദച്ചൻ, മുതലായവർ ഇക്കാര്യത്തിൽ ഫാദർ നിധീരിയുടെ ആലോചനക്കാരും സഹായികളുമായിരുന്നു. ഇവരുടെ സഹകരണത്തോടുകൂടി മാണിക്കത്തനാർ, മെക്കൻസിയുടെ കരടുപകർപ്പിൽ ആക്ഷേപാർഹമായി കണ്ട ഭാഗങ്ങൾക്കു മറുപടിയായി ഒരു പ്രബന്ധമെഴുതി എറണാകുളത്തെയും ചങ്ങനാശേരിയിലെയും വികാരിഅപ്പസ്തോലിക്കമാർക്കു് എത്തിച്ചുകൊടുക്കുകയും അവർ അതു മെക്കൻസിക്കു അയച്ചുകൊടുക്കുകയും ചെയ്തു. പക്ഷെ അവ നിർദ്ദിഷ്ടമായ അവധിക്കുള്ളിൽ മി. മെക്കൻസിക്കു കിട്ടിയില്ലെന്നാണറിയുന്നതു്. ഈ കുറിപ്പുകൾ അയച്ചു കൊടുത്തതിനുശേഷം ''നടത്തിയ ഗവേഷണങ്ങളുടേയും പുരാതന രേഖാപരിശോധനയുടേയും ഫലമായി'' ലഭിച്ച ശ്രദ്ധാഹ്രങ്ങളായ പല സംഗതികളും മാണിയച്ചൻ 1901 നവംബർ

(ശേഷം 18-ാം പേജിൽ)

(1) നിധീരിക്കൽ മാണിക്കത്തനാർ പു. 494

(9-ാം പേജ് തുടർച്ച)

നസ്രാണിനാമം ശാശ്വതമാക്കിക്കഴിഞ്ഞിരിക്കുന്നു. വാളിനു പകരം വാക്കത്തിയും തുമ്പായും കയ്യിലെടുത്തു് കേരളത്തെ പുരുദീസായാക്കിയവർ! ആയുധമെടുത്ത കൈകളും, കപ്പലോടിച്ചകൈകളും, പണംവാരിയകൈകളും, ഹിന്ദുസംസ്കാരത്തിന്റെ വിളക്കു് ഉയർത്തിപ്പിടിച്ച കൈകളും നിശ്ചലമായോ? കൈക്കമ്പിളമായി ഇരുന്ന നിരങ്ങേണ്ട ആവശ്യം?

ഇത്ര ബലമുള്ള, കഴിവുള്ള, വീക്ഷണമുള്ള, സ്നേഹമുള്ള ഒരു വംശം നേതൃത്വത്തിന്റെ പോരായ്മ ഒന്നുകൊണ്ടുമാത്രം വട്ടത്തിൽ കിടന്നു ചുറുന്നു. Energy മുഴുവൻ ചൂഷണത്തിനു വിട്ടിരിക്കുന്നു. ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ആഭ്യന്തരവിദേശകാര്യങ്ങൾ നിയന്ത്രിക്കാൻ മാത്രം കഴിവു് കെട്ടിക്കിടക്കുന്ന ഒരു സമുദായത്തിന്റെ ഊർജ്ജം തിളച്ചുപൊങ്ങി അപ്പാടെ താഴ്ന്നടങ്ങുന്ന കാഴ്ച മന:പ്രയാസത്തോടെ മാത്രമേ കാണാൻ കഴിയൂ. സമുദായബോധം വർഗ്ഗീയതയാണത്രേ! ചോരകുടിക്കുവാൻ കൊതിക്കുന്ന യക്ഷികളാണ് അവിടവിടായി വഴിക്കവലകളിൽ നിലയുറപ്പിച്ചിരിക്കുന്നതു്. അവരുടെ ആമന്ത്രണം മാത്രമേശ്രവിക്കാവൂ!

നമ്മുടെ പള്ളികൾ

പാലാ

പള്ളി	വീട്
പാലാ	429
മീനച്ചിൽ	153
മുത്തോലി	182
ളാലം	296
,, പുത്തൻ	197
കവീക്കുന്ന്	158
മുണ്ടാങ്കൽ	141
ഇളന്തോട്ടം	142
പൈക	125
പൂവരണി	362
ഉരുളികുന്നം	121
വിളക്കുമാടം	186
മല്ലികശേരി	108
കൊഴുവനാൽ	523
തോടനാൽ	197
കാഞ്ഞിരമറ്റം	440
മൂഴൂർ	248
മറ്റക്കര	389
പാദുവാ	154
ചേർപ്പുങ്കൽ	551
ചെമ്പിളാവ്	125
കുറവിനാൽ	130
കടപ്ലാമറ്റം	367
മരങ്ങാട്ടുപള്ളി	423
പാളയം	90
പൈങ്ങളം	100
പാലക്കാട്ടുമല	100
മണ്ണയ്ക്കനാട്	
കർത്തർ	139
കുടക്കച്ചിറ	404
ഏഴാച്ചേരി	101
അന്ത്യാളം	136
ചിറ്റാർ	91
ചക്കാമ്പുഴ	165
രാമപുരം	1340
നീറന്താനം	230
കുറിഞ്ഞി	179
ഗാഗുൽത്താ	93
ഉരുമ്പുകാവ്	121
കടനാട്	455
എലിവാലി	110
കുറുമണ്ണ്	138
നീലൂർ	309
മേരിലാൻറ്	144
മേലുകാവ്	153
അറക്കുളം	265
അറക്കുളംപുത്തൻ	164
വെള്ളിയാമറ്റം	217
മൂലമറ്റം	203
മാനത്തൂർ	230
ശങ്കരപ്പള്ളി	220
തുടങ്ങനാട്	411
വൈരമണി	181
ആനക്കല്ല്	
ഭരണങ്ങാനം	719
താണോലി	95
കിഴപറയാർ	105
ഇടമറ്റം	115
പൂവത്തോട്	236
അമ്പാറനിരപ്പേൽ	145
പ്രവിത്താനം	529
അന്തീനാട്	106
ഉള്ളനാട്	135
കയ്യൂർ	118
നരിയങ്ങാനം	130
പ്ലാശനാൽ	285
കുളത്തുകടവ്	108
ഇടമറുക്	114
പയസ്മൗണ്ട്	78
വലിയകുമാരമംഗലം	
വാകക്കാട്	476
തീക്കോയി	535
അട്ടക്കം	165
അയ്യമ്പാറ	103
വെള്ളികുളം	260
വാകമൺ	
അരുവിത്തുറ	450
തിടനാട്	342
ചെമ്മലമറ്റം	439
ചോറുതോട്	74
ചേനാട്	229
മണിയങ്കുളം	116
പൂഞ്ഞാർ	410
മണിയങ്കുന്ന്	125
മലയിഞ്ചിപ്പാറ	235
കൂട്ടിക്കൽ	394
കൈപ്പള്ളി	125
കണ്ണോനി	150
പെരിങ്ങുളം	370
അടിവാരം	165
കുറവിലങ്ങാട്	1740
കാളികാവ്	182
രത്നഗിരി	225
വയല	109
കൂടല്ലൂർ	285
കുറിച്ചിത്താനം	201
മോനിപ്പള്ളി	240
വേങ്ങത്താനം	163
വളയകോട്	100
കളത്തൂർ	360
കാഞ്ഞിരത്താനം	436
മണ്ണാറപ്പാറ	430
കോതനല്ലൂർ	672
മാൻവെട്ടം	309
പെരുന്തുരുത്ത്	45
മുട്ടുചിറ	1095
മലപ്പുറം	225
കടുത്തുരുത്തി	640
തുരുത്തിപ്പള്ളി	163
അരുന്ധതിമംഗലം	207
ഇലഞ്ഞി	
മുത്തോലപുരം	
കാക്കൂർ	
കൂരു	
മരങ്ങോലി	
വടകര	317
പിറവം	130
മുളക്കുളം	144
പെരിപ്പുറം	95
മൗണ്ട് കാർമ്മൽ	68

ചങ്ങനാശേരി

A

ചങ്ങനാശേരി	3151
തുരുത്തി	512
പായിപ്പാട്	539
തൃക്കൊടിത്താനം	580
പെരുർ	396
ഇത്തിത്താനം	235
പൊടിപ്പാറ	107
കുറുമ്പനാടം	650
,, പുത്തൻ	169
മാമ്മൂട്	220
മാടപ്പള്ളി	305
കുരുപ്പള്ളി	332
നെടുംകുന്നം	536

ചമ്പക്കര 246
തോട്ടുങ്ങാട്ട് 470
നെടുമണ്ണി 135
പുന്നവേലി 92
പുളിക്കക്കവല 105
വായ്പൂർ 243
" പുത്തൻ 273
മുണ്ടന്താനം 130
കുന്നന്താനം 178
കുളത്തൂർ 200
കണ്ണമ്പള്ളി 155
പുളിങ്കുന്ന് 1126
കിടങ്ങറ 110
വെളിയനാട് 158
കായൽപുറം 147
വേഴപ്ര 162
നസ്രത്ത് 82
മങ്കൊമ്പ് 117
തെക്കേക്കര 135
കൈനകരി 419
ചേന്നങ്കരി 815
കാവാലം 591
കൈനടി 51
കേസരിയാ 79
ആലപ്പുഴ 872
തത്തമ്പള്ളി 612
പുന്തോപ്പ് 376
മുഹമ്മ 265
പുന്നപ്ര 68
പ്രക്കാട്ട് 142
ചമ്പക്കുളം 1150
കണങ്കരി 95
കരുമാടി 141
കരുവാറ്റാ 111
തായങ്കരി 77
എടത്വാ
കോയിൽമുക്ക് 1372
" ലൂർദ്ദ് 295
മുട്ടാർ 310
" പുത്തൻ 115
പുളക്കരി 314
മിത്രക്കരി 203
കുമരങ്കരി 62
അതിരമ്പുഴ 2210
വെട്ടിമുകൾ 361
ചെറുവാണ്ടൂർ 147
ഏറുമാനൂർ
പാറമ്പുഴ 347
പുന്നത്തുറ 302
നരിവേലി 430
ചേപ്പുംപാറ 99
ളാക്കാട്ടൂർ 76
പുളപ്പള്ളി 77
പങ്കട 43
കുടമാളൂർ 815
ആപ്പുക്കര 296
" 155
മുടിയൂക്കര 165
അയ്മനം 230
കുമരകം വടകര 138
നവനസ്രത്ത് 96
കിളിരൂർ 70
കോട്ടയം 160
അയ്മനം 82

B

കാഞ്ഞിരപ്പള്ളി 705
കപ്പാട്ടച്ചിറ 300
ആനക്കല്ല് 208
പൊടിമറ്റം 240
കുഴിപ്പള്ളി 162
കാരികുളം 170
പൊൻകുന്നം 432
എലിക്കുളം 260
എളങ്ങുളം 312
ചെങ്ങളം 245
തമ്പലക്കാട് 200
ആനിക്കാട് 301
അരുവിക്കുഴി 123
ചെങ്കൽ 236
നെയ്യാട്ടശ്ശേരി 86
എളങ്ങോയി 282
മണിമല 396
" പുത്തൻ 234
കടേനിക്കാട് 123
കേട്ടാങ്ങൽ 275
വള്ളംചിറ 97
കരിമ്പനക്കുളം 250
പ്ലാഞ്ചേരി 60
ചിറക്കടവ്
താമരക്കുന്ന് 417
ചെറുവള്ളി 225
ചേനപ്പാടി 157
തരകനാട്ടകുന്ന് 159
ഏരുമേലി 215
കൊരട്ടി 70
" പുത്തൻ 178
മണിപ്പുഴ 291
പാണപിലാവ് 80
തുലാപ്പള്ളി 85
ഉമിക്കുപ്പ 95
കണമല 125
കൊല്ലമുള 361
മുണ്ടക്കയം 291
ഇഞ്ചിയാനി 200
വെളിച്ചിയാനി 339
മേലോരം 92
അഴങ്ങാട് 48
പെരുവന്താനം 291
തെക്കേമല 199
പാലൂക്കാവ് 94
കോശ്രത്തോട് 123
മുക്കുളം 14
കണയങ്കവയൽ 165
അഴുത 57
ആനവിലാസം 51
കണ്ണിമല 162
ഉപ്പുതറ 98½
മേരിക്കുളം 513
കല്ലാർ 200
കൽതൊട്ടി 282
പുള്ളിക്കാനം 55
കട്ടപ്പന 405
കാഞ്ചിയാർ 142
വള്ളക്കടവ് 177
വലിയ തോവാള 233
വണ്ടന്മേട് 220
അണക്കര 225
നെച്ചിത്തൊഴുത്ത് 141
നസ്രാണിപുരം 70
വെള്ളാരംകുന്ന് 168
കുമളി 268
ശ്രീമല 239
പത്തിനിപ്പാറ 70
തഹശീൽദാരുപാറ
നിർമ്മലഗിരി
നെടുങ്കണ്ടം
ആനവിലാസം 51
ആയൂർ 62
വെഞ്ചെമ്പ് (പുനലൂർ) 63
നെടുമൺ (അടൂർ) 32
മീൻകുളം 70
ഫിൽഗിരി (അഞ്ചൽ) 83
ചെറിയവെളിനല്ലൂർ 34
ആയ്യനാവ് 128
ആനക്കുളം 34
ഇടപാളയം 43
എലമ്പൽ 56
എരൂർ 8
അവുരി 231
മായം 89
പാലോട് 24
വാവോട് 24
നട്ടേൽ
തിരുവനന്തപുരം
തെള്ളിയൂർ 11
കല്ലുപ്പാറ 12
എഴുമറ്റൂർ 16
മല്ലുപ്പള്ളി 90
ബഥനി 73
നെടുമൺ 32

കോതമംഗലം

കോതമംഗലം	864
കാരക്കുന്നം	205
കോട്ടപ്പടി	123
കുറുപ്പംപടി	198
കടവൂർ	346
ഇഞ്ചൂർ	111
ഇഞ്ചത്തൊട്ടി	34
കുത്തുകുഴി	18
ഊന്നുകല്ല്	255
പോത്താനിക്കാട്	165
പൈങ്ങോട്ടൂർ	372
വെളിയേച്ചാൽ	243
പെരുമണ്ണൂർ	110
നെല്ലിമറ്റം	283
നാടുകാണി	180
മുള്ളരിങ്ങാട്ട്	81
മാലിപ്പാറ	163
നെടുമ്പാറ	93
നെടുങ്ങപ്ര	190
നീണ്ടപാറ	45
കുട്ടമ്പുഴ	137
പൂയംകുട്ടി	83
നേര്യമംഗലം	36
ആരക്കുഴ	446
അരിക്കുഴ	177
ചിറ്റൂർ	136
മാറാടി	110
മീങ്കുന്നം	236
മൂവാറ്റുപുഴ	362
നടുക്കര	117
പെരിങ്ങഴ	220
തോട്ടുക്കര	186
പെരുമ്പല്ലൂർ	99
വാഴക്കുളം	602
ആനിക്കാട്	199
ആയവന	308
ബേസ്സലഹം	240
കദളിക്കാട്	157
കല്ലൂർക്കാട്	580
കാവക്കാട്	134
റാണ്ടാർ	130
കരിമണ്ണൂർ	675
ചെപ്പുകുളം	117
ചെലവു്	154
കാളിയാർ	237
കോടിക്കുളം	337
നെയ്യശ്ശേരി	640
കൈതപ്പാറ	19
നിർമ്മലപുരം	111
ഉടുമ്പന്നൂർ	242
പള്ളിക്കാമുറി	150
വണ്ടമറ്റം	184
മുതലക്കോടം	433
ചാലിശ്ശേരി	94
കലയന്താനി	737
കല്ലാനിക്കൽ	427
പന്നിമറ്റം	203
തലയനാട്ട്	147
വെട്ടിമറ്റം	100
മൈലക്കൊമ്പു്	275
നാഗപ്പുഴ	434
പാറപ്പുഴ	150
പൊന്നന്താനം	85
തെനങ്കുന്നു്	276
വാഴക്കാലാ	139
തെന്നത്തൂർ	95
തഴവംകുന്നു്	212
കല്ലൂർ	416
ഏഴല്ലൂർ	257
കാൽവരിഗിരി	211
മാറിക	389
കോലടി	87
കുണിഞ്ഞി	166
നെടിയകാട്ട്	298
നെടിയശാലാ	286
പുറപ്പുഴ	193
കുമ്പമ്പാറ	112
അസ്സീസ്സി	48
ആയിരമേക്കർ	188
മന്നാങ്കണ്ടം	50
വട്ടിയാർ	27
രാജക്കാട്	875
ബൈസൻവാലി	153
ചെമ്മണ്ണാർ	252
ജോസ്ഗിരി	168
കരിമല	60
കാന്തിപ്പാറ	75
കുളപ്പുറച്ചാൽ	175
കുഞ്ചിത്തണ്ണി	111
മുട്ടുകാട്	61
രാജകുമാരി	255
വെള്ളത്തൂവൽ	94
എല്ലക്കല്ലു്	230
കീരിത്തോട്	100
ചുരുളി	150
ചെല്യാമ്പാറ	70
കുത്തുപാറ	82
മങ്കുവാ	140
പാറത്തോട്	522
കല്ലാർകുട്ടി	172
പനകുട്ടി	120
പണിക്കക്കുടി	174
പന്നിയാർകുട്ടി	125
പഴയരി	87
പൊന്നുടി	122
തോക്കുപാറ	195
പൂവംകണ്ടം	100
ഇരട്ടയാർ	635
കാഞ്ചിയാർ	250
ചെമ്പകപ്പാറ	200
കുമ്പൻമല	250
മരിയാപുരം	260
നരകക്കാനം	210
നസറത്തു്	73
നെടുങ്കണ്ടം	136
നെല്ലിപ്പാറ	450
രാജഗിരി	57
ശാന്തിഗ്രാം	280
തങ്കമണി	700
തൂക്കുപാലം	57
ഉപ്പുതോട്	230
വലിയകണ്ടം	415
വാഴത്തോപ്പു്	260
വാഴവര	128
വിമലഗിരി	250

എറണാകുളം

എറണാകുളം	1128
പള്ളുരുത്തി	248
എളങ്കുളം	231
കോണ്ടുരുത്തി	565
കുമ്പളം	140
ചാത്തമ്മ	85
തുപ്പുണിത്തുറ	300
വൈറ്റില	254
പുതിയകാവു്	46
ഉദയംപേരൂർ	85
,, പുത്തൻ	76
കണ്ടനാട്ട്	95
ആമ്പല്ലൂർ	163
കീച്ചേരി	113
ചെത്തിക്കോട്ട്	92
തെ. പറവൂർ	145
കൊളുങ്ങായി	88
ഇടപ്പള്ളി	398
ആലുവാ	610
ചുണങ്ങുംവേലി	350
കിഴക്കമ്പലം	414
പഴങ്ങനാട്ട്	200
കോട്ടപ്പുറമു്	34
തുണ്ടത്തുംകടവു്	36
പുത്തമ്പള്ളി	612
വരാപ്പുഴ	34
പറൂർ കോട്ടക്കാവു്	424
കടമക്കുടി	130
കുത്യതോട്	339
,, പുത്തൻ	239
കുഴുപ്പള്ളി	190
ചക്കരക്കടവു്	167

ഞാറയ്ക്കൽ 824
തുരുത്തിപ്പുറം 235
നെട്ടങ്ങാട്ട് 88
ആലങ്ങാട്ട് 445
കരുമാല്ലൂർ 119
കുറിപ്പുഴ 220
ചേന്ദമംഗലം 181
അങ്കമാലി 1603
അകപ്പറമ്പ് 586
മേക്കാട്ട് 105
ചെങ്ങമനാട്ട് 83
എടക്കുന്നു് 538
എളൂർക്കുന്നേൽ 392
കറുകുറ്റി 890
കിടങ്ങൂർ 310
താബോർ 274
തൊറൂർ 532
മൂഴിക്കുളം 553
മഞ്ഞപ്ര 1253
ആനപ്പാറ 240
മൂക്കന്നൂർ 729
കൊരട്ടി 1635
കാട്ടുകുറ്റി 297
പുഷ്പഗിരി 162
തിരുമുടിക്കുന്നു് 480
മാമ്പ്രാ 222
മംഗലശ്ശേരി 192
മേലൂർ 631
കാഞ്ഞൂർ 1065
അയ്മുറി 281
എടാട്ട് 118
കൈപ്പട്ടൂർ 477
കൊറ്റമത്തു് 783
ചേരാനല്ലൂർ 678
കൂടാലപ്പാട്ട്
മലയാറ്റൂർ 534
മറ്റൂർ 522
ചൊവ്വര 252
താന്നിപ്പുഴ 216
വല്ലം 562
പുല്ലുവഴി 138
നട്ടവട്ടം 240
പെരുമ്പാവൂർ 84
വൈപ്പിൻ 678
ഓർപ്പിൻ 18
നടേൽ 130
തോട്ടകം 167
കുലശേഖരമംഗലം 122
കുടവെച്ചൂർ 389
കൊതവറ 163
ഉല്ലല 156
മേവെള്ളൂർ 90
വല്ലകം 164
വടയാർ 203
തലയോലപ്പറമ്പു് 488
ചെമ്പു് 169
പള്ളിപ്പുറം 303
തിരുനല്ലൂർ 156
ഉഴവ 54
എഴുപുന്ന 201
കാവിൽ 175
കുന്നുംപുറം
ചാലി 283
കോക്കമംഗലം 222
തെക്കാട്ടുശ്ശേരി 660
തണ്ണീർമുക്കം 87
പാണാവള്ളി 132
പാലൂത്തറ 93
മുട്ടം 752
വളമംഗലം 174

തൃശൂർ

A

തൃശൂർ 2274
അന്നാവുമ്മ 418
അയ്യന്തോൾ 110
അരണാട്ടുകര 804
,, പടിഞ്ഞാറു് 467
ആമ്പക്കാട്ട് 142
കൊട്ടേക്കാട്ട് 632
നടത്ത 390
നെട്ടുപുഴ 156
പുത്തൂർ 275
മുക്കാട്ടുകര 488
വിജയപുരം 580
കുരിയച്ചിറ 552
പുറനാട്ടുകര 284
നെല്ലിക്കുന്നു് 528
പട്ടിക്കാട്ട് 572
പറവട്ടാനി 433
ഒളരിക്കര 368
ഒല്ലൂർ 1975
അമ്മാടം 443
കല്ലൂർപടി 200
,, കിഴക്കു് 355
കോടന്നൂർ 133
ചെങ്ങാലൂർ 450
ചേപ്പു് 325
ചേറൂർ 307
പല്ലിശ്ശേരി 30
പുതുക്കാട്ട് 931
പെരിഞ്ഞേരി 216
മരത്താക്കര 492
മണ്ണുംപേട്ട 374
വരന്തരപ്പിള്ളി 1200
വല്ലച്ചിറ 90
വെങ്ങോർ 282
പുലക്കാട്ടുകര 34
കുണ്ടുകാംകടവു് 510
അരിമ്പൂർ 350
,, തെക്കു് 187
ഏനാമ്മാവു് 576
എങ്ങണ്ടിയൂർ 209
കാഞ്ഞാണി 76
കാരമുക്കു് 86
തോയക്കാവു് 207
മണലൂർ 542
മുല്ലശ്ശേരി 278
വടാനപ്പള്ളി 182
പാലയൂർ 514
അഞ്ഞൂർ 148
ആത്താറു് 110
കാവീട്ടു് 102
കുന്നംമുച്ചി 290
കോട്ടപ്പടി 618
ചിറളയം 64
ചിറ്റാട്ടുകര 487
ചൂണ്ടൽ 40
ചൊവ്വന്നൂർ 170
പറപ്പൂർ 640
പാവറട്ടി 980
ബ്രഹ്മകുളം 203
മറ്റം 592
വൈലത്തൂർ 235
ആറുപുറം 123
വേലൂർ 953
ആറ്റത്ത 63
എരനെല്ലൂർ 347
എരുമപ്പെട്ടി 347
കുണ്ടന്നൂർ 338
തലക്കോട്ടുകര 181
തിരുർ 343
പാറന്നൂർ 85
പുതുശ്ശേരി 125
പേരാമംഗലം 265
മങ്ങാട്ട് 114
മുണ്ടൂർ 449
മുള്ളുക്കര 51
പ്ണാലൂർ 154
വടക്കാഞ്ചേരി 506
വെള്ളറക്കാട്ട് 41
മച്ചാട്ട് 267
മായന്നൂർ
ചേലക്കര
മേലാക്കോട്ട് 68
പാലക്കാട്ട് 105
വടക്കുഞ്ചേരി 117
എളവമ്പാടം 94
കുറുവായ് 49
അട്ടപ്പാടി 20
ആരോഗ്യപുരം 27
ഷോളയാർ 25
കോയമ്പത്തൂർ

B

ഇരിങ്ങാലക്കുട	990
,, കിഴക്കു്	400
എടക്കുളം	90
ഒൗട്ടത്തൂർ	426
കട്ടപ്പിശേരി	170
കയ്യമംഗലം	95
കല്ലറമ്പു്	480
ചേലൂർ	289
താണിശ്ശേരി വ.	194
നടവരമ്പു്	165
മതിലകം	173
മാമ്പ്രാണം	267
വടക്കുംകര	28
വെളിയനാട്ടു്	340
പടിയൂർ	20
കരുവന്നൂർ	208
പഴയൂർ	416
എടത്തിരുത്തി	264
കരാഞ്ചിറ	211
കാട്ടൂർ	238
കാരളം കി.	185
പുത്തൻപീടിക	459
ചിറക്കൽ	125
ചെന്ത്രാപ്പിന്നി	29
പെരിങ്ങോട്ടുകര	76
പെരുമ്പടപ്പു്	46
പൊറത്തൂർ	100
മൂക്കനാട്ടു്	100
വലപ്പാട്ടു്	270
അന്തിക്കാട്ടു്	154
അമ്പഴക്കാട്ടു്	1105
കുണ്ടൂർ	190
കുഴിക്കാട്ടുശ്ശേരി	144
താണിശ്ശേരി തെ.	575
പുത്തൻചിറ	516
പുത്തൻവേലിക്കര	365
പൂവത്തുശ്ശേരി	228
പൊയ്യ	123
മാള	517
മേലഡൂർ	355
പുത്തൻവേലിക്കര (വടക്കുംമുറി)	227
സേവിയൂർ	108
കുഴൂർ	108
കുമ്പിടി	160
ചാലക്കുടി	2160
ആളൂർ	521
എലിഞ്ഞിപ്ര	195
കല്ലേറുങ്കര	606
കാതൂർ	247
കുറിക്കാട്ടു്	812
താഴെക്കാട്ടു്	229
നന്തിപുലം	68
പരിയാരം	1017
പറപ്പുക്കര	587
പേരമ്പ്ര	765
പോട്ട	390
മുപ്പിളിയം	190
മൂന്നുമുറി	498
വെള്ളിക്കുളങ്ങര	202
ആനന്ദപുരം	193
കനകമല	
തൃപ്രാക്കോട്ടു്	261
ലൂർദ്ദ്പുരം	93
തലശ്ശേരി	
തളിപ്പറമ്പു്.	
ചെമ്പേരി	497
ചന്ദനക്കാംപാറ	110
ചെമ്പൻതൊട്ടി	472
കോട്ടൂർ	119
കുടിയാന്മല	440
നെല്ലിക്കുറ്റി	231
പെരുമ്പടവു്	195
പൈസക്കരി	305
ആലക്കോട്ടു്	690
ചുണ്ടപ്പറമ്പു്	76
മണക്കടവു്	90
തിമിരിമേരിഗിരി	387
നടുവിൽ	269
പുൽക്കുടുമ്പ	410
ഉദയഗിരി	448
വെള്ളാട്ടു്	477
പയ്യന്നൂർ.	
തോമ്മാപുരം	507
പാലാവയൽ	270
പുളിങ്ങോം	160
വാളാൽ	377
മാലോം	120
കോഴിച്ചാൽ	85
കാക്കഞ്ചാൽ	219
പേരാവൂർ	853
അടയ്ക്കാത്തോട്ടു്	222
അമ്പായത്തോട്ടു്	82
ചുങ്കക്കുന്നു്	505
കണിച്ചിയാർ	357
നെടുംപുറച്ചാൽ	224
പെരുമ്പുന്ന	148
തലക്കാണി	325
ഇരിട്ടി	
നടുത്തുകുന്നു്	459
നെല്ലിക്കാംപോയിൽ	500
കരിക്കോട്ടക്കരി	265
അങ്ങാടിക്കടവു്	404
കീഴ്പ്പള്ളി	312
കിളിയന്തറ	486
കുന്നോത്തു്	182
മണിക്കടവു്	339
പുറവയൽ	237
പേരാമ്പ്ര-കുറ്റ്യാടി	
കുളത്തുവയൽ	560
കല്ലാനോട്ടു്	286
കൂരാച്ചുണ്ടു്	580
കട്ടിപ്പാറ	207
വിലങ്ങാട്ടു് (കുറ്റ്യാടി)	342
മരുതോങ്കര	248
ചാപ്പൻതോട്ടം	217
ചെമ്പനോട്ടു്	145
കുണ്ടുതോട്ടു്	120
പടത്തുകടവു്	163
പെരുവണ്ണാമുഴി	102
പൂതമ്പാറ	90
പൂഴിത്തോട്ടു്	46
മാനന്തവാടി	624
കല്ലോടി	370
കെല്ലൂർ	292
മരക്കടവു്	102
പയ്യമ്പള്ളി	345
പോരൂർ	264
തവിഞ്ഞാൽ	147
പുല്പള്ളി	280
സുൽത്താൻബത്തേരി	450
ചെറുകാട്ടൂർ	227
ചുണ്ടക്കര	270
വാഴവറ	650
തെനേരി	199
എരുമാട്ടു്	140
തരിയോട്ടു്	684
നടവയൽ	436
കണിയാമ്പറ്റ	131
കോട്ടത്തറ	101
കുമ്പാല	200
മരക്കാവു്	289
തിരുവാമ്പാടി	351
ഫാത്തിമാഗിരി	106
പുല്ലുരാമ്പാറ	445
കൂടലഞ്ഞി	520
കോഴിക്കോട്ടു്	278
കോടഞ്ചേരി	412
കണ്ണോത്തു്	449
ഈരൂട്ടു്	55
മഞ്ഞുവയൽ	165
തോട്ടുമുക്കു്	215
വേനപ്പാറ	184
മണിമൂളി	809
മരിയാപുരം	334
നെന്മേനി	105
പാലക്കയം	71

ആദ്യത്തെ വനിതാ I. A. S.



കേരളത്തിൽ ആദ്യമായിട്ടാണ് ഒരു വനിത ഐ. ഏ. എസ് പരീക്ഷ പാസ്സാകുന്നത്. ഐ. ഏ. എസ്സിനും പുറമെ ഐ. എഫ്. എസ്സും പാസ്സായി വിദേശവകുപ്പിലെ സർവ്വീസിനും അർഹയായിരിക്കയാണ്. പ്രശസ്തമായ രീതിയിൽ വിജയം വരിക്കുകയും രാജ്യസേവനത്തിനു തയ്യാറെടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്ന മിസ് ആനി എസ്. ബി. കോളെജ് പ്രഫസർ സി. എസ്. കുഞ്ഞനവർകളുടെ പുത്രിയാണ്.

സി. മാത്യു കട്ടക്കയം

നവജീവപരിഷത്തു് പാലായിൽ ആരംഭിച്ചപ്പോൾ സി. മാത്യു കട്ടക്കയം അവർകളെ അദ്ധ്യക്ഷനായി ലഭിച്ചതു് ഒരു നല്ല ആരംഭവും വലിയ നേട്ടവുമായിരുന്നു. വാർദ്ധക്യക്ലേശങ്ങൾ നിമിത്തം പ്രസിഡണ്ടുപദം തുടരുവാൻ വിസമ്മതിച്ചെങ്കിലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും നേതൃത്വവും ഇന്നുവരെ പരിഷത്തിനു് ബലവും ഭൂഷണവുമായിരുന്നു. സമുദായനേതാക്കന്മാരിൽ സമ്മതനായ ഒരാളും പുതിയതും പഴതുമായ തലമുറകൾക്കിടയ്ക്കുള്ള ഒരു കണ്ണിയുമാണദ്ദേഹം. സമുദായസംബന്ധമായ എല്ലാ സംരംഭങ്ങളിലും മുന്നിൽ നിന്നു പ്രവർത്തിച്ചിട്ടുണ്ടു്. അങ്ങനെ ചരിത്രഗതിയെ നിയന്ത്രിച്ചിട്ടുമുണ്ടു്. പാലായിൽനിന്നു കുറ്റ്യാടിയിലേക്കു താമസം മാറുന്ന ഈ അവസരത്തിൽ പരിഷത്തിന്റെ ആദരാഭിവന്ദനങ്ങൾ അർപ്പിച്ചുകൊള്ളുന്നു.

—o—

THE MELCHITE CHURCH

Greek Catholic Melchite Church is a small community (36,000), but what an influence at the Council; more with their fifteen bishops than all the 200 U. S. bishops put together? Why! Because they are genuinely Eastern..... they stand on their feet, so much as to have the best relations with the Latins on footing of equality. Their Seminary is run by originally Latin missionaries, the White Fathers of Card. Lavigerie, but all of them today though French and European, know Greek and Arabic perfectly well, practice thoroughly the Byzantine rite and teach the best of Catholic theology for Easterns.

—o—

പെരുന്തുരുത്തി	520
ഷീരാടി	207
തോട്ടത്താടി	124
ഗണ്ഡിബാഹു്	76
നരസിംഹരാജപുരം	170

ഇടയനില്ലാത്ത ആട്ടകൾ

മദ്രാസ്	10, 000 പേർ
വെല്ലൂർ	
ബാംഗ്ലൂർ	
മൈസൂർ	
ഹൈദ്രാബാദ്	
ആൻഡമാൻസ്	
ബോംബേ	25000 പേർ
പൂനാ	
അഹമ്മദ്ബാദ്	
നാസിക്കു്	
ദില്ലി	300 വീടു്
ആജ്മീർ	
സിംലാ	
ആഗ്രാ	
കാൺപൂർ	
ലക്നൗ	
അലഹബാദ്	
ജാൻസി	
ഭോപ്പാൽ	1000 പേർ
ജബൽപൂർ	
ഭീലായി	1500 പേർ
ബിശ്രാംപൂർ	
കൽക്കത്താ	
ജംഷെഡ്പൂർ	
ബൊക്കാറോ	
റാഞ്ചി	
റൂർക്കേലാ	
ഭുവനേശ്വർ	
ഷില്ലോങ്ങ്	

—o—

(11-ാം പേജ് തുടർച്ച)

13-ാം തീയതി മി. മെക്കൻസിക്കു നേരിട്ടയച്ചു കൊടുത്തു. ഇങ്ങനെ മാണിയച്ചനും ബല്ലാർദച്ചനും മറ്റും കൂടി അയച്ചുകൊടുത്ത നോട്ടുകളുടെ സംഗ്രഹമാണു് മി. മെക്കൻസിയുടെ പുസ്തകത്തിൽ 116-ാം നോട്ടായി ചേർത്തിരിക്കുന്നതെന്നു തോന്നുന്നു.

ഉദയംപേരൂർ സൂനഹദോസിനു മുൻപും-പോർത്തുഗീസുകാർ കേരളത്തിൽ കാലുകുത്തുന്നതിനു മുൻപും-മലങ്കര സുറിയാനിക്കാർ കത്തോലിക്കവിശ്വാസം സ്വീകരിച്ചിരുന്നവരായിരുന്നുവെന്നാണു് ഫാദർ നിധീരിയും സഹപ്രവർത്തകരും തെളിയിച്ചതു്. മറിച്ചു വാദിച്ചിരുന്നവർക്കു് ഇതൊരു പ്രഹരമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ആകയാൽ അതിനെ എതിർത്തുകൊണ്ടു് എറണാകുളത്തെ "സത്യനാദ"ത്തിലും, മൈലാപ്പൂരിൽ നിന്നു പുറപ്പെട്ടിരുന്ന "കാത്തലിക് റിജിസ്റ്റർ"ലും പ്രത്യാഖ്യാനങ്ങൾ പുറപ്പെട്ടു. 1902 ഏപ്രിൽ 26, മേയ് 3, മേയ് 10, ഈ തീയതികളിലെ "കാത്തലിക് റെജിസ്റ്റർ"ൽ പ്രത്യക്ഷപ്പെട്ട പ്രത്യാഖ്യാനം "ഹിസ്റ്റോറിക്കസ് ഫിലാലീത്തസ്" എന്ന തൂലികാനാമധാരിയാണു് എഴുതിയിരുന്നതു്. "സത്യനാദ"ത്തിൽ മാണിയച്ചനേറെയും മറ്റും അഭിപ്രായങ്ങളെ ഖണ്ഡിച്ചു ലേഖനമെഴുതിയവർ തൃശ്ശൂർ വികാരിഅപ്പസ്തോലിക്കയായിരുന്ന (അപ്പോഴേക്കും അദ്ദേഹം ഭരണമൊഴിഞ്ഞിരുന്ന) ഡോക്ടർ മെഡ്‌ലിക്കോട്ട്, കൊച്ചി മെത്രാനായിരുന്ന ഡോക്ടർ ഒലിവെയരാ മുതലായവരായിരുന്നു. "വി. പി. എം." എന്ന തൂലികാ നാമത്തിലും സത്യനാദത്തിൽ ചില ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നു.

ഈ പ്രത്യാഖ്യാനങ്ങളെയെല്ലാം ഖണ്ഡിച്ചുകൊണ്ടു് ഫാ. നിധീരി രണ്ടു ഭാഗങ്ങളായി ഒരു ചെറുഗ്രന്ഥം രചിച്ചു. "ഫാ. വാനറെല്ലോ എന്ന ഒരു വൈദികനും മി. റാജിയൊ എന്ന ഒരു അത്മായക്കാരനും തമ്മിലുള്ള സംഭാഷണരൂപത്തിലാണു് ഈ കൃതിയുടെ രചന. ഒന്നാം ഭാഗത്തിൽ "ഹിസ്റ്റോറിക്കസ് ഫിലാലീത്തസു"ടെ പ്രസ്താവനകളെ ഒട്ടധികം ചരിത്രസാക്ഷ്യങ്ങൾ ഉദ്ധരിച്ചു ഖണ്ഡിക്കുന്നതിനു പുറമേ, മെക്കൻസിയുടെ ചില അഭിപ്രായങ്ങളെത്തന്നെയും നിശിതമായി വിമർശിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ നാലു അഭിപ്രായങ്ങൾ അയഥാർത്ഥങ്ങളാണെന്നു സ്ഥാപിച്ചശേഷം "ഇപ്പോൾ വിമർശിച്ച തെറ്റുകൾ തന്റെ പുസ്തകത്തിൽ പ്രവേശിച്ചതു റസിഡന്റിന്റെ കുറ്റമല്ല, അപ്രകാരമുള്ള അറിവു് അദ്ദേഹത്തിനു നൽകിയവരുടേതാണു്" എന്നു സമാപിക്കുന്നു....(2)". ഡോക്ടർ മെഡ്‌ലിക്കോട്ടിനുള്ള മറുപടിയിൽ "ക്രിസ്തുബന്ധത്തിന്റെ ഒന്നാം നൂറ്റാണ്ടു മുതൽ കത്തോലിക്കാ സഭ ഇവിടെ നിലനിന്നു വരുന്നുണ്ടെന്നു് ഒരവസരത്തിൽ മറ്റു പല മെത്രാന്മാരോടൊപ്പം അദ്ദേഹവും സമ്മതിച്ചു ഗവർമെന്റിൽ സമർപ്പിച്ച ഒരു രേഖയിൽ ഒപ്പു വെച്ചിട്ടുള്ള സംഗതി ചൂണ്ടിക്കാണിച്ചിരിക്കുന്നു. ലഘുലേഖയുടെ രണ്ടാം ഭാഗത്തിൽ അദ്ദേഹത്തിന്റെ വാദമുഖങ്ങളെയും ഫാദർ നിധീരി ഖണ്ഡിച്ചിരിക്കുന്നു. അഭിവന്ദ്യരായ മെത്രാന്മാരെയും ബ്രിട്ടീഷ് റസിഡന്റിനെയും വിമർശിച്ചു കൊണ്ടുള്ള ഈ ലഘുലേഖ മാണിയച്ചൻ പ്രസിദ്ധം ചെയ്തതു് സി. ജെ. ജോർജ് കത്തനാരുടെ (കുറുക്കളത്തിൽ ബ. ഗീവറുഗീസച്ചന്റെ) പേരിലാണു്. മി. മെക്കൻസി അയച്ച ഒരു കത്തിൽ തന്റെ "സഹ വൈദികരിൽ ചിലർ" ആണു് ഈ ലഘുലേഖ രചിച്ചതെന്നാണു് മാണിയച്ചൻ പറഞ്ഞിരിക്കുന്നതു്.

റോമയിൽ താമസിച്ചിരുന്ന, കൽദായപാത്രിയർക്കീസിന്റെ പ്രതിനിധിയായ, ശമുവൽ ജിയാമിലിനു് 1902 ആഗസ്റ്റു് 26-ാം തീയതി, മാണിയച്ചൻ അയച്ച ഒരെഴുത്തിൽ, ഈ ലഘുലേഖയുടെ നിർമ്മാണത്തിനു ഹേതുവായിത്തീർന്ന സാഹചര്യങ്ങൾ വിസ്തരിച്ചുപറയുന്നുണ്ടു്. ഫാദർ ജിയാമിൽ "ക്രൈഹികസിംഹാസനവും കൽദായസഭയും തമ്മിലുള്ള ഉത്തമബന്ധം" എന്നപേരിൽ 1902-ൽ ഒരു ലത്തീൻ ചരിത്രഗ്രന്ഥം റോമയിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. വത്തിക്കാൻ റിക്കാർഡുകളിൽനിന്നു ശേഖരിച്ചതും ബാബേലിലെയും മലയാളത്തെയും കൽദായസഭയുടെ ഇടമുറിയാത്ത സത്യവിശ്വാസത്തെ സാക്ഷ്യപ്പെടുത്തുന്നതുമായ അനേകം രേഖകൾ ഈ ബൃഹത്ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. സി. ജെ. ജോർജ്ജു് കത്തനാരുടെ പേരിൽ പ്രസിദ്ധീകൃതമായിരിക്കുന്ന ഇംഗ്ലീഷ് ലഘുലേഖയിൽ, ഏതാനും സാക്ഷ്യങ്ങൾ ഈ ഗ്രന്ഥത്തിൽ നിന്നു് ഉദ്ധരിച്ചിട്ടുള്ള വസ്തുതയും ഇവിടെ സ്മർത്തവ്യമാകുന്നു. പ്രാചീന മലങ്കരസഭയുടെ വിശ്വാസം നെസ്തോറിയനാണെന്നുള്ള ചിലരുടെ വാദം ഇതോടെ തകരുകയും, പിടിവാദക്കാർ മൗനമവലംബിക്കുകയും ചെയ്തു. തിരുവിതാംകൂർ ഗവർമെന്റിൽ നിന്നും 1906-ൽ പ്രസിദ്ധംചെയ്ത സ്റ്റേറ്റുമാന്വലിൽ, മാണിക്കത്തനാരുടേയും സഹപ്രവർത്തകരുടേയും വാദങ്ങൾ മിക്കവാറും മി. മെക്കൻസി സ്വീകരിച്ചു ചേർക്കയുണ്ടായി.

(2)നിധീരിക്കൽ മാണിക്കത്തനാർ പു. 500–501.

മലങ്കരസഭാചരിത്രപിതാവു് എന്ന ബഹുമതിക്കു സർവദാ അർഹനായ നിധീരിക്കൽ മാണിക്കത്തനാർ 1904 ജൂൺ 20-ാംനു നിര്യാതനായി. നേതാവു മൺമറഞ്ഞുപോകിലും, അനുഗാമികളും സഹപ്രവർത്തകരും ചരിത്രപരമായ അവരുടെ ഗവേഷണങ്ങളും പഠനങ്ങളും തുടർന്നുകൊണ്ടിരുന്നു. പീടിയേക്കൽ യൗസേപ്പു കത്തനാർ, കറുകക്കളത്തിൽ ഗീവറുഗീസു്(സി. ജെ. ജോർജ്)കത്തനാർ, ക. നി. മൂ. സ. ബഞ്ചാർദ്ദതോമ്മാ കത്തനാർ, കുന്നമ്മാവു കമ്മലീത്താ ആശ്രമത്തിലെ ക. നി. മൂ. സ. റപ്പായൽ കത്തനാർ, ചങ്ങനാശേരി വികാരി അപ്പസ്തോലിക്കായുടെ സിക്രട്ടറി ഫാദർ മാത്യു വട്ടക്കളം, ഫാദർ തോമസ്സു് പുരയ്ക്കൽ, തലേക്കോട്ടർ കൂരിയാക്കോസു കത്തനാർ മുതലായവർ ആ ഗണത്തിൽ പെടുന്നു.

മാണിക്കത്തനാരും സഹപ്രവർത്തകരും കൂടി തയാറാക്കിയിരുന്ന ചരിത്രക്കുറിപ്പുകളെ ആധാരമാക്കിയാണു 1908-ൽ "മാത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം" എന്ന ചരിത്രഗ്രന്ഥം പ്രസിദ്ധീകൃതമായതു്. ഫാദർ റപ്പായേൽ റ്റി. ഒ. സി. ഡി., ഫാദർ മാത്യു വട്ടക്കളം, ഫാദർ തോമസ്സു് പുരയ്ക്കൽ, ഫാദർ ഗീവറുഗീസു് കറുകക്കളത്തിൽ എന്നീ വൈദികവരേണ്യരാണു് ചരിത്രക്കുറിപ്പുകളേയും മറ്റും ആധാരമാക്കി പ്രസ്തുതഗ്രന്ഥം തയാറാക്കിയതു്. ചങ്ങനാശേരി പള്ളിക്കടുത്തുള്ള ഒരു കെട്ടിടത്തിൽ, സെൻറു ബർക്കുമാൻസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ മി. ചിദംബരയ്യരുടെ സഹോദരൻ മി. വീരമണി അയ്യർ നടത്തിക്കൊണ്ടിരുന്ന ഒരു പ്രസ്സിൽ, വളരെ രഹസ്യമായി ഇതു് അച്ചടിക്കുകയാണുണ്ടായതു്. യുറോപ്യൻ മിഷ്യനറിമാരെപ്പററിയുള്ള ഭയം നീങ്ങിയിട്ടില്ലാതിരുന്നതിനാലും, മെത്രാന്മാരുടെ അഭിപ്രായങ്ങളെ ഖണ്ഡിക്കുന്ന ഒരു പ്രസിദ്ധീകരണമായിരുന്നതിനാലും ആ പുസ്തകം തങ്ങളുടെ പേരിൽ പ്രസിദ്ധപ്പെടുത്തുന്നതിനോ, അതുമായി തങ്ങൾക്കു എന്തെങ്കിലും ബന്ധമുണ്ടെന്നു പരസ്യമാക്കുന്നതിനോ ആ ബ. വൈദികർ ധൈര്യപ്പെട്ടില്ല.

ഇതിനു് അവരെ ഒരു വിധത്തിലും കുറ്റപ്പെടുത്തിക്കൂടാ. 1902 ആഗസ്റ്റ് 19-ാം തീയതി പ്രൊപ്പഗാന്താ തിരുസ്സംഘം പ്രീഫെക്ട് ചങ്ങനാശേരി വികാരിഅപ്പസ്തോലിക്കായിക്കയച്ച ഒരു കത്തിലെ അധോദ്ധൃതമായ വാക്യങ്ങൾ നോക്കുക: "എനിക്കു കിട്ടിയിട്ടുള്ള ചില വാർത്തകളിൽനിന്നു രണ്ടു സുറിയാനി പട്ടക്കാർ രചിച്ചതും പ്രസിദ്ധീകരണത്തിനുദ്ദേശിക്കപ്പെട്ടിരിക്കുന്നതുമായ പ്രബന്ധങ്ങൾ വഴി, മലയാളദേശത്തു് അവിടത്തെ ക്രിസ്തുമതം സംബന്ധിച്ചു സത്യവിരുദ്ധവും വിവാദാസ്പദവുമായ വിവരങ്ങൾ പ്രചരിക്കുന്നതായി അറിയുന്നു. മലങ്കരയിൽ എല്ലാക്കാലത്തും അനൃനവും സനാതനവുമായ സത്യവിശ്വാസം നിലനിന്നിരുന്നുവെന്നും, പരിശുദ്ധ സിംഹാസനത്തിൽനിന്നും നിയുക്തരായ ലത്തീൻ മിഷ്യനറിമാരുടെ ആഗമനംവരെ മതപരമായ ഭിന്നതകൾ ഉണ്ടായിരുന്നില്ലെന്നുമത്രെ അവർ സ്ഥാപിക്കുന്നതു്. ആകയാൽ, ആ രാജ്യത്തെ മതകലഹങ്ങൾക്കുള്ള ഉത്തരവാദിത്വം മിഷ്യനറിമാരിൽ ആരോപിക്കുവാൻ അവർ ആഗ്രഹിക്കുന്നതായി തോന്നുന്നു". ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന രണ്ടു സുറിയാനിപ്പട്ടക്കാർ മാണിയച്ചനും ബഞ്ചാർദച്ചനുമാണു്. ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്ക ഇവരോടു സമാധാനം ചോദിക്കുകയും ചെയ്തിരുന്നു (3). ഈ പരിതസ്ഥിതിയിൽ, പോർത്തുഗീസുകാരുടെ ആഗമനം വരെ കേരളത്തിൽ മതപരമായ ഭിന്നത ഉണ്ടായിരുന്നില്ലെന്നു സ്ഥാപിക്കുന്ന ഒരു ഗ്രന്ഥത്തിൽ തങ്ങളുടെ പേരു വെയ്ക്കുവാൻ അവർ കൂട്ടാക്കാതിരുന്നതു് തീർത്തും ബുദ്ധിപൂർവ്വമാണു്.

ആകയാൽ "മാത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം" എന്ന ഗ്രന്ഥം കുറവിലങ്ങാട്ട ഇടവകക്കാരൻ പള്ളിവീട്ടിൽ മി. പി. കുര്യന്റെ പേരിലാണു് പ്രസിദ്ധപ്പെടുത്തിയതു്. പുസ്തകത്തിന്റെ മുഖവുര മി. ജേൺ നിധീരി ബി. എ. ബി. എൽ.-ം മറു പ്രസ്താവനകൾ പ്രവർത്തകന്മാരുമാണു് എഴുതിയതു്. പുസ്തകം അച്ചടിച്ചതു ചങ്ങനാശ്ശേരിയിൽ ആണെങ്കിലും അതു് അച്ചടിച്ചതു സുറിയാനി കത്തോലിക്കരുടെ കേന്ദ്രങ്ങളിലെങ്ങുമല്ലായെന്നുള്ള ഒരു ധാരണ പരത്തുന്നതിനുവേണ്ടി, തിരുവനന്തപുരം ഭാസ്കര പ്രസ്സിൽ അച്ചടിച്ചതായിട്ടാണു് പുസ്തകത്തിൽ കാണിച്ചിരിക്കുന്നതു്. പുസ്തകത്തിന്റെ ടൈറ്റിൽ, മുഖവുര മുതലായ ആദ്യഭാഗങ്ങൾ ആ പ്രസ്സിൽ തന്നെ അച്ചടിക്കുകയും ചെയ്തു. പത്താം പീയൂസു് മാർപ്പാപ്പാ തിരുമനസ്സിലെ ഗുരുപ്പട്ട സപ്തതിജൂബിലി സ്മാരകമായി പ്രസിദ്ധീകരിക്കപ്പെട്ട ഈ ഗ്രന്ഥത്തിനു ധാരാളം ഓർഡർകൾ കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നു ലഭിക്കുകയും, അധികകാലതാമസം കൂടാതെ പുസ്തകം മുഴുവനും ചെലവാകുകയും ചെയ്തു.

മലങ്കര യാക്കോബായ മെത്രാപ്പോലീത്തായുടെ സെക്രട്ടറിയും "മലങ്കര ഇടവകപ്പത്രിക" എന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപരുമായിരുന്ന മി. ഇ. എം. ഫിലിപ്പു് (ഇടവഴിക്കൽ പോത്തച്ചൻ) കേരള സഭാചരിത്ര സംബന്ധമായ ഒരു ച

(3) നിധീരിക്കൽ മാണിക്കത്തനാർ പു. 507–508.

ഈടുറ്റ സേവനങ്ങൾ നിർവ്വഹിച്ചമന്ത്രിയായിരുന്നു ചാക്കോ

"എസ്റ്റീംഡ് ആൻഡ് റെസ്പക്ടഡ് ഫ്രണ്ട്" എന്നു ശ്രീ പി. റ്റി. ചാക്കോയെ സംബോധന ചെയ്തുകൊണ്ട്, കേരളഗവണ്മെന്റർ വി. വി. ഗിരി മന്ത്രിയെന്ന നിലയിൽ ചാക്കോയുടെ സേവനങ്ങളെ അകമഴിഞ്ഞു് അഭിനന്ദിച്ചിരിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്താൻ അർഹതയുള്ള സേവനങ്ങളാണു് ചാക്കോയിൽനിന്നു ഉണ്ടായിട്ടുള്ളതെന്നു് ഭരണത്തലവനായ ഗവർണ്ണർ പറഞ്ഞു.

മന്ത്രി അല്ലെങ്കിൽതന്നെയും കേരളത്തിനു മാത്രമല്ല ഇന്ത്യയ്ക്കു മുഴുവനും വിലപ്പെട്ട സേവനങ്ങൾ അർപ്പിക്കാൻ കഴിവുള്ള ഒരു വ്യക്തിയാണു് ശ്രീ ചാക്കോ. പൊതുരംഗത്തു് ഇത്രമാത്രം പ്രഗത്ഭമതികളായ അധികംപേരെ കണ്ടുമുട്ടുക സാധാരണമല്ല. ശ്രീ ചാക്കോ സ്വാർത്ഥമതിയായിരുന്നില്ല. രാജ്യത്തിന്റെ പൊതുനന്മയെ ലാക്കാക്കിയാണു് അദ്ദേഹം പ്രവർത്തിച്ചതു്. എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു ഉറ്റ മിത്രമായിരുന്നു. കഴിവും തൻേറടവുമുള്ള ഒരു വ്യക്തിയെന്നതിലും ഉപരിയായി സംഘടനയെ അകമഴിഞ്ഞു സ്നേഹിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു ശ്രീ ചാക്കോ.

ഒരു ജനാധിപത്യരാഷ്ട്രത്തിൽ മന്ത്രിസ്ഥാനം വന്നുംപോയുമിരിക്കും. അതിൽ അസാധാരണത്വമൊന്നുമില്ല. മന്ത്രിസ്ഥാനത്തുനിന്നു മാറിയതുകൊണ്ടു് ഒരു വ്യക്തിത്വത്തിനു യാതൊരു മാറ്റവും വരുന്നതല്ല. ശ്രീ ചാക്കോയുടെ വ്യക്തിത്വത്തിലും ആശയങ്ങളിലും എനിക്കു ബഹുമാനമാണുള്ളതു്. ചാക്കോയുടെ പ്രശസ്തസേവനങ്ങൾ വിലമതിക്കപ്പെടേണ്ടതുതന്നെയാണു്. ശ്രീ ചാക്കോ രാജ്യത്തിനു ഇതുവരെ നൽകിയ സേവനങ്ങളിൽ കൂട്ടുതൽ സേവനങ്ങൾ ഇനിയും ഈ രാജ്യത്തിനു നൽകുവാൻ അദ്ദേഹത്തിനു കഴിയുമാറാകട്ടെ.

(ദീപിക, ഫെ. 25, 1964)

ഫാദർ തിയഡോഷ്യസ്

പ്രശസ്തനും വിദ്വാനുമായ ഒരു വിദ്യാഭ്യാസപ്രവർത്തകനെയും കഴിവുറ്റ ഒരു വാഗ്മിയെയും അനുകരണീയനായ മാതൃകാപുരോഹിതനെയുമാണു് റവ. ഡോ. തിയഡോഷ്യസിന്റെ നിര്യാണംമൂലം കേരളത്തിനു നഷ്ടപ്പെട്ടിരിക്കുന്നതു്. നമ്മുടെ പൊതുജീവിതത്തിനും വിദ്യാഭ്യാസമണ്ഡലത്തിനും എളുപ്പം നികത്താനാവാത്ത ഒരു വിടവാണു് ഈ മഹാനുഭാവന്റെ ദേഹവിയോഗംമൂലം ഉണ്ടായിരിക്കുന്നതു്..... ഇവിടത്തെ ആദ്ധ്യാത്മിക സാംസ്കാരിക സാമൂഹ്യമണ്ഡലങ്ങളിൽ അവിസ്മരണീയമായ മുദ്രകൾ പതിച്ചിട്ടുള്ള ഈ വന്ദ്യവൈദികന്റെ ആകസ്മികമായ നിര്യാണത്തിൽ ദുഃഖിക്കുകയും... അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

(മലയാള മനോരമ, നവം. 12, 1963)

രിത്രം ഇംഗ്ലീഷിൽ തയ്യാറാക്കി, അന്നു് ഇംഗ്ലണ്ടിൽ താമസിച്ചുകൊണ്ടിരുന്ന പൗരസ്ത്യയാക്കോബ്യനായ ഒരു ഡോക്ടർ ബാവാ മുഖേന ഇംഗ്ലണ്ടിൽ അച്ചടിപ്പിച്ചുകൊണ്ടിരുന്നു. പോർത്തുഗീസുകാരുടെ ആഗമനംവരെ കേരളസഭ യാക്കോബായ വിശ്വാസമാണു സ്വീകരിച്ചിരുന്നതെന്നു ഒരു വിചിത്ര വാദത്തെ താങ്ങിയാണു് അദ്ദേഹം ഗ്രന്ഥം രചിച്ചിരുന്നതു്. എന്നാൽ "മാത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം" വായിച്ചതിനു ശേഷം, അദ്ദേഹം തന്റെ ഗ്രന്ഥത്തിന്റെ അച്ചടി നിർത്തി വെപ്പിക്കുകയാണു് ചെയ്തതു്. പിന്നീടു മരണംവരെ ആ പുസ്തകം പ്രസിദ്ധപ്പെടുത്തുവാൻ അദ്ദേഹം താല്പര്യം കാണിച്ചില്ല. അദ്ദേഹത്തിന്റെ മരണശേഷം പുത്രൻ മി. ഇ. പി. മാത്യു ഇംഗ്ലണ്ടിൽ നിന്നും പുസ്തകത്തിന്റെ കൈയെഴുത്തുപ്രതി വരുത്തി, മലയാളത്തിൽ തർജ്ജമ ചെയ്തു "മാത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭ" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുകയാണുണ്ടായതു് (4). മലങ്കര സുറിയാനിക്കാരുടെ പൂർവ്വിക വിശ്വാസം സംബന്ധിച്ചു പ്രസ്തുത ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന പ്രസ്താവനകൾ, അവ പ്രസിദ്ധീകൃതമാകുന്നതിനു മുൻപുതന്നെ, ഖണ്ഡിക്കപ്പെട്ടുപോയി എന്നുള്ള ഒരു പ്രത്യേകത അതിനുണ്ടു്.

മുൻപു പേരു പറഞ്ഞ ചരിത്ര ഗവേഷകന്മാരിൽ തലേക്കോട്ടർ കുറിയാക്കോസു കത്തനാർ "മലബാറിലെ പൂർവ്വക്രിസ്ത്യാനികൾ" എന്ന ഒരു ഗ്രന്ഥം രചിക്കുകയും, അതിന്റെ പ്രഥമഭാഗം 1910-ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ദ്വിതീയ ഭാഗം എഴുതിയെങ്കിൽ തന്നെ അച്ചടിച്ചിട്ടില്ല.

തുടരും

(എം. ഒ. ജോസഫ് നെടുങ്കുന്നം)

(4) തിരുഹൃദയമാസികയുടെ ശതാബ്ദജൂബിലി സ്മാരക വിശേഷാൽപ്രതി പു. 148–150.

കത്തോലിക്കാപത്രങ്ങളും അഭിപ്രായസ്വാതന്ത്ര്യവും

കത്തോലിക്കാസഭ സഹിഷ്ണുതയുടെയും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും ഒരു പുതിയ യുഗത്തിൽ പ്രവേശിച്ചിരിക്കുകയാണു്. എന്നുവച്ചാൽ ഇന്നലെവരെ സഹിഷ്ണുതയും അഭിപ്രായ സ്വാതന്ത്ര്യവും സഭയിലില്ലായിരുന്നുവെന്നാണോ അർത്ഥമാക്കേണ്ടതു്? ഇന്നു് അതു പൂർണ്ണമായും സഭയ്ക്കുള്ളിൽ പ്രായോഗികമായിക്കഴിഞ്ഞുവെന്നാണോ? സവിശേഷപരിഗണനയർഹിക്കുന്ന രണ്ടു ചോദ്യങ്ങൾക്കു് മുഖവുരയിൽ തന്നെ ഉത്തരം പറയേണ്ടിയിരിക്കുന്നു.

സഹിഷ്ണുതയുടെയും സ്വാതന്ത്ര്യത്തിന്റെയും കാര്യത്തിൽ ലോകത്തിനു കനപ്പെട്ട സംഭാവനകൾ ക്രിസ്തുമതം നൽകിയിട്ടുണ്ടു്. "ശത്രുക്കളെ സ്നേഹിക്കുക" എന്ന ഉപദേശത്തിലാണു് സഹിഷ്ണുതയുടെ കാമ്യു് സ്ഥിതിചെയ്യുന്നതു്. അതിനേക്കാൾ വലിയ ഒരു സഹിഷ്ണുത നമുക്കു വിഭാവനംചെയ്യാൻ സാധ്യമല്ല. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" എന്ന ഉദ്ബോധനത്തിൽ സ്വാതന്ത്ര്യത്തിന്റെ ഒരു തത്ത്വശാസ്ത്രവും അടങ്ങിയിട്ടുണ്ടു്. "സത്യസഭ" യുഗങ്ങളായി മനുഷ്യരാശിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയിട്ടുണ്ടു്; ഇംഗ്ലീഷു് ചരിത്രകാരനായ ആക്ട്ടൻപ്രഭു പാശ്ചാത്യചരിത്രമെഴുതാനൊരിങ്ങിയപ്പോൾ "സ്വാതന്ത്ര്യചരിത്ര"മെന്നതിനു പേരിടുകയും അചിരേണ ക്രിസ്തുവിന്റെസഭയെ ഒഴിച്ചുനിറുത്തിക്കൊണ്ടുള്ള പാശ്ചാത്യസ്വാതന്ത്ര്യചരിത്രം വെറും മിഥ്യയാണെന്നു ഗ്രഹിക്കുകയും ചെയ്തുവത്രെ. ഭൗതികവും മാനസികവുമായ അനവധി അടിമത്തങ്ങളിൽനിന്നു സഭ മനുഷ്യരാശിയെ മോചിപ്പിച്ചിട്ടുണ്ടു്. ഇന്നും ആ "സ്വാതന്ത്ര്യ സമരം" തുടർന്നുകൊണ്ടുമിരിക്കുന്നു.

അപ്പോൾ ഇന്നലത്തെ സഭയും ഇന്നത്തെ സഭയും തമ്മിൽ കാതലായ വ്യത്യാസങ്ങളൊന്നുമില്ലെന്നു വരുന്നു. സത്യവുമതാണു്. എങ്കിൽപ്പിന്നെ സ്വാതന്ത്ര്യത്തിന്റെ ഒരു പുതുയുഗത്തിലേക്കു പ്രവേശിക്കുന്നു എന്നു പറയുന്നതിനെന്തർത്ഥം?

അടിസ്ഥാനപരമായ വിശ്വാസങ്ങളൊക്കെയായിരുന്നുവെങ്കിലും, ബാഹ്യലോകത്തിലുള്ള ഏതെല്ലാം അടിമത്തങ്ങളോടു് സഭ പൊരുതിയിട്ടുണ്ടെന്നിരുന്നാലും സഭയ്ക്കുള്ളിൽ സഹിഷ്ണുതയില്ലായ്മയും, സ്വാതന്ത്ര്യരാഹിത്യവും സർവാധിപത്യപ്രവണതയും ചിലഘട്ടങ്ങളിൽ വളർന്നു വശായിട്ടുണ്ടെന്നാണു ചരിത്രകാരന്മാരുടെ അഭിപ്രായം. ഈ അഭിപ്രായം അതിശയോക്തിപരമോ പക്ഷപാതപരമോ ആയിരിക്കാം. എന്നാൽ ഇത്തരമൊരു അഭിപ്രായം രൂപം പ്രാപിക്കുന്നതിനു നാം ഇടകൊടുത്തു എന്നതാണു പ്രധാനപ്പെട്ട സംഗതി. നാം തിരിഞ്ഞുനോക്കുകയും പശ്ചാത്തപിക്കുകയും ചെയ്യേണ്ടതായി ചിലതൊക്കെ സംഭവിച്ചിട്ടുണ്ടാവണം. അതുകൊണ്ടാണല്ലോ ഇതര സഭകളെ സംബോധനചെയ്തുകൊണ്ടു് "തെറ്റു ഞങ്ങളുടെ പക്ഷത്താണെങ്കിൽ ഞാൻ മാപ്പുചോദിക്കുന്നു" എന്നു് ആധുനിക മാർപ്പാപ്പാ പ്രസ്താവിച്ചതു്. തെറ്റു നിമിത്തമായാലും തെറ്റിദ്ധാരണ നിമിത്തമായാലും "സ്വാതന്ത്ര്യരഹിതമായ ഒരു സമുദായം" എന്ന നമ്മെ ബാഹ്യലോകം തെറ്റിദ്ധരിച്ചിട്ടുണ്ടു്. നാം ആ തെറ്റിദ്ധാരണ നീക്കാൻ യഥാകാലം ശ്രമിച്ചിട്ടില്ല. "ക്രിസ്തുമതത്തിന്റെ ആവിർഭാവത്തോടെ ലോകത്തെങ്ങും പരന്ന അസഹിഷ്ണുതയാണു് അതിന്റെ കൗതുകകരമായ ഒരു സ്വഭാവം" എന്നു ബർട്രണ്ട് റസ്സൽ "ഞാൻ ക്രിസ്ത്യാനിയാകാത്തതെന്തുകൊണ്ടു്" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുകയുണ്ടായി. പല ചിന്തകന്മാർക്കും പണ്ഡിതന്മാർക്കും മനംമടിപ്പിച്ചിട്ടുള്ള അസഹിഷ്ണുത ക്രിസ്തുസഭയിലുണ്ടായിരുന്നുവോ? ഇല്ലെങ്കിലും അങ്ങനെയൊരു ധാരണ പരന്നുവെന്നതു വസ്തുതയാണു്. അതിനു നാം കാരണം കൊടുത്തിട്ടുണ്ടെന്നുള്ളതും നിഷേധിച്ചിട്ട കാര്യമില്ല. അന്യസഭകളെയും വിശ്വാസങ്ങളെയും ശപിച്ചുതള്ളുന്നതിലും തെറ്റു പഠിപ്പിക്കുന്നവർക്കു് ദേഹദണ്ഡനശിക്ഷകൾ നൽകുന്നതിലും ഒരു കാലത്തു് സഭാധികാരികൾ മടിച്ചിരുന്നില്ലപോൽ. ഒരു ആധുനിക കത്തോലിക്കാദൈവശാസ്ത്രജ്ഞന്റെ വാക്കുകൾ കേൾക്കുക: «The inquisition in particular with its appaling trials, confiscation of goods, imprisonments, tortures and countless death sentences, cannot be justified in anyway whatever, however we try to un-

derstand it in terms of the circumstances of the time .....what is bad is that even today the spirit of inquisiton and unfreedom has not died out».

ഇൻകിസിഷനെ നമുക്ക് ഒരു തരത്തിലും നീതീകരിക്കാവുന്നതല്ലെന്നും അതിന്റെ ഭൂതാവേശം ഇന്നും നമ്മിൽ നിന്നു മാഞ്ഞുപോയിട്ടില്ലെന്നുമാണ വത്തിക്കാൻ കൗൺസിലിന്റെ അംഗീകൃത ദൈവശാസ്ത്രജ്ഞരിലൊരാളായ ഹാൻസ് കൃങ്ങ് മേൽക്കാണിച്ച വാക്കുകളിൽ കാണിച്ചിരിക്കുന്നത്. ലെയോ പ്രഥമൻ, വി. തോമസ് അകവീനാസ് മുതലായവർ പോലും അന്യവിശ്വാസ ധ്വംസനത്തിനു ശുപാർശചെയ്ത നടപടികൾ തെറ്റായിരുന്നുവെന്നും അദ്ദേഹം തുടരുന്നുണ്ട്. അദ്ദേഹത്തിന്റെ ഉജ്ജ്വലമായ വാക്കുകൾ വീണ്ടും പകർത്തുന്നപക്ഷം: «Every manifestation in the Church of lack of freedom, however harmless however much under cover whatever religious trimmings it may have, contributes towards making the Church less believable in the eyes of the world and of men in general; and that is a miserable disaster.»

"സ്വാതന്ത്ര്യമില്ലായ്മയുടെ ഒരു പ്രകടനം, അതെത്ര നിസ്സാരമായാലും, മൂടിപ്പൊതിഞ്ഞതായാലും, മതപരമായ ന്യായീകരണങ്ങളോടുകൂടിയതായാലും സഭയ്ക്ക് ബാഹ്യലോകത്തിന്റെ ദൃഷ്ടിയിൽ വിശ്വാസ്യത കുറയ്ക്കുമാനെ ഉപകരിക്കൂ" എന്നാണ ദ്ദേഹം തുറന്നു പറയുന്നത്. സഭയ്ക്കുള്ളിൽ സ്വാതന്ത്ര്യമില്ല എന്നു മറ്റുള്ളവർക്കു തോന്നിയാൽ സഭ വിശ്വാസ്യമായ ഒരു സ്ഥാപനമല്ല എന്നവർ വിധിയെഴുതും. അങ്ങനെ വിധിയെഴുതിയിട്ടുള്ളവരുടെ സംഖ്യ വിപുലമാണ്. ബർട്രാണ്ട് റസ്സൽ തുടങ്ങി മുണ്ടശ്ശേരിവരെയുള്ള ആധുനികന്മാരും ആ പട്ടികയിൽപ്പെടും. അങ്ങനെ പറഞ്ഞതു അവരുടെ തെറ്റു കൊണ്ടായിരിക്കാമെങ്കിലും പറയിച്ചതിന്റെ ഉത്തരവാദിത്വം ക്ഷീണവും നമുക്കു തന്നെയാണ്.

ഈ വസ്തുതകൾ മനസ്സിലാക്കിക്കൊണ്ടാണ് ആധുനിക മാപ്പ്രാപ്പാമാരും വത്തിക്കാൻ സൂനഹദോസും അഭിപ്രായസ്വാതന്ത്ര്യത്തിനേറെയും സഹിഷ്ണുതയുടേയും ഒരു നൂതനയുഗം ഉദ്ഘാടനം ചെയ്തത്. പല തെറ്റുകളും തിരുത്തുവാനുണ്ടെന്ന് അവർക്കു ബോധ്യം വന്നിരിക്കുന്നതായിരുന്നുതന്നെ. പുതിയതായി എന്തെങ്കിലും "സത്യം" അവർ പഠിപ്പിക്കാനൊരുങ്ങുന്നുവെന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. സഭയുടെ "സത്യം" അന്നും ഇന്നും ഒന്നുതന്നെ. സമീപനത്തിൽ കാലോചിതമായ മാറ്റം വരുത്തിയില്ലെങ്കിൽ നാം പിന്തള്ളപ്പെട്ടും എന്നവർക്കു മനസ്സിലായിരിക്കുന്നു. ഇന്നും ആ പഴയ ഭൂതാവേശത്തിന്റെ അവശിഷ്ടങ്ങൾ നമ്മുടെയിടയിലുണ്ടെന്നാണല്ലോ കത്തോലിക്കാചിന്തകന്മാർ പറയുന്നത്. അതിലത്ഭുതപ്പെടാനില്ല. സഭ ദൈവികമായ ഒരു സ്ഥാപനമാണെങ്കിലും, പാപികളും ദുർബലരുമായ മനുഷ്യർ നടത്തിക്കൊണ്ടുപോകുന്ന ഒരു സ്ഥാപനവും കൂടിയാണെന്നു നാമോർക്കണം.

നമ്മുടെ കൈവശമുള്ള "സത്യ"വും സ്വാതന്ത്ര്യത്തിലും നീതിയിലുമുള്ള നമ്മുടെ അഭിവാഞ്ഛയും എങ്ങനെ ലോകത്തെ ഗ്രഹിപ്പിക്കും? പ്രാചീനമായ മതപ്രസംഗത്തിന്റെ രൂപത്തിൽ നമുക്കിന്ന് അതു തികച്ചും സാദ്ധ്യമല്ല. അതു അനുപേക്ഷണീയംതന്നെയെങ്കിലും ആധുനിക ലോകത്തിന്റെ ആവശ്യങ്ങളെ നേരിടാൻ അതു മതിയാകാതെയിരിക്കുന്നു. നമ്മുടെ ജീവിതമാതൃകയും വിശ്വാസ്യതയും നിതിബോധവുംമറ്റും കണ്ട് മറ്റുള്ളവർ നമ്മിലേക്കടുക്കട്ടെ എന്നു വിചാരിച്ചാൽ അതും അപ്രായോഗികമാണ്. അക്രൈസ്തവരെക്കാൾ പ്രായോഗികജീവിതത്തിൽ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നവർ ക്രൈസ്തവരുടെ—കത്തോലിക്കരുടെ—ഇടയിൽ അംഗുലീപരിമിതരായിരിക്കും. ക്രിസ്തുവിന്റെ ചുറ്റുങ്ങിയ ശിഷ്യസഞ്ചയത്തിൽ പോലും, സ്വാർത്ഥന്മാരും, പണക്കൊതിയന്മാരും, വഞ്ചകരും, ഭീരുക്കളുമുണ്ടായിരുന്നുവെങ്കിൽ നമ്മുടെ ഈ ദശാവിശേഷത്തിലത്ഭുതപ്പെടാനില്ല. പിന്നെ ഏതു മാർഗ്ഗത്തിലൂടെ നാം മറ്റുള്ളവരെ നമ്മിലേക്കാകർഷിക്കും. ആധുനിക ജീവിതത്തിന്റെ പ്രചരണോപാധികളായ, കല, സിനിമാ, ടെലവിഷൻ, പത്രമാസികകൾ ഇവയിലൂടെയെല്ലാം നമുക്കവരെ ആകർഷിക്കാം. അതിലെല്ലാം ഉലോമദയനീയമായ പിന്നോക്കനിലയും ശോചനീയമായ പിന്തിരിപ്പൻ നയവുമാണ് നാം സ്വീകരിക്കുന്നതെന്നു പറയാതിരിപ്പാൻ വയ്യ.

നമ്മുടെ നാട്ടിൽ മറ്റു പ്രചരണോപാധികൾക്കുള്ള സൗകര്യങ്ങൾ ഉപയോഗിച്ചു കത്തോലിക്കർ ശരിലിച്ചിട്ടമില്ല. കേരള കത്തോലിക്കാസഭയുടെ ജിഹ്വകൾ കത്തോലിക്കാ പത്രങ്ങളാണ്. കത്തോലിക്കാ പത്രങ്ങൾ മാത്രമാണെന്നു പറയുന്നതിലും വലിയ തെറ്റില്ല. സഭയുടെ സത്യസൗന്ദര്യാദികൾ മറ്റുള്ളവർക്കു കാണിച്ചുകൊടുക്കുന്നതിലും മറ്റുള്ളവരെക്കൂടി നേർവഴിയിലേക്കു നയിക്കുന്നതിലും നമുക്കുള്ള ഉത്തരവാദിത്വം ആധുനിക മാപ്പ്രാപ്പാതന്നെ മിലാൻ ആർച്ചുബിഷപ്പായിരുന്ന

പ്പോൾ പുറപ്പെടുവിച്ച ഒരു ഇടയലേഖനത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ അതിലുപരിയായ ഒരു ധർമ്മംകൂടി കത്തോലിക്കാപത്രങ്ങൾക്ക് ഇന്നു നിർവ്വഹിക്കേണ്ടതായിട്ടാണിരിക്കുന്നതു്. സഭയുടെ സഹിഷ്ണുതയും സ്വാതന്ത്ര്യബോധവും നമ്മുടെ പത്രങ്ങളിൽ പ്രതിഫലിച്ചുകാണണം. വിശ്വാസികളുടെയിടയിലുള്ള ഭിന്നാഭിപ്രായങ്ങളെ പ്രതിഫലിപ്പിക്കുന്നതിനും, തുറന്ന ചർച്ചകളിലൂടെ സത്യത്തിലേക്കു നയിക്കുന്നതിനും അവക്കു കടമയുണ്ട്. വളരെ ഭാരമേറിയ ഒരു കടമയാണിതെന്നുള്ളതിൽ സംശയമില്ല.

കത്തോലിക്കാസഭയെക്കുറിച്ചുള്ള വലിയൊരാക്ഷേപം അതു കമ്മ്യൂണിസ്റ്റുകളെപ്പോലെ സർവ്വാധിപത്യത്തിൽ വിശ്വസിക്കുന്നവെന്നതാണ്. പൊന്തിഫിൽ റഷ്യൻ കോളേജിലെ റെക്ടറായിരുന്ന ഗ്രുസ്സാവോ എ. വെറ്റർ എസ്. ജെ. ദീർഘകാല പഠനത്തിനുശേഷം എഴുതിയിട്ടുള്ള "വൈരുദ്ധ്യാത്മക ഭൗതികവാദം" എന്ന ഗ്രന്ഥത്തിൽ ഈ ആരോപണത്തിന്റെ വിശദാംശങ്ങൾ അപഗ്രഥനബുദ്ധ്യാ നൽകിയിട്ടുണ്ട്. "ലോകം ഇന്നുമോശമായ ഒരു നിലയിലാണെന്നും അതു പുനരുദ്ധരിക്കപ്പെടേണ്ടിയിരിക്കുന്നവെന്നുമുള്ള വിശ്വാസം കത്തോലിക്കർക്കും കമ്മ്യൂണിസ്റ്റുകൾക്കുമുണ്ട്": "കാലത്തിന്റെ പൂർണ്ണത"യിൽ "വെളിപ്പെടുത്തപ്പെട്ട" സത്യങ്ങളിൽ സഭയും വൈരുദ്ധ്യാത്മക പരിണാമത്തിന്റെ പരകോടിയിൽ ആവിഷ്കൃതമായ സിദ്ധാന്തങ്ങളിൽ കമ്മ്യൂണിസ്റ്റുകളും വിശ്വസിക്കുന്നു. മാർക്സ്, എംഗൽസ്, ലനിൻ, സ്റ്റാലിൻ എന്നീ നാലുപേരുടെ "സുവിശേഷ"ങ്ങളിലാണ് കമ്മ്യൂണിസം അടിയുറപ്പിച്ചിരിക്കുന്നതു്. പാർട്ടിയുടെ പ്രബോധനങ്ങൾ അപ്രമാദിത്വമുള്ളവയും ചോദ്യംചെയ്യപ്പെട്ടുകൂടാത്തവയുമാണെന്നും കമ്മ്യൂണിസ്റ്റുകൾ കരുതുന്നു. പാർട്ടിസെക്രട്ടറിയുടെ വ്യക്തിപരമായ അപ്രമാദിത്വത്തിലും അങ്ങനെതന്നെ വിശ്വാസമുണ്ടവർക്ക്. വ്യക്തികളായ ചിന്തകന്മാരുടെ (individual philosophers) ജോലി പാർട്ടിയുടെ പഠനങ്ങൾ വിശദീകരിച്ചുകൊടുക്കുക മാത്രമാണ്. അല്ലാതെ തത്ത്വസംഹിതകൾ വിപുലമാക്കുകയോ പരിഷ്കരിക്കുകയോ അല്ല. തെറ്റായ പഠനങ്ങളെ പാർട്ടി ഔദ്യോഗിക പ്രമേയങ്ങളിലൂടെ ശപിച്ചു തള്ളുന്നു. ശാഠ്യംപിടിച്ചു നില്ക്കുന്നവരെ പുറന്തള്ളുക മാത്രമല്ല നശിപ്പിക്കയും ചെയ്യുന്നു. കട്ടത്ത പട്ടാളച്ചിട്ടയിലും യാഥാസ്ഥിതികത്വത്തിലും സംഘടിപ്പിക്കപ്പെട്ട ഒരു സ്ഥാപനമാണ് പാർട്ടി. അതിനുള്ളിൽ കർശനമായ അച്ചടക്കവും നിശ്ശബ്ദമായ അനുസരണവുമാണാവശ്യം. നേതൃത്വപൂജയും ജാഥകളും ഘോഷയാത്രകളും മുദ്രാവാക്യജപങ്ങളും അതിനെ ഒരു മതമാക്കിമാറ്റിയിരിക്കുന്നു.

കമ്മ്യൂണിസ്റ്റുപാർട്ടിക്കുള്ളിൽ സ്വാതന്ത്ര്യമില്ലെന്നു മേൽപ്പറഞ്ഞ ഓരോ വസ്തുതയും ചൂണ്ടിക്കാട്ടി നാം സമർത്ഥിക്കാറുണ്ട്. അതേ കാരണങ്ങൾ പറഞ്ഞു് അവർക്കു നമ്മെയും ഭത്സിച്ചുകൂടെ? എന്നിട്ടും സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും സംരക്ഷകരായി സ്വയം പ്രദർശിപ്പിക്കുന്നതിൽ കമ്മ്യൂണിസ്റ്റുകൾ ജയിക്കുന്നു. ജനഹൃദയങ്ങളെ അവർ പിടിച്ചെടുക്കുന്നു. കത്തോലിക്കാസഭയിൽ സ്വാതന്ത്ര്യമില്ലെന്നു പറയുന്നവർകൂടി കമ്മ്യൂണിസ്റ്റുപാർട്ടിയിലെ പാരതന്ത്ര്യം ദുസ്സഹമായെണ്ണുന്നില്ല. നാം ശ്രദ്ധിക്കേണ്ട ഒരു സംഗതിയാണിതു്.

കമ്മ്യൂണിസ്റ്റുപാർട്ടി ഇക്കാലത്തു് അതിന്റെ സ്വരം വളരെ മാറ്റിയിട്ടുണ്ട്. സ്വാതന്ത്ര്യത്തെക്കുറിച്ചു പറയുന്നതിൽ മാത്രമല്ല സ്വാതന്ത്ര്യം അനുദിനം കൊടുക്കുന്നതിലും അവർ കുറെയെല്ലാം വിശാലാശയത്വം പ്രകടിപ്പിക്കുന്നുണ്ട്. ഇതൊരുവെറും പ്രകടനമായിരിക്കാം. എന്നാൽ പ്രകടനാന്യമായ നമ്മുടെ "സത്യ"ത്തെക്കാൾ പ്രകടനപരമായ അവരുടെ "വ്യാജം" വിജയിക്കുന്നു. "സത്യം നിങ്ങളെ സ്വതന്ത്രരാക്കു"മെന്നു പഠിപ്പിക്കുന്ന നാമെന്തിനു സ്വാതന്ത്ര്യത്തെ ഭയപ്പെടുന്നു. കേരളത്തിലെ സ്ഥിതി കാണുമ്പോൾ ഈ ചോദ്യം ഉറക്കെ ചോദിക്കാൻ തോന്നിപ്പോവുകയാണ്.

കമ്മ്യൂണിസ്റ്റുകാർ നടത്തുന്ന ഒരു വാരികയിലെ മുഖപ്രസംഗഭാഗം താഴെ ഉദ്ധരിക്കുന്നു:

"ഞാനേകനായിരുന്നുകൊള്ളട്ടെ. എങ്കിൽക്കൂടി ഒരു സിംഹാസനത്തിനുവേണ്ടിപ്പോലും ഞാനെന്റെ സ്വതന്ത്രചിന്ത ഉപേക്ഷിക്കയില്ല എന്ന ബൈറന്റെ വാക്യം പ്രസിദ്ധമാണ്. വ്യക്തികളുടെ ചിന്താസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും അത്ര വിലപ്പെട്ടതാണ്. ആ ബോധമാണ് വാരികയുടെ പ്രവർത്തനത്തിൽ ഞങ്ങളെ എപ്പോഴും നയിക്കുകയെന്നു് ഉറപ്പുപറഞ്ഞുകൊള്ളട്ടെ. വാരികയിലെഴുതുന്നവരാകെ, വാരിക വായിക്കുന്നവരാകെ ഏകാഭിപ്രായക്കാരാവണമെന്നു് ആരും തന്നെ കരുതുവാനിടയില്ല. ഓരോ സംഗതിയിലും അഭിപ്രായവൈജാത്യമുണ്ടാകാം. അതു് അന്യോന്യം കേൾക്കാനും, കേട്ട മനസ്സിലാക്കാനും വിവേചിക്കാനുമുള്ള അവകാശം വ്യക്തികളുടേതാണ്. ആ മൗലികാവകാശത്തെ ഞങ്ങൾ ഒരു തരത്തിലും തടസ്സപ്പെടുത്തുന്നതല്ല. വാരികയിലെ ചില ലേഖനങ്ങളോടും, ലേഖകന്മാരോടും എതിരഭിപ്രായമു

ള്ള ചിലർ അത്തരം ലേഖനങ്ങൾക്കും ലേഖകന്മാ
ക്കുമെതിരേ വാതായനം അടച്ചുകളയണമെന്നു്
ആവശ്യപ്പെട്ടിട്ടുണ്ടു്..... എന്നാൽ മേൽപ്പറഞ്ഞ
രണ്ടുകൂട്ടക്കുവേണ്ടിയും ഈ പത്രത്തിന്റെ താളുകൾ
എപ്പോഴും തുറന്നിട്ടിരിക്കുകയാണു്, ഒരു കൂട്ടക്കുവേ
ണ്ടിമാത്രം കാത്തുകെട്ടിക്കുന്ന പ്രശ്നമേയില്ല.....''

(ജനയുഗം, 1964 ജനു. 9)

നോക്കുക. അഭിപ്രായസ്വാതന്ത്ര്യത്തിന്റെ
ആജന്മ വൈരികളെന്ന കുപ്രസിദ്ധി നേടിയിട്ട
ള്ളവർ അതിന്റെ സംരക്ഷകന്മാരായി മാറുന്നതു്!
പത്രപ്രവർത്തനത്തിൽ എത്ര ആകർഷകമായി അവ
രതു പ്രയോഗത്തിൽ വരുത്തുന്നു. തൽഫലമായി
കത്തോലിക്കരായ പലരും ആവാരികയിൽ ലേഖ
നങ്ങളെഴുതുകയും വരുത്തി വായിക്കുയും ചെയ്യുന്നു.
എന്നാൽ കത്തോലിക്കാപത്രങ്ങളുടെ നിലയോ?
വിധിപറയുന്നു ചുമതല ഞാൻ വായനക്കാക്കു
വിടുന്നു.

അഭിപ്രായ സ്വാതന്ത്ര്യത്തെ അശേഷം മാ
നിക്കാത്ത പത്രങ്ങളുടെ ഗണത്തിലാണു് ഇവിട
ത്തെ മിക്ക കത്തോലിക്കാപത്രങ്ങളും മാസികക
ളും. കത്തോലിക്കാസഭയ്ക്കുവേണ്ടി സംസാരിക്കാനു
ള്ള അധികാരം തങ്ങൾക്കുമാത്രമാണെന്നും തങ്ങളു
ടെ അഭിപ്രായത്തോടു യോജിക്കാത്തവരെല്ലാം ശ
ത്രുക്കളാണെന്നും അവയുടെ അധിപന്മാർ ആത്മാ
ർത്ഥമായി വിശ്വസിക്കുന്നു. എതിരഭിപ്രായങ്ങളെ
ല്ലാം ''ബാലിശ''ങ്ങളാണവരുടെ ദൃഷ്ടിയിൽ. അ
നുകൂലാഭിപ്രായങ്ങൾ എത്രതന്നെ യുക്തിശൂന്യവും
സംസ്കാരരഹിതവുമാണെങ്കിലും അവരതു് അമി
തപ്രാധാന്യം നൽകി പ്രസിദ്ധപ്പെടുത്തും. ഇങ്ങ
നെയാണു് ''സഹിഷ്ണുതയില്ലാത്തവൾ'' എന്നും
''സർവ്വാധിപതി'' എന്നുമുള്ള ദുഷ്പേരു് അവർ
കത്തോലിക്കാസഭയ്ക്കു സമ്പാദിച്ചുകൊടുത്തതു്.

വാർത്തകൾ നൽകുന്ന കാര്യത്തിലും ''സത്യ
ദീക്ഷ''യല്ല ''ഹിതദീക്ഷ''യാണു് കത്തോലിക്കാ
പത്രങ്ങൾ ഏറിയകൂറും പുലർത്തിപ്പോരുന്നതു്. മാ
ർപ്പാപ്പാമാരുടെ നിരന്തര പ്രബോധനങ്ങൾക്കു കട
കവിരുദ്ധമായ മാർഗ്ഗമാണിതെന്നു വ്യക്തമാണ
ല്ലൊ. ഒന്നുരണ്ടുദാഹരണങ്ങൾ പറയാം. നേതാജി
സുഭാഷ് ചന്ദ്രബോസിന്റെ 67-ാം ജന്മദിനം സ
വിശേഷമായാഘോഷിക്കയും അദ്ദേഹത്തിന്റെ
സ്മരണയ്ക്കായി ഒരു സ്മാരകമന്ദിരം പ്രസിദ്ധപ്പെട
ുത്തുകയും ചെയ്യുകയുണ്ടായി ഈയിടെ നമ്മുടെ ഗ
വണ്മെന്റു്. അകത്തോലിക്കാപത്രങ്ങളിലെല്ലാം
നേതാജിയുടെ ജന്മദിനത്തിൽ വാർത്തകളും ചിത്ര
ങ്ങളും ലേഖനങ്ങളും വന്നു. കത്തോലിക്കാ പത്ര
ങ്ങൾ അങ്ങനെയൊരു സംഭവം അറിഞ്ഞതേയി
ല്ല. അവർ മലഞ്ചരക്കിന്റെ വിലക്കയറ്റത്തെപ്പ
റ്റി മുഖപ്രസംഗമെഴുതി അന്നത്തെ ദിവസം ആ
ഘോഷിച്ചു.

ലോകപ്രസിദ്ധ സാഹിത്യകാരനായ ആൽ
ഡസ് ഹക്സ്ലി മരിച്ച വിവരം അകത്തോലിക്കാ
പത്രങ്ങളിൽ ഉചിതപ്രാധാന്യത്തോടെ പ്രസിദ്ധ
പ്പെടുത്തി. അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടിക
ളെ വിലയിരുത്തുന്ന ലേഖനങ്ങളും വന്നു. കത്തോ
ലിക്കാ പത്രങ്ങൾ ഈ വിവരം അറിഞ്ഞതേയില്ല.

നീഗ്രോകളുടെ സ്വാതന്ത്ര്യസമരം നയിക്കുന്ന
''മാർട്ടിൻ ലൂതർ കിങ്ങു്'' എന്ന അമേരിക്കാക്കാര
നെ ടൈം മാസിക ഈയാണ്ടത്തെ വിശിഷ്ടവ്യ
ക്തിയായി പ്രഖ്യാപിച്ചു. അകത്തോലിക്കാ പത്ര
ങ്ങളിൽ മാത്രമല്ല ഹൈന്ദവപത്രങ്ങളിലും ഈ
വാർത്തയും കിങ്ങിനെക്കുറിച്ചുള്ള ദീർഘലേഖനങ്ങ
ളും പ്രത്യക്ഷപ്പെട്ടു. ഒരു പ്രോട്ടസ്റ്റൻറുകാരനെ അ
ങ്ങനെ വല്യതാക്കുന്നതിൽ കത്തോലിക്കാപത്രങ്ങൾ
ക്കു് എതിപ്പുണ്ടു്. ''ടൈം'' മാസികയിൽ നമ്മുടെ
മാപ്പാപ്പാമാരെയും സൂനഹദോസിനെയുംകുറിച്ചു്
വരുന്ന വസ്തുനിഷ്ഠങ്ങളും പണ്ഡിതോചിതങ്ങളുമാ
യ ലേഖനങ്ങളെ കത്തോലിക്കാ പത്രാധിപന്മാർ
മതിക്കാറുണ്ടു്. എന്നാൽ ''ടൈം''പോലുള്ള പത്ര
ങ്ങളുടെ ദൃഷ്ടിയിൽ മാപ്പാപ്പായുടെയും, മറ്റു ലോ
കനേതാക്കളുടെയും സേവനങ്ങൾക്കു് ''വാർത്താമൂ
ല്യം'' ഒരു പോലെയാണു്. കത്തോലിക്കാപത്രം
കത്തോലിക്കാ ആദർശത്തിലടിയുറച്ചു നില്ക്കുമ്പോഴും
മറ്റുള്ളവയുടെ ''വാർത്താമൂല്യം'' നിഷേധിക്കുക
തു്. അതു കണ്ണടച്ചിരുട്ടാക്കലാണു്. വായനക്കാർ
വാർത്തയറിയാൻ മറ്റു പത്രങ്ങൾ തേടിപ്പോകുന്ന
തു വെറുതെയല്ല.

ഏതെങ്കിലും ഒരു പാഠ്യപുസ്തകം അശ്ലീലമാ
ണെന്നു് ഒരു കത്തോലിക്കാ പത്രാധിപർക്കു തോ
ന്നിയെന്നിരിക്കട്ടെ. ആ തോന്നൽ ശരിയാണെന്നു്
സ്ഥാപിക്കുവാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണു്.
എന്നാൽപോലും മറ്റുള്ള കത്തോലിക്കരെല്ലാം
ആ അഭിപ്രായം സ്വീകരിക്കാൻ ''മഹറോൻ'' രൂ
ക്ഷയുടെ കീഴിൽ ബാദ്ധ്യസ്ഥരല്ല. കത്തോലിക്കാസഭ
പ്രസ്തുത പുസ്തകത്തെക്കുറിച്ചു് ഒരു ഔദ്യോഗിക
വിജ്ഞാപനമിറക്കുന്നതുവരെ പത്രാധിപരുടെ അ
ഭിപ്രായത്തോടു തുല്യമായ വില അതിനെ എതി
ർക്കുന്നവരുടെ അഭിപ്രായത്തിനുമുണ്ടായിരിക്കും. എ
ന്നാൽ ഇവിടത്തെ സ്ഥിതിയെന്താണു്? എതിരഭി
പ്രായം കേൾക്കാനോ പ്രസിദ്ധപ്പെടുത്താനോ പ
ത്രാധിപർ തയ്യാറില്ല. എന്നുതന്നെയല്ല മറ്റു വല്ല
യിടത്തും യുക്തിപൂർവ്വം ഒരു എതിരഭിപ്രായം പ്ര
കാശിപ്പിക്കുന്നവരെ യുക്തിഹീനമായി ചെളിവാ

രിയെറിയാനും പത്രാധിപർ കൂട്ടുനില്ക്കും. പ്രതിയോഗികളുടെ വാദഗതികളെ ഖണ്ഡിക്കുന്നതിനു പകരം അവരെ "വൈദികവിദ്വേഷി"കളെന്നും "ദുർമ്മാഗ്ഗി"കളെന്നും "സഭാശത്രു"ക്കളെന്നും മുദ്രകുത്തി പുറത്താക്കുവാനാണ് നമ്മുടെ പത്രാധിപർ തയ്യാറാകുക. പത്രാധിപരുടെ അഭിപ്രായം ശരിയാണെന്നിരുന്നാൽപ്പോലും ഇതരാഭിപ്രായങ്ങൾ പ്രതിഫലിപ്പിക്കുവാനും സമുദായത്തിന്റെ എല്ലാ തലത്തിലുമുള്ള ചിന്താഗതികൾക്കും പ്രകാശനോപാധി തുറന്നുകൊടുക്കുവാനും അദ്ദേഹം തന്റെ കർത്തവ്യത്താൽ ബാദ്ധ്യസ്ഥനാണ്. കത്തോലിക്കാസഭ വാഗ്ദാനംചെയ്യുന്ന ഈ അഭിപ്രായസ്വാതന്ത്ര്യമെവിടെ? നമ്മുടെ പത്രങ്ങൾ അടിച്ചേല്പിക്കുന്ന ആശയപാരതന്ത്ര്യമെവിടേ?

ഈവക കാര്യങ്ങളിൽ സഭയുടെ ആധുനിക നിക്കങ്ങളോട് പൊരുത്തപ്പെട്ടുപോകാൻ ശ്രമിക്കുന്ന ചില പത്രാധിപന്മാർ ഇവിടെയില്ലെന്നില്ല. (അവർക്ക് കിട്ടുന്ന പ്രതിഫലം മുൾക്കിരീടവും കുരിശുമരണവുമായിരിക്കും!) ഒരു കത്തോലിക്കാപത്രത്തിന്റെ അധിപർ എഴുതുന്നതു നോക്കുക:—

"ഒരു സാമൂഹികരാഷ്ട്രീയദിനപത്രത്തിന്റെ അധിപരെന്ന നിലയിലാണ് ഈ ദൌത്യം ഞാനേറ്റെടുത്തിട്ടുള്ളതു്. മതാനുയായികളുടെ മനസ്സാക്ഷിസ്വാതന്ത്ര്യത്തെ സ്പർശിക്കുന്ന മതാധികാരം പൂണ്ടപ്രബോധനരൂപം ഒരു സ്വതന്ത്രസാമൂഹികരാഷ്ട്രീയപത്രത്തിന്റെ ആഹ്വാനത്തിൽ ആരും കാണുകയില്ലല്ലോ.(!) ലോകത്തിൽ വൈദികരും അൽമായരും അധിപന്മാരായിട്ടുള്ള പല കത്തോലിക്കാപത്രങ്ങളുമുണ്ട്. അവയിൽ ചില പത്രങ്ങൾ രാഷ്ട്രീയവീക്ഷണങ്ങളുള്ളവയാണ്. ഇത്തരം കത്തോലിക്കാപത്രങ്ങളിൽ വൈദികർ പത്രാധിപന്മാരാകാറുണ്ട്. തങ്ങളുടെ വൈദികമേലദ്ധ്യക്ഷന്മാരുടെ അനുമതിയോടെയാണ് അവർ ആ പ്രവർത്തനം ഏറ്റെടുക്കുന്നതു്. ഒരു രാഷ്ട്രീയപാർട്ടിയെ വിമർശിക്കാനും മറെറാരു രാഷ്ട്രീയപാർട്ടിയെ പ്രോത്സാഹിപ്പിക്കാനും അത്തരം കത്തോലിക്കാപത്രങ്ങൾ ചിലപ്പോൾ നിർബ്ബന്ധിതരാകാറുണ്ട്. എന്നുവച്ചു് ആ പത്രത്തിന്റെ രാഷ്ട്രീയാഭിപ്രായം കത്തോലിക്കാസഭയുടെയോ ഹയരാർക്കിയുടെയോ അഭിപ്രായമായി ആരും കണക്കാക്കാറില്ല.

കേരളത്തിലെ കഥതന്നെ നോക്കുക. ഇവിടെ പല കത്തോലിക്കാപത്രങ്ങളുമുണ്ട്. ചില പത്രങ്ങളുടെ അധിപന്മാർ വൈദികരുമാണ്. ഇതിൽ ഒരു പത്രം കോൺഗ്രസ്സിനെയാണ് പിന്താങ്ങുന്നതെന്നു വയ്ക്കുക. എന്നുവച്ചു് ആ നയം കേരളകത്തോലിക്കാസഭയുടെ നയമായിക്കൊള്ളണമെന്നില്ല. വേറൊരു കത്തോലിക്കാപത്രം കെ. ടി. പി. യെ പിന്താങ്ങുന്നുവെന്നു കരുതുക. ആ അഭിപ്രായവും വിശ്വാസികളെ സംബന്ധിച്ചിടത്തോളം സ്വീകരിച്ചുകൊള്ളണമെന്നില്ല.

ചില പ്രതിസന്ധിഘട്ടങ്ങളിൽ വൈദികരായ പത്രാധിപന്മാർ രാഷ്ട്രീയ പാർട്ടികളെ പിന്താങ്ങുന്നതിൽ നിന്നു് സഭാതലത്തിൽ അനൈക്യങ്ങളും അസ്വസ്ഥതകളുമുണ്ടാകും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ആ വൈദികരെ പത്രാധിപസ്ഥാനത്തു നിന്നു നീക്കുകയും തൽസ്ഥാനത്തു് അല്മായരെ നിശ്ചയിക്കുകയും ചെയ്യാറാണു പതിവു്. പല രാജ്യങ്ങളിലും രാഷ്ട്രീയ സ്വഭാവമുള്ള കത്തോലിക്കാപത്രങ്ങളുടെ നടത്തിപ്പു് അല്മായരെ ഏല്പിക്കുകയെന്ന നയമാണു കൂടുതൽ പ്രായോഗികവും പ്രയോജനകരവുമായി കണ്ടിട്ടുള്ളതു്. കത്തോലിക്കാവൈദികൻ നടത്തുന്ന ഒരു പത്രത്തിന്റെ സ്വരം വൈദികമണ്ഡലത്തിന്റെ ഔദ്യോഗിക സ്വരമായി തെറ്റിദ്ധരിക്കാതിരിക്കാനാണു് ഈ സജ്ജീകരണം. പ്രശസ്തരായ വളരെ വൈദികർ മുഴുവൻ സമയപ്രവർത്തകരായിട്ടുള്ള "ഒബ്സർവേത്തോരെ റൊമാനോ" എന്ന വത്തിക്കാൻ പത്രത്തിന്റെ മുഖ്യപത്രാധിപർ ഒരു അൽമായനാണെന്ന വസ്തുതയും ഇവിടെ സ്മരണീയമാണു്".

(ഫാ. വടക്കൻ, തൊഴിലാളി, 1964 ഫെ. 9)

ഉദ്ധരണി നീട്ടുന്നില്ല. ഇവിടെ ലേഖകൻ വെളിപ്പെടുത്തുന്ന ചില സംഗതികൾ കത്തോലിക്കാ പത്രപ്രവർത്തകർ ശ്രദ്ധിക്കേണ്ടതാണു്. (1) മതാധികാരംപൂണ്ട പ്രബോധനരൂപം രാഷ്ട്രീയസാമൂഹ്യസ്വഭാവമുള്ള ഒരു കത്തോലിക്കാപത്രത്തിന്റെ പരിധിയിൽ പെട്ടതല്ല. (2) ഒരു പത്രത്തിന്റെ അഭിപ്രായം കത്തോലിക്കാസഭയുടെ ഔദ്യോഗികാഭിപ്രായമല്ല. (സഭയുടെ ഔദ്യോഗികാഭിപ്രായമെന്ന ഭാവത്തിൽ ഒരു പത്രത്തിന്റെയോ പത്രാധിപരുടെയോ അഭിപ്രായം അടിച്ചേല്പിക്കാനും പാടില്ല.) (3) ഒരഭിപ്രായത്തെയോ കക്ഷിയേയോ പിന്താങ്ങുന്നതിൽ തെറ്റില്ല. ചിലപ്പോൾ അതു് ആവശ്യവുമാകാം. എന്നുവച്ചു് വിശ്വാസികളുടെ മനസ്സാക്ഷിയ്ക്കുമേൽ പത്രത്തിന്റെ അഭിപ്രായം ഭീഷണിയായിത്തീരരുതു്. (4) വൈദികപത്രാധിപന്മാർ ഒരു കക്ഷിക്കോ അഭിപ്രായത്തിനോ വേണ്ടി കടുംപിടുത്തം തുടങ്ങിയാൽ അതു സഭയുടെ അഭിപ്രായമായി തെറ്റിദ്ധരിക്കാനിടയുണ്ട്. (5) അൽമായരെ മുന്നണിയിലേക്കു കൊണ്ടുവരുകയും ഉത്തരവാദിത്വങ്ങളേല്പിക്കുകയും ചെയ്യുന്നതു ഗുണകരമായിട്ടാണു് കണ്ടുവരുന്നതു്.

കേരളത്തിലെ സ്ഥിതിയെന്താണു്. തങ്ങളു

ടെ അഭിപ്രായം കത്തോലിക്കാസഭയുടെ ഔദ്യോഗികാഭിപ്രായമാണെന്നു നടിക്കാനും, വിശ്വാസികളുടെ മനസ്സാക്ഷിക്കുമേൽ സമ്മർദ്ദം ചെലുത്താനും, തങ്ങളോടു യോജിക്കാത്തവരെ സഭാശത്രുക്കളെന്നു മുദ്രയടിക്കാനും ഇവിടത്തെ പത്രങ്ങൾക്കു മടിയില്ല. അൽമായർ മുന്നണിയിൽ വന്നുകൂടാ. അവർ എപ്പോഴും പിന്നിൽ നില്ക്കുകയും തങ്ങളെ പിന്താങ്ങുകയും ചെയ്യുകയേ പാടുള്ളൂ. സ്വന്തമായ ചിന്ത അവർക്കു വിധിച്ചിട്ടില്ല. തങ്ങൾ നിശ്ചിച്ചിട്ടുള്ള "പാട്ടി ലൈനുകൾക്കു്" വിശദീകരണം നൽകുകയാണു് വ്യക്തികളായ ചിന്തകന്മാരുടെ (Individual Philosophers!) കർത്തവ്യം. മനപ്പൂർവ്വമല്ലെങ്കിലും കത്തോലിക്കാപത്രങ്ങളുടെ പ്രവർത്തനത്തിൽനിന്നു് ഒരു ബാഹ്യനിരീക്ഷകൻ ഇത്തരം നിഗമനങ്ങളിലെത്തിച്ചേരാൻ നിർബ്ബന്ധിതനായാൽ അയാൾക്കു കത്തോലിക്കാപത്രങ്ങളെക്കുറിച്ചു മാത്രമല്ല കത്തോലിക്കാസഭയെക്കുറിച്ചും ദുരഭിപ്രായമുണ്ടാകാം. സഭ നൽകുന്ന സ്വാതന്ത്ര്യത്തെക്കുറിച്ചു് അയാൾക്കൊരു ശ്രുപം കിട്ടുന്നതു് സഭയുടെ ജിഹ്വകളായ പത്രങ്ങളിൽനിന്നായിരിക്കും. അപ്പോൾ കത്തോലിക്കാപത്രങ്ങൾ അഭിപ്രായസ്വാതന്ത്ര്യത്തിന്റെ സംരക്ഷകരാണെന്നു പ്രവൃത്തികൊണ്ടു തെളിയിക്കണം. എങ്കിൽമാത്രമെ സഭ സ്വാതന്ത്ര്യത്തിന്റെ സംരക്ഷകയാണെന്നു വായനക്കാർ മനസ്സിലാക്കുകയുള്ളൂ.

നമ്മുടെ പത്രാധിപന്മാർക്കു് ഒരായുധമുണ്ടു്. തങ്ങൾ വളർത്തിക്കൊണ്ടുവരുന്ന അഭിപ്രായത്തിനെതിരായി ആരെങ്കിലും ശബ്ദിച്ചുപോയാൽ "ഉതപ്പുണ്ടാക്കുന്നവൻ" എന്നു് അവന്റെമേൽ മുദ്രയടിച്ചു കഴുത്തിൽ കല്ലുകെട്ടുക. "ഉതപ്പും സത്യവും വിരുദ്ധഗതിയിൽ വരുമ്പോൾ ഉതപ്പുണ്ടായിക്കൊള്ളട്ടെയെന്ന കരുതിയാലും സത്യത്തെ അവഗണിക്കാതിരിക്കയാണു വേണ്ടതു്" എന്ന മഹാനായ ഗ്രിഗരി മാപ്പാപ്പാ എഴുതിയിട്ടുണ്ടെന്നുള്ള സംഗതി നാം വിസ്മരിക്കരുതു്. മേലധികാരികളെ വിമർശിക്കുന്നതും സ്വാതന്ത്ര്യാഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതും "ഉതപ്പുണ്ടാക്കു"മെന്നാണു് നമ്മുടെ ഭയം. അത്തരം "ഉതപ്പു"കാരുടെ മദ്ധ്യസ്ഥന്മാരായി കുറെ പുണ്യാത്മാക്കളുമുണ്ടായിട്ടുണ്ടെന്നു നാം മറക്കാതിരിക്കുക. ഒന്നാമത്തെ മാപ്പാപ്പായായ വിശുദ്ധ പത്രോസിനെ പരസ്യമായി വിമർശിക്കാൻ വി. പൗലോസ് ധൈര്യപ്പെട്ടു. വി. പൗലോസിൽ ആരും ഉതപ്പോ സഭാവിദ്വേഷമോ ആരോപിച്ചില്ല. വിക്ടർ മാപ്പാപ്പായ്ക്കെതിരായി വിശുദ്ധ ഇരേണിയസും, ഡമാസൂസു മാപ്പാപ്പായ്ക്കെതിരായി വിശുദ്ധ ജറോമും, ഗ്രിഗരി പതിനൊന്നാമനെതിരായി സ്വീഡനിലെ ബ്രിജീത്തയും, മൂന്നാം ക്ലെമന്റിനെതിരായി വി. ഫിലിപ്പു നേരിയും വിമർശനസ്വരമുയർത്തി. അവിടെയെങ്ങും ആരും അധികാരധിക്കാരവും ഉതപ്പും ആരോപിച്ചില്ല. സഭ അതുകൊണ്ടു കടലിൽ താണില്ല. അഭിപ്രായസ്വാതന്ത്ര്യത്തിന്റെ ഉരുക്കുകോട്ടയെന്നു സൽപ്പേരു് കത്തോലിക്കാസഭയ്ക്കു് അതുമൂലം ഉറയ്ക്കുകയാണു ചെയ്തതു്. ഇവിടെ സ്വതന്ത്രാഭിപ്രായവും വിമർശനവും ഉതപ്പുണ്ടാക്കുമെന്നും, സഭയെ വെള്ളത്തിലാക്കുമെന്നും ചിലർ ഭയപ്പെടുന്നു. കത്തോലിക്കാപത്രങ്ങളുടെ കത്തോലിക്കാചൈതന്യം!

സ്വതന്ത്രാഭിപ്രായം പുറപ്പെടുവിക്കാനൊരുങ്ങുന്നവർക്കു് നൽകപ്പെടുന്ന മറ്റൊരുപദേശം "വിവേക" ത്തെ (prudence) മുൻനിറുത്തി അത്തരം അഭിപ്രായങ്ങൾ പുറപ്പെടുവിക്കാതിരിക്കയാണു നല്ലതെന്നാണു്. അധികാരവും പത്രങ്ങളും കൈയിലുള്ളവരെ നിരന്തരം പ്രീണിപ്പിക്കുകയെന്നതാണു് വിവേകത്തിനു നൽകപ്പെട്ടിരിക്കുന്ന നൂതനാർത്ഥം എന്നു തോന്നിപ്പോകും. ദൈവശാസ്ത്രജ്ഞനായ ഹാൻസുകൃങ്ങിനെത്തന്നെ വീണ്ടുമുദ്ധരിക്കുന്ന പക്ഷം «The virtue of prudence has often been falsified in the Church in a very time-serving way: made to mean being careful only to say what is opportune, i. e., what is pleasing to those in charge. This meant over looking the fact that in the New Testament caution plays only a small role, frankness a large one». ആജ്ഞാവത്തിനും തുറന്ന മനഃസ്ഥിതിക്കുമാണു് വലിയ സ്ഥാനം നൽകേണ്ടതെന്നദ്ദേഹംതുടർന്നു സ്ഥാപിക്കുന്നു. സ്വന്തമായി വല്ല അഭിപ്രായവുമുള്ളവർ മിണ്ടാതിരിക്കുകയാണു തുറന്നു പറയുന്നതിനെക്കാൾ സഭാസേവനമായി ഇവിടെ കരുതപ്പെടുന്നതു്. കഴിവുള്ളിടത്തോളം സ്നിഗ്ദ്ധതയും അത്യാവശ്യത്തിനുമാത്രം അഭിപ്രായപ്രകടനവുമെന്ന തത്ത്വം സർവ്വാധിപത്യരാഷ്ട്രങ്ങളുടേതാണു്. കഴിവുള്ളിടത്തോളം അഭിപ്രായപ്രകടനവും അത്യാവശ്യത്തിനു മാത്രം ആത്മനിയന്ത്രണവുമെന്ന തത്ത്വമാണു് കത്തോലിക്കാസഭയ്ക്കു സ്വീകാര്യമായിട്ടുള്ളതെന്നും കുറ്റം ചൂണ്ടിക്കാട്ടുന്നു.

കഴിവുള്ളിടത്തോളം അഭിപ്രായസ്വാതന്ത്ര്യം നൽകപ്പെട്ടില്ലെങ്കിൽ "കത്തോലിക്കാസഭയിൽ സ്വാതന്ത്ര്യമില്ല" എന്നു മറ്റുള്ളവർ ധരിക്കുമെന്നൊരു ദോഷം മാത്രമല്ല; സഭയുടെ സന്താനങ്ങൾ അഭിപ്രായസ്വാതന്ത്ര്യം അനുവദിക്കുന്ന രംഗങ്ങൾ തേടി പുറത്തേക്കു പോകും. കമ്മ്യൂണിസ്റ്റുകാർ

ആ സ്വാതന്ത്ര്യം ഇന്നു വാശ്ചാനം ചെയ്യുന്നുണ്ട്. കമ്മ്യൂണിസ്റ്റു പത്രങ്ങളിലെഴുതുവാൻ കത്തോലിക്കർ തയ്യാറാകുന്നതിനു കാരണം മറ്റൊന്നല്ല. സ്വതന്ത്രാഭിപ്രായം പ്രകടിപ്പിക്കുന്നവരെ "ഉതപ്പുകാരും ദുർമ്മാഗ്ഗികളും സഭാവൈരികളു"മെന്നു മുദ്രയടിക്കുന്ന സ്വഭാവം ഇരട്ടി ദോഷം ചെയ്യും. മുദ്രയടിക്കപ്പെട്ടുന്നവർക്ക് സഭയിലും സമുദായത്തിലും സ്ഥാനമില്ലെന്നവരും. ശത്രുപാളയങ്ങളെ അഭയം തേടുവാൻ അവർ നിർബ്ബന്ധിതരായിത്തീരുകയും ചെയ്യും. അന്യ പത്രങ്ങളും രംഗങ്ങളും തേടി കത്തോലിക്കർ പോകാനിടവരുത്തുന്നതിനേക്കാൾ പാട്ടള്ളിടത്തോളം സ്വാതന്ത്ര്യം സഭാസന്താനങ്ങൾക്ക് നാം നൽകുകയല്ലേ നല്ലതെന്ന് ഈ വിവേകികളായ പത്രാധിപന്മാർ അവരുടെ സാമാന്യബുദ്ധിയോടു ചോദിക്കുന്നതു നന്നായിരിക്കും. നമ്മുടെ പത്രത്തിൽകൂടി പ്രകടിപ്പിക്കപ്പെട്ടുമ്പോൾ മിതവും മാന്യവുമായ സ്വരത്തിലായിരിക്കും കത്തോലിക്കരുടെ അഭിപ്രായം വരിക. മറെറാന്നുമില്ലെങ്കിലും നമ്മുടെ പത്രങ്ങളിലൂടെ സ്വന്തം ആശയങ്ങൾ പ്രകടിപ്പിക്കുവാൻ സാധിച്ചതിൽ ലേഖകന്മാർ സന്തുഷ്ടരായിക്കൊള്ളുകയും ചെയ്യും. പുറമേയുള്ള പത്രങ്ങളിലേക്കു കടന്നാൽ ആ പത്രങ്ങളുടെ തഞ്ചത്തിനനുസരിച്ച് അമിതവും- ചിലപ്പോൾ വിദ്വേഷപൂർണ്ണവുമായ ഭാഷ ഉപയോഗിക്കുന്നതിനും പ്രതികാരബുദ്ധിയോടെ പ്രവർത്തിക്കുന്നതിനും ലേഖകന്മാർ നിർബ്ബന്ധിതരായിപ്പോകും. ഇതു കേവലമനശ്ശാസ്ത്രം വിധിക്കുന്ന വിധിയാണ്. സ്വന്തം വീട്ടിൽ അഹിക്കുന്ന പരിഗണനയും സ്വാതന്ത്ര്യവും നൽകപ്പെടാത്ത ചില മക്കൾ വെളിയിലിറങ്ങി ശത്രുക്കളോടുചേർന്നു പ്രതികാരബുദ്ധിയോടെ കുടുംബത്തെ നശിപ്പിക്കാനൊരുങ്ങുന്ന സംഭവങ്ങൾ നാം കേട്ടിട്ടുണ്ടല്ലോ.

മൂൻവിധി ഒരു സഭാവദോഷമായി വളർത്തിയെടുത്തിട്ടുള്ള ചില ആളുകളുണ്ട്. കേവലം നിർദ്ദോഷമായ ഒരു പ്രസ്താവനയിൽപ്പോലും അവർ പരിഹാസവും ദുരുദ്ദേശവും കണ്ടെത്തിയെന്നുവരും. അങ്ങനെയുള്ളവർ ഈ ലേഖനം വായിക്കാനിടയായാൽ "തോന്നിയതെല്ലാം പറയാനുള്ള സ്വാതന്ത്ര്യം" ഞാനാവശ്യപ്പെടുന്നു എന്നു വ്യാഖ്യാനിച്ചേക്കും. അത്തരമൊരു സ്വാതന്ത്ര്യം സുബുദ്ധിയുള്ളവരാരും ആവശ്യപ്പെട്ടുകയില്ല. പഠനത്തിന്റെയും ചിന്തയുടെയും താരതമ്യത്തിന്റെയും ഫലമായി രൂപപ്പെട്ടുന്ന സദുദ്ദേശ്യപ്രേരിതങ്ങളായ അഭിപ്രായങ്ങൾ "തോന്നിയവാസ"ങ്ങളിൽനിന്നു വേർതിരിച്ചെടുക്കാൻ തീച്ചയായും നമുക്കു കഴിയേണ്ടതാണ്. ചിന്തയെയും പഠനത്തെയും മാനിക്കുന്ന സമനില തെറാത്ത ഒരു സമീപനമാണ് നാം സ്വാഗതംചെയ്യുന്നതെന്നറിയുമ്പോൾ ചിന്തിക്കാനും പഠിക്കാനും ലേഖകന്മാർ തയ്യാറാകും. ദൈവതിരുമനസ്സിനോടുള്ള കീഴ്വഴക്കവും, സഭയുടെ സുസ്ഥിതിയിലും സ്വന്തം ആത്മരക്ഷയിലുമുള്ള ഭാരിച്ച ഉത്തരവാദിത്വവുമാണ് തങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം എന്നവർക്ക ബോധ്യപ്പെട്ടുകയും ചെയ്യും. ദൈവമക്കളുടെ സ്വാതന്ത്ര്യം അങ്ങനെയുള്ള മോഹനമായ ഒരവസ്ഥാവിശേഷമാണെന്ന് വിശ്വാസികളെ പഠിപ്പിക്കുന്ന വിഷയത്തിൽ നമ്മുടെ പത്രങ്ങൾ ഒട്ടും ഉദാസീനത ഭാവിക്കേണ്ടതില്ല. അങ്ങനെ വരുമ്പോൾ മാത്രമേ വിവേകപൂർവ്വമായ ആത്മനിയന്ത്രണവും ധീരമായ അഭിപ്രായസ്വാതന്ത്ര്യവും ഒപ്പം തഴച്ചുവളരുകയുള്ളു. അപ്പോൾമാത്രമേ സഭയെക്കുറിച്ച് പുറത്തുള്ളവരുടെ മതിപ്പു വർദ്ധിക്കുകയുള്ളു.

എനിക്കു വേണ്ടതു ചെയ്യണമെന്ന ശാഠ്യം സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള മിഥ്യാബോധമാണ്. ദൈവത്തിനു ഹിതകരമായതു ചെയ്യണമെന്ന ബോധമാണ് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള യഥാർത്ഥ ബോധം. ഈ വസ്തുത സ്വാതന്ത്ര്യപ്രേമികളായ ലേഖകന്മാർ ധരിക്കണം. എന്നാൽ ദൈവത്തിനു ഹിതകരമായതു് ഞങ്ങൾ പറയുന്നതു മാത്രമാണ് എന്ന യുക്തിയും ന്യായവും പഠനവും കൂടാതെ ശാഠ്യം പിടിക്കുന്ന അധികാരികൾക്ക് ഇതൊരു മറുകടയായിത്തീരുതെന്നേയുള്ള.

ആരാധനക്രമത്തിലും, കാനൻ നിയമങ്ങളിലും, ദൈവശാസ്ത്രത്തിലും, സ്വാതന്ത്ര്യത്തിന്റെ ക്രമദീക്ഷയിലും നൂതനസമീപനമാഗ്ഗങ്ങൾ കത്തോലിക്കാസഭ ഇന്നു നിർദ്ദേശിക്കുന്നുണ്ട്. ബാഹ്യമായ ഐകരൂപ്യമല്ല അടിസ്ഥാനപരമായ ഐക്യമാണ് നമുക്കാവശ്യമെന്ന് സഭ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വൈവിദ്ധ്യവും അഭിപ്രായാന്തരങ്ങളും, രുചിഭേദവും സഭയുടെ സൗന്ദര്യം വർദ്ധിപ്പിക്കുകയേയുള്ളു. അവയെല്ലാം ഒരുമിച്ചു തഴച്ചുവളരാനിടം നൽകുന്ന കത്തോലിക്കാസഭയിൽ—സ്വതന്ത്രരായ സന്താനങ്ങൾ നിറഞ്ഞ ഒരു സഭയിൽ—മാത്രമേ ഇന്നു ലോകം അഭയം തേടുകയുള്ളു. സഭയിലെ സ്വാതന്ത്ര്യം കേവലം ഒരു തത്ത്വമല്ല. അതൊരു യാഥാർത്ഥ്യവും ഒരു വെല്ലുവിളിയുമാണ്. ആ യാഥാർത്ഥ്യം ഗ്രഹിക്കുന്നതിനും, ആ വെല്ലുവിളി സ്വീകരിക്കുന്നതിനും സഭയുടെ ജീവകലായറിയപ്പെടുന്ന കത്തോലിക്കാപത്രങ്ങൾ എത്രവേഗം തയ്യാറാകുന്നോ അത്രവേഗം കേരളത്തിലെ കത്തോലിക്കാസഭ ആകർഷകമായ ഒരു നവോത്ഥാനം കൈവരിക്കും.

മാത്യു ഉലകംതറ എം.എ.

രണ്ടക്ഷരക്കളരി

പുതിയ വികാരിയച്ചൻ വന്നിട്ട് ആദ്യത്തെ കുമ്പാനയാണാ ഞായറാഴ്ച. അച്ചന്റെ പ്രസംഗം കേൾക്കാനും ആളെ പരിചയപ്പെടാനുമൊക്കെയായി, പതിവിലേറെയാളുകൾ അന്ന് പള്ളിയിൽ കൂടിയിരുന്നു.

നല്ല ചെറുപ്പക്കാരനച്ചൻ. ചുറുചുറുപ്പും ഭക്തിയും കാര്യവുമെല്ലാം വേണ്ടപോലുണ്ട്. പ്രസംഗം ചെറുതെങ്കിലും അസ്സലായിരുന്നു. പള്ളിപ്രസംഗസമത്ത് ഭക്തിക്കൂട്ടുതൽമൂലം ഉറങ്ങുന്ന പതിവുകാരെപോലും നിദ്രാദേവി തലോടിയില്ലന്ന്. ദേവാലയത്തിൽ എത്തുയിടമുണ്ടെങ്കിലും പടികാത്ത് വെളിയിൽ തന്നെ സത്യഗ്രഹം അനുഷ്ഠിക്കാറുള്ള പുരോഗമനക്കാർ അന്ന് പ്രസംഗം കേട്ട് അകത്തേക്ക് കയറി. പുതിയ അച്ചന്റെ പ്രസംഗത്തിലെ ഓരോ വാക്കുകളും അവരുടെ ഹൃദയത്തിൽ ചില മായാത്ത മുദ്ര പതിച്ചു.

മദ്യപാനത്തെപ്പറ്റിയും ഒട്ടവിൽ അദ്ദേഹം അല്പം പ്രതിപാദിക്കുകയുണ്ടായി. സുറിയാനി കത്തോലിക്കർ മദ്യപാനം നിമിത്തം അന്യരുടെ ദൃഷ്ടിയിൽ പൊതുവെ അവഹേളനാപാത്രമാകുന്നതും, സമുദായത്തിന്റെയും കുടുംബത്തിന്റെയും സാമ്പത്തികാഭിവൃദ്ധിയെ അത് തകർക്കുന്നതും മറ്റും അദ്ദേഹം ഹൃദയസ്പർശിയായി പ്രതിപാദിച്ചു.

എല്ലാവർക്കും നല്ലൊരു മതിപ്പു തോന്നി പുതിയ വികാരിയച്ചനെപ്പറ്റി.

പുതുതായി ഇടവകയിൽ വരുന്ന വികാരിയച്ചനേയും അയൽപക്കത്തു വിവാഹം കഴിച്ചുകൊണ്ടുവരുന്ന നവവധുവിനേയും പറ്റി അഭിപ്രായം പറയുവാൻ തരം നോക്കി പരതി നടക്കുന്ന ഒരു കൂട്ടരുണ്ടല്ലൊ നാട്ടിൻപുറത്ത്. അക്കൂട്ടർ മുറപോലെ അവരുടെ "ബിസിനെസ്സ്" ആരംഭിച്ചു:

"കേട്ടോ, നമ്മുടെ പുതിയ വികാരിയച്ചൻ, ചെറുപ്പക്കാരനാണെങ്കിലും നല്ല മിടുക്കനും ഭക്തനുമാണ്."-

രാമൻ നായരുടെ ചായക്കടയിൽ സെറു കൂടിയപ്പോൾ ചാക്കോച്ചേട്ടൻ അഭിപ്രായപ്പെട്ടു.

"അങ്ങനെ വേണം അച്ചന്മാരായാൽ! അദ്ദേഹം നമ്മുടെ സമുദായത്തിനു വലിയ ഒരു നേട്ടമാണ്, കേട്ടോ!" അവിരാച്ചേട്ടന്റെ അഭിപ്രായമാണത്.

"പക്ഷേ, ആള് വലിയ കണിശക്കാരനും ചിട്ടക്കാരനുമാണന്നാണു ചിലരുടെ പരാതി. ഉം! ഏതായാലും ഇനി ആരുടേയും തോന്ന്യാസങ്ങളൊന്നും അവിടെ നടക്കയില്ല."

"ങ്ഹ്! അ! അതെന്താണന്നോ? കാര്യങ്ങളെല്ലാം വെറും കുത്തഴിഞ്ഞ പുസ്തകം പോലെകിടക്കാൻ അദ്ദേഹം സമ്മതിക്കുകയില്ല. അതു കൊണ്ട്, സ്വന്തം കാര്യനടപ്പില്ലെന്നു കണ്ട് ചിലർ കുറെ പറഞ്ഞു തുടങ്ങിയേക്കും."

ഇതെല്ലാം കേട്ടുകൊണ്ടുനിന്ന രാമൻനായർ, കടൊന്നഭിപ്രായം തട്ടിവിട്ടു:

"കത്തനാരു് എങ്ങനെയായാലും നിങ്ങൾക്കെന്തു കുട്ടരേ? അവരു് സുഖിച്ചങ്ങനെ ജീവിക്കുന്നു. സാധാരണക്കാർക്കു് എന്നും ഈ ദോശേം വെള്ളോം അല്ലാതെ അവരേക്കൊണ്ടൊക്കെ നമുക്കെന്തു പ്രയോജനം?"

അല്പം ചുവപ്പും അതിലധികം ഗൂഢ്യമായ ജാതിസ്പർദ്ധയും കലർന്നിരുന്ന രാമൻ നായരുടെയാവാക്കുകളിൽ. അതു കേട്ട് "ശരി"വച്ചു് ചിരിക്കാനുണ്ടായി ചില നസ്രാണികൾ!! പക്ഷെ അവിരാച്ചേട്ടൻ ചൊടിച്ചുകൊണ്ടു പറഞ്ഞു:-

"കേട്ടോ, രാമൻനായരേ! അങ്ങനെ നന്ദികേടു പറയരുതു്. നിങ്ങളുടെ മകൻ പഠിച്ചു മിടുക്കനായതു് എവിടെയാണെന്നും എങ്ങനെയാണെന്നും മറക്കാറായോ? ജാനകിയമ്മയുടെ രോഗം അപകടനിലയിലെത്തിയപ്പോൾ, സൗജന്യമായി ചികിത്സിച്ചു് ഭേദമാക്കിയതു് കത്തനാരുടെ ആശുപത്രിക്കാരല്ലെ?

ചായക്കട മാനേജർ പിന്നൊന്നും പറഞ്ഞില്ല. പിറേ ദിവസത്തേക്കുള്ള അരി ആട്ടുന്ന ജോലിയിൽ വ്യാപൃതനായി അയാൾ. രാമൻ നായരുടെ ഒരു ദോശയും അരച്ചായയും ഓർത്തു്, സമുദായത്തേയും അവരുടെ വൈദികരേയും അവഹേളിച്ച സംസാരിക്കുന്ന നസ്രാണികളും ചിലപ്പോൾ അവിടെ സമ്മേളിക്കാറുണ്ടായിരുന്നു!!

"കേട്ടോ, കപ്യാരു കുര്യൻ ഇന്നാള കള്ളുഷാപ്പിലിരുന്നു പറയുന്നു, ഈ അച്ചൻ സെമ്മനാരി കാണുന്നതിനു മുൻപു് അയാൾ അൾത്താരകൊണ്ടു ജീവിച്ചു തുടങ്ങിയതാണു്; എന്നിട്ടിപ്പോൾ അങ്ങേരു വലിയ ആളാകാൻ പോകുന്നെന്നു്."- ചാക്കോച്ചേട്ടൻ അല്പം താണസ്വരത്തിൽ പറഞ്ഞു.

"ങ്ഹ്"! അതെന്തുകൊണ്ടാണന്നോ? മുമ്പൊക്കെ വല്ല പാവപ്പെട്ട അച്ചന്മാരും വന്നാൽ, കുമ്പാനച്ചൊല്ലിക്കഴിഞ്ഞു് വല്ലിടത്തും ചുമ്മാതിരുന്നോളും അവരു്. കപ്യാരാണു ഭരണമെല്ലാം നടത്തിയിരുന്നതു്. അയാൾതന്നെ ചിലപ്പോൾ ഡംഭു് അടിക്കാറുണ്ടായിരുന്നു, പട്ടമില്ലെങ്കിലും താൻ "കപ്യാരച്ച"നാണെന്നു്! ഇപ്പോൾ അയാളുടെ കൊള്ളരുതായ്മകളൊന്നും അച്ചന്റെയടുക്കൽ ചിലവാകയില്ല."

"ഭക്തിക്കാരാണെന്നും പറഞ്ഞു് തൊഴിലില്ലാത്ത കുറേ പെണ്ണുങ്ങളെ ഏതു സമയത്തും പള്ളിമുറിയുടെ വാതിലുൽ കാണാറുണ്ടായിരുന്നല്ലോ. അവർക്കൊക്കെ എന്തു പറ്റിയിപ്പോൾ?"

"ആ! ഹാ! അതറിഞ്ഞില്ലേ? ലീജിയനും, സൊഡാലിറ്റിയും, മറ്റു് ഭക്തികാര്യങ്ങളും പള്ളിയിൽ കഴിഞ്ഞാൽ, നേരേ വീട്ടിൽ പൊയ്ക്കൊള്ളണമെന്നു് അച്ചൻ അവർക്കു താക്കീതു നൽകിക്കളഞ്ഞു! മാതാപിതാക്കന്മാർക്കും അദ്ദേഹം മുന്നറിയിപ്പു കൊടുത്തു പെൺമക്കളെ അങ്ങനെ അലയാൻ അയയ്ക്കരുതെന്നു്."

അങ്ങനെപോയി പുതിയ വികാരിയച്ചനെപ്പറ്റി ഇടവകക്കാരുടെയിടയിലെ സംസാരം.

ഇടവകയറ്റല ഓരോ കുടുംബത്തിലും കയറിയിറങ്ങി

മുറുക്കു് അവരുടെ ക്ഷേമം അന്വേഷിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. കഷ്ടപ്പെടുകയും ഭാരം ചുമക്കുകയും ചെയ്യുന്നവരെ ആത്മാർത്ഥമായി സഹായിക്കുവാൻ സന്നദ്ധനായി അദ്ദേഹം അവരുടെ അടുക്കലുണ്ടു്. ആരോടും ഒരു പക്ഷപാതവുമില്ലാതെ, എല്ലാവരോടും സ്നേഹപൂർവം നീതിയോടെ ഇടവക ഭരിച്ചു്, ഇടവകക്കാരുടെ ആത്മീയവും ലൗകികവുമായ നിലവാരം ഉയർത്തുവാൻ അദ്ദേഹം പ്രദർശിപ്പിച്ച നിഷ്ഠ ചില ശത്രുക്കളെപ്പോലും ആകർഷിച്ചു. വ്യക്തികളും കുടുംബങ്ങളും മെച്ചപ്പെട്ടെങ്കിലേ, സമുദായം അഭിവൃദ്ധിപ്പെടൂ എന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. അല്പം ചുവപ്പിന്റെ പൊടിപ്പുംകെട്ടി മുഷിച്ചുരുട്ടിയിടിച്ചു നടന്നിരുന്ന ചില ചെറുപ്പക്കാർ പോലും അദ്ദേഹത്തിന്റെ രീതി കണ്ടു് "ചെംപൊടിപ്പു്" അഴിച്ചുമാറി ദിവ്യകാരുണ്യത്തോടു് അടുത്തുതുടങ്ങി!

അന്നു്, ഭാസ്വരബിംബം, പശ്ചിമാകാശത്തിലേക്കു് സാവധാനം നീങ്ങുന്നതേയുള്ളൂ. നല്ല തെളിഞ്ഞ അന്തരീക്ഷം. എങ്കിലും അതിനു കളങ്കം ചേർക്കുമാറു്, ഒരു കരിംകാർമേഘക്കട്ട, കിഴക്കേക്കോണിൽ തൂങ്ങി നില്പുണ്ടു്! സാക്ഷാൽ ജീവനും വെളിച്ചവുമായ നസ്രായന്റെ അജയ്യമായ ചെങ്കോൽ, ആ ദേവാലയ ഗോപുരത്തിൽ ഉയർന്നു നിന്നു്, ഭൂമിയിൽ സന്മനസ്സുള്ളവർക്കു് സമാധാനം ആശംസിക്കുന്നു.

നാല്പമണിക്കു് കുടുംബസന്ദർശനത്തിനിറങ്ങുവാൻ തീച്ചപ്പെടുത്തിയിരുന്നതാണു് അച്ചൻ. കൂട്ടത്തിൽ പോകാൻ, തക്കസമയത്തു് എത്തിക്കൊള്ളണമെന്നു് കപ്യാരേയും അറിയിച്ചിരുന്നു. പക്ഷെ, അയാളെ കാണുന്നില്ല. ഏതായാലും തന്റെ പരിപാടി മുടക്കാൻ തയാറില്ലച്ചൻ. അല്പം താമസിച്ചാണെങ്കിലും, അദ്ദേഹം "കുശിനി"ക്കാരൻ കുഞ്ഞാക്കോയേയും കൂട്ടി പുറപ്പെടുകയായി.

പടിഞ്ഞാറു നിന്നു് പൊടുമ്പാമ്പുപോലെ വളഞ്ഞുതിരിഞ്ഞു വരുന്ന വഴി, ആ ഇറക്കം ഇറങ്ങി വലിയ റോഡിലേക്കു ചേരുന്നതിന്റെ വലത്തുവശത്തു് ഒരു വലിയ ആല്മരം നിൽപുണ്ടു്. അതിനെ കെട്ടിപ്പുണരുന്നൊരു മാവും! അതിന്റെ അങ്ങേ വശത്തു് നെടും കൊട്ടിൽ പോലൊരു കെട്ടിടം. ആ കെട്ടിടത്തിന്റെ മുൻവശത്തുണ്ടു് സുപ്രധാനമായ ഒരു പരസ്യപ്പലക. എണ്ണത്തിൽ ഏറ്റവും കുറഞ്ഞതെങ്കിലും വണ്ണത്തിലേറ്റവും കൂടിയ ലിപികളിൽ എഴുതപ്പെട്ടൊരു ബോർഡു്! രണ്ടേരണ്ടക്ഷരം മാത്രം! **"കള്ളു്"**.

അക്ഷരം രണ്ടേയുള്ളുവെങ്കിലും, അതെഴുതിയ ആളിന്റെ തലയേക്കാൾ വളരെ വലുതായിരുന്ന അവയിലോരോന്നും! അതിൽച്ചെറിയ അക്ഷരങ്ങൾ, അവിടത്തെ "പതിവു്" കാക്കു് കണ്ണിൽപ്പെടുകയില്ലെന്നു് അനുഭവബോദ്ധ്യമുള്ള ഒരു ഭാവനാസമ്പന്നന്റെ സൃഷ്ടിയാണതു്!

അങ്ങനെ ആല്മരം മാവും ചേർന്നുള്ള ശീതളച്ഛായയിൽ "ആത്മവീര്യം" നേടാൻ സ്ഥാപിച്ചിരിക്കുന്ന ആ "രണ്ടക്ഷരക്കളരി"യിലെ സംഭാഷണത്തിലേയ്ക്കു് നമുക്കൊന്നു ശ്രദ്ധിക്കാം:

എഡ്ഡീ...സക്കീ... ഒയി...യെഡീ... ഒന്നോടി...ഉം ഒയിക്കാ.....ന്നു്! ...നഡച്ചു്...ഉം!...നഡച്ചു്...നഡച്ചു്" അപശബ്ദങ്ങൾ!

എന്നിട്ടൊരു പാട്ടാണു പിന്നെ കേൾക്കുന്നതു്. നിങ്ങൾക്കു സുപരിചിതമാണു് ആ പാട്ടും സ്വരവും. ങു്! അതു മലയാളത്തിലല്ലല്ലോ!

അപ്പോൾ പിന്നെ?

ശ്രദ്ധിക്കു!.....ഹാ! അതൊരു സുറിയാനിപ്പാട്ടാണു്. ഞായറാഴ്ച നമ്മൾ പള്ളിയിൽ കേൾക്കാറുള്ള ഒരു പാട്ടു്.

അതാ, പാട്ടുനിലച്ചു! വീണ്ടും സംസാരമാണു്:

"ഇഫം..... മൻസീൽ.....ലായോഡാ .....ഞാൻ .....ആഴാണെന്നു്!.....ഉം! ം!–ം! ഇല്ലെ, പ്രയാം കഫ്യാരശ്ശൻ.....

"എടോ, താൻ പള്ളീടെ കപ്യാരായിട്ടു്, കള്ളുഷാപ്പിൽ കിടന്നിങ്ങനെ കുഴയാൻ തനിക്കു നാണമില്ലല്ലോ."

"കുടിപ്പള്ളിക്കുടത്തിലെ "വിദ്യ"

അധികം അകത്താക്കാത്തതുകൊണ്ടു് സമുദായാഭിമാനം തല ഉയർത്തിയ ഒരു പഴയ "നസ്രാണി" അയാളുടെ വലിയ വെന്തിങ്ങയെ ഭക്തിപൂർവം തടവിക്കൊണ്ടു് കപ്യാരെ ശാസിച്ചു.

"എഡാ.....നെനഞെന്നാ.....റിയാം? ഈ കപ്യാരശ്ശനു്...ഈ ഫള്ളിക്കുടത്തി...പതിനഞ്ചു കൊല്ലം..... സാർവീസു്...ആഫള്ളിയിലു്...ഫന്തീരാണ്ടു് കൊല്ലം... സാർവീസു്...!അഫം...ആകെ...എത്ര---സാർവീസൊ --ണ്ടെഡാ----ഈ കര്യങ്ങു്?"

ഇത്രയുമായപ്പോൾ കള്ള വില്പനക്കാരി ചക്കി ഇടപെട്ടു.

"എടൊ, ഇന്നത്തേതു് മൂന്നുരൂപാ! പഴയപറ്റു് 23രൂപചില്വാനം. വേഗം കണക്കു തീർത്തിട്ടു് ഒന്നു പോടോ!" പിന്നീടുണ്ടായതു് എന്തോ "പു.സാ" ആയതുകൊണ്ടു് നമുക്കതിവിടെ വിട്ടുകളയാം----------.-ചക്കി അയാളുടെ നേരേ അലറിയതു സ്പഷ്ടമായി കേൾക്കാമായിരുന്നു.

ആലിന്റെ ശീതളച്ഛായയിൽ സൈരവിഹാരം ചെയ്തിരുന്ന രണ്ടു് അരിപ്രാവുകൾ ഇണപിരിഞ്ഞു് കള്ളുഷാപ്പിനെ ശപിച്ചുകൊണ്ടു് ചിറകടിച്ചു പറന്നുപോയി! ദാമ്പത്യജീവിതം അനുദിനം തകർന്നുകൊണ്ടിരുന്ന, കപ്യാർ കുര്യന്റെ കുടുംബത്തിലും അതിന്റെയൊരു മാറ്റൊലി അലതല്ലി! സമുദായത്തിന്റെ ഹൃദത്തിലോ?

കള്ളുഷാപ്പിൽ നിന്നഭ്യസിച്ച "കല്ലുവച്ച നല്ലവാക്കുകൾ" നിർലോഭം വാരിവിതറിക്കൊണ്ടു്, കപ്യാരുകുര്യൻ പുറത്തേക്കു വന്നു.

കുടുംബസന്ദർശനത്തിനിറങ്ങിയ വികാരിയച്ചൻ അതിലേ കടന്നു പോകുന്നതു് അപ്പോഴാണു്. ഊരാത്തോടെ "പൂരപ്പാട്ടം"പാടി, ഷാപ്പിന്റെ മറുവശത്തുനിന്നു് നാടകീയമായി റോഡിലേക്കു് രംഗപ്രവേശം ചെയ്ത ആ മനുഷ്യജീവിക്കു്, പത്തുമാസം തികഞ്ഞുനില്ക്കുന്ന ഒരു സ്ത്രീയേക്കാളധികം വയറുണ്ടായിരുന്നു!

നേരേ അച്ചന്റെ മുമ്പിലെത്തിയപ്പോൾ—"അശ്ശോ! ഈശോമിശിഹായുടെ സുതിയായിരിക്കട്ടെ" എന്നയാൾ ഒരു വിധം പറഞ്ഞൊപ്പിച്ചു. എന്നിട്ടു് അങ്ങു് കടന്നുപോയി, അരുപതടിപ്പാതയ്ക്കു് വീതി കൂട്ടാത്ത ഗവൺമെന്റിനെ വെല്ലുവിളിച്ചു കൊണ്ടു്! ചുവന്ന കലങ്ങിതുറിച്ച കണ്ണുകളും, തടിച്ചു മലച്ച ചുണ്ടുകളും, വണ്ടിക്കാളയുടേതുപോലുള്ള വയറുമായി തെറിപ്പാട്ടും പാടി കടന്നു പോയ കപ്യാർ കുഞ്ഞനെ അടുത്തു കണ്ടപ്പോൾ, കൊടിയ പിശാചുക്കളെപ്പോലും വിറപ്പിച്ചു് ഓടിച്ചിട്ടുള്ള വികാരിയച്ചൻ ഒന്നു ഞെട്ടിപ്പോയി!! കപ്പായുമിട്ടു് ആരോ മുടൽ മഞ്ഞിൽ കൂടി വരുന്നതായി ഒരു ചെറിയ തോന്നൽ മാത്രമേ അയാൾക്കുണ്ടായുള്ളൂ. ആ 27 കെല്പത്തെ "സാർവീസു്" കൊണ്ടു് ഉപബോധമനസ്സിൽ നിന്നു് താനേയങ്ങു് സ്തുതി ചൊല്ലി

(ശേഷം 33–ാംപേജിൽ)

ഇസ്രായേലിന്റെ കാവൽക്കാരൻ

(123-ാം നമ്പർ ഇടയലേഖനം)

"അവൻ അവരോട്ട അരുളിച്ചെയ്യുന്നു: 'ഇപ്പോൾമുതൽ മടിശ്ശീലയുള്ളവർ അതു എടുക്കട്ടെ; വാളില്ലാത്തവൻ തന്റെ കുപ്പായം വിറ്റു തനിക്കായി വാളും വങ്ങിക്കട്ടെ...'"

ക്രിസ്തുവിന്റെ ഒരു വിനീത അപ്പസ്തോലനായ നാം നമ്മുടെ കൈവശം സൂക്ഷിച്ചുവച്ചിരുന്ന വാളുകളിൽ ഒന്നിനെ നിരീശ്വരപ്രസ്ഥാനത്തിനെതിരായി നമ്മുടെ മുൻലേഖനത്താൽ ഉരി വീശിക്കഴിഞ്ഞു. ഇനി നമുക്കു ശേഷിച്ചിരിക്കുന്ന രണ്ടാമത്തെ അദ്ധ്യാത്മിക ഖഡ്ഗത്തെ, അദ്ധ്യാത്മിക അണുബോംബിനെ പ്രയോഗിക്കേണ്ടതായ ആവശ്യം ഇതാ കൈവന്നിരിക്കുന്നു. മടിശ്ശീലയുള്ളവർ അതു എടുത്തുകൊള്ളുന്നതിനുള്ള അവസരവും സമീപിച്ചിരിക്കുന്നു.

എങ്കിലും നാം ഉടനെ ആ വാളുറുന്നില്ല....

.....

ആകയാൽ നിയന്ത്രിക്കുന്നതിനു് ഇത്തരണത്തിൽ വളരെ വൈഷമ്യമുള്ള നമ്മുടെ ക്ഷമ കൈവിടാതെ നമുക്കും നമ്മുടെ നിർമ്മല സഭയ്ക്കും മഹനീയ സമുദായത്തിനും താമസം വിനാ ഭവിക്കാനിരിക്കുന്ന വിപത്തുകളെ നിങ്ങളെയും സുബുദ്ധിയും ഈശ്വരവിശ്വാസവുമുള്ള സകല മഹാജനങ്ങളെയും വിശദമായി മനസ്സിലാക്കേണമെന്നുമാത്രമേ ഈ നമ്മുടെ ലേഖനത്താൽ നാം ഉദ്ദേശിക്കുന്നുള്ളൂ.

.....

സക്കാർ സമിതീകരണപ്രസ്ഥാനക്കാരായ ജനപ്രതിനിധികൾ ദൈവദ്രോഹം, മാതൃദ്രോഹം, ശിശുദ്രോഹം, ഗുരുഹത്യ എന്ന നാലുതരം പാതകങ്ങൾക്കും ഉത്തരവാദികളായിതീർന്നേക്കും.....

മാനേ, താക്കേൽ, പാറെസ്—

എണ്ണി, തൂക്കി, തിട്ടമാക്കപ്പെട്ടിരിക്കുന്ന എന്ന ശാപവചനങ്ങൾ നമ്മുടെ രാജ്യത്തിലെ സമതീകരണ ഭിത്തികളിൽ എഴുതപ്പെട്ടുമെന്നു 'കണ്ണുള്ളവർ കണ്ടുകൊള്ളണം,' 'ചെവിയുള്ളവർ കേട്ടുകൊള്ളണം'.


.....ദ്ധിച്ച ഈ പ്രസ്ഥാനത്തിന്റെ ഉന്മൂലനത്തിനായി വ്യവസ്ഥാപിതമായ പ്രക്ഷോഭണങ്ങൾക്കു നിങ്ങൾ യാതൊരു കുറവും വരുത്തുകയില്ലെന്നു ദൈവത്തിൽ നാം വിശ്വസിക്കുന്നു.

.....

കാര്യങ്ങളുടെ വാസ്തവാവസ്ഥ ഇപ്രകാരമായിരിക്കെ, "ഇസ്രായേലിന്റെ ഒരു കാവല്ക്കാരനായ" നാം ഇപ്രകാരമൊക്കെയും പ്രസ്താവിക്കുന്നതു നമ്മുടെ നാഥനായ ക്രിസ്തുരാജനോടുള്ള വിശ്വസ്തതകൊണ്ടുമാത്രമല്ല, പിന്നെയോ "നമ്മുടെ ഇടയൻ എന്തുകൊണ്ടു് ഇപ്പോൾ ഒന്നും മിണ്ടുന്നില്ല" എന്നു പ്രലപിച്ചുകൊണ്ടു നമ്മുടെനേരെ പാഞ്ഞുവന്നേക്കുമെന്ന .....നമ്മുടെ 4 ലക്ഷം അജഗണങ്ങളെ സ്മരിച്ചിട്ടുമാണു്.....

നിങ്ങളാരും ഭയപ്പെടേണ്ട. നമ്മുടെ പള്ളിക്കൂടങ്ങളുടെ സക്കാർ സമിതീകരണം നമ്മുടെ സമ്മതം കൂടാതെ നടപ്പിലാക്കുകയില്ലെന്നുതന്നെ വിശ്വസിച്ചുകൊള്ളുവിൻ. സഭാമാതാവിന്റെ മാറ്റിടത്തിൽനിന്നൊഴുകിവരുന്ന പരിശുദ്ധ കൂദാശകൾ കൈക്കൊണ്ട കന്യകാമാതാവിന്റെ വിമലഹൃദയത്തോടു് നമ്മുടെ രാജ്യത്തിനും സഭയ്ക്കുംവേണ്ടി മുട്ടിപ്പായി പ്രാർത്ഥിപ്പിൻ. അപ്പോൾ ഉഷർകാല നക്ഷത്രം ഉദിച്ചു പൊങ്ങി നമ്മുടെ അന്തരീക്ഷത്തിലെ അന്ധകാരമൊക്കെയും നീക്കിക്കളയും.

ഇസ്രായേലിന്റെ കാവല്ക്കാരൻ



കാളാശ്ശേരി ജെയിംസ് മെത്രാൻ

പ്രശ്നാവലി

1. തുടരെത്തുടരെ പ്രക്ഷോഭണങ്ങൾക്കിടയാകുന്നതും പ്രക്ഷോഭണങ്ങളും മുറവിളികളും പ്രയോജനമില്ലാതെ പോകുന്നതും സമുദായത്തെ ആരും കണക്കിലെടുത്തിട്ടില്ലാത്തതിന്റെ ലക്ഷണമായി കരുതുന്നതിൽ അബദ്ധമുണ്ടോ?

2. രാഷ്ട്രീയക്കാർക്ക് എല്ലാക്കാര്യവും ഏല്പിച്ചിട്ട് കയ്യുംകെട്ടി ഇരിക്കുന്നതു ബുദ്ധിപൂർവ്വമല്ലെന്നു സമ്മതിക്കുന്നവോ?

3. നമ്മുടെ പ്രവർത്തനങ്ങളും പ്രസ്ഥാനങ്ങളും സംഘടനകളുമെല്ലാം വെറും അനുകരണമായിപ്പോകുന്നതിൽ അഭിമാനക്ഷയം തോന്നുന്നില്ലേ?

4. ഇതര സമുദായങ്ങൾ കുതിച്ചുപായുമ്പോൾ നാം മാത്രം നിശ്ചലരായി കഴിയുന്നതിനു എന്താണു കാരണം?

5. "കത്തോലിക്കർ" എന്നു സ്വയം വിശേഷിപ്പിക്കുന്നതു് വല്ലതുമറിഞ്ഞിട്ടാണോ?

കത്തോലിക്കാ, ക്രിസ്ത്യാനി—പേരുകൾ നമ്മെപ്പറ്റി പ്രയോഗിച്ചുതുടങ്ങിയിട്ടു് വളരെയേറെ ആയിട്ടില്ലാത്ത സ്ഥിതിക്കും, ഈ പ്രയോഗങ്ങൾ ദേശീയ തലത്തിൽ തെറ്റായ നിഗമനങ്ങൾക്കു് ഇട നല്കുന്നതുകൊണ്ടും അവ തുടർന്പയോഗിക്കാതിരിക്കുകയാണു നല്ലതെന്നു കരുതുന്നവോ?

6. ഹെന്ദോ, മലങ്കര, നസ്രാണി- പേരുകൾ അജ്ഞതകൊണ്ടായാലും അന്യരുടെ പ്രേരണകൊണ്ടായാലും നഷ്ടപ്പെടുത്തുന്നതു് തറവാട്ടു് അന്യാധീനപ്പെടുത്തുന്നതിനു സമമാണെന്നറിയാമോ?

7. ജനസാമാന്യത്തിലും നേതൃസ്ഥാനത്തുനില്ക്കുന്നവരിലും സമുദായ ബോധം കെട്ടുപോയിരിക്കയാണെങ്കിൽ അഭ്യസനത്തിലുള്ള തരക്കേട് നിസ്സാരമല്ലെന്നു സമ്മതിക്കുന്നവോ?

8. നമുടേതു് ഇന്നൊരു സമുദായമല്ല, കാറു കടക്കാത്തവിധം ഭദ്രമാക്കിയിട്ടുള്ള 6 കമ്പാർട്ടുമെൻറ് (ശ്രുപത) കളാണതെ. ഇടയനില്ലാതെ ചിതറികിടക്കുന്നവരും ആക്കും പ്രശ്നമല്ല. അന്യരീത്തുകളെ വളത്തുകയും സ്വന്ത രീത്തുടയ്ക്കുകയും ചെയ്യാനിടവരത്തക്കവിധം നടപടികൾ നടന്നുവരുന്നതും ആരും കാണുന്നില്ല. ഈ അനാഥാവസ്ഥയ്ക്കു പരിഹാരമുണ്ടാക്കുവാൻ, സമസ്തേന്ത്യാധികാരത്തോടെ ഒരു പാത്രിയക്കീസിനെ അല്ലെങ്കിൽ തല്ക്കാലം മേജർ മെത്രാപ്പോലീത്തയെ വാഴിച്ചു കിട്ടേണ്ടതും, നേതാവായി അക്കീയാക്കോൻ ഉണ്ടാകേണ്ടതുമാണെന്നതിൽ അഭിപ്രായഭേദത്തിനു സ്ഥാനമുണ്ടോ?

9. അനിശ്ചിത ഭാവിയിലേയ്ക്കു് കരുതലോടെ നീങ്ങേണ്ടതാണെന്നു് അഭിപ്രായമില്ലേ?

10. ഒരു സമുദായ ട്രസ്റ്റ് ഉണ്ടാക്കുന്നതിനെപ്പറ്റി എന്താണു് അഭിപ്രായം?

എന്തുകൊണ്ടു് നേതാവില്ല?

നമ്മുടെ സമുദായത്തിനു് നേതൃത്വം നൽകുവാൻ മതിയായ പ്രാപ്തന്മാരും സേവനസന്നദ്ധരുമായ നേതാക്കന്മാരുടെ അഭാവമല്ല നമ്മുടെ വളച്ചയ്ക്കു് വിഘാതമായിരിക്കുന്നതു്. മറിച്ചു് അങ്ങനെ ഉയർന്നവരുന്ന നേതാക്കന്മാരെ തേജോവധം ചെയ്യുവാൻ കാണിക്കുന്ന ദുഷിച്ച പ്രവണതയാണു് നമ്മുടെ പുരോഗമനത്തിനു്വിലങ്ങുതടിയായി നില്ക്കുന്നതു്.

(തൊഴിലാളി.)

നേതാക്കന്മാരല്ലത്ത ചിലർ നയിക്കുവാൻ ഇറങ്ങുകയും ഭീരുത്വം ഉപദേശിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും സമുദായം അതിന്റെ അഭിമാനം പണയപ്പെടുത്തിയിട്ടില്ല; ആത്മവിശ്വാസം കൈവിട്ടിട്ടുമില്ല, സ്വേച്ഛാധിപത്യ ഭരണകാലങ്ങളിലും ജനായത്ത അഴിമതി ഘട്ടത്തിലും, അത്യാപൽസന്ധിയിലും.

സഭകൾ?



ഹാൻസ് കൃങ്ങ്

"സഭയ്ക്കുള്ളിലെ സ്വാതന്ത്ര്യ"ത്താൽ, വ്യക്തികളുടെ മാത്രമല്ല, പ്രാദേശിക സഭകളുടെ സ്വാതന്ത്ര്യവും അത്ഥമാക്കപ്പെടുന്നു. സഭ എന്ന പ്രയോഗത്താൽ സാർവ്വത്രികസഭയെന്നുമാത്രമല്ല അത്ഥം, ഓരോ പ്രാദേശികസഭയും സഭയാകുന്നു. കോറിന്തിലെ സഭ, അപ്പോസ്തോസിലെ സഭ, റോമിലെ സഭ.....അവശ്യം ഉണ്ടായിരിക്കേണ്ട സഭകളുടെ ബഹുലതയെ വത്തിക്കാൻ II സുനഹദോസ് കണക്കിലെടുത്തിട്ടുണ്ട്.— ഇറലിയിലെ സഭ, അമേരിക്കയിലെ സഭ, ഏഷ്യയിലെ സഭ...

ഇന്നു് സഭയിൽ ഐക്യമാണു്, ഏകരൂപമല്ല ആവശ്യം. ഒരു കേന്ദ്രമാണു്, കേന്ദ്രീകരണമല്ല ആവശ്യം. ഓരോ രാജ്യത്തെ സഭകൾക്കും, ഭൂഖണ്ഡത്തിലെ സഭകൾക്കും അവരുടെ പ്രശ്നങ്ങളെയും ആകുലതകളെയും, ചുമതലകളെയും പരിഹരിക്കുന്നതിനു് കൂട്ടുതൽ സ്വാതന്ത്ര്യവും സ്വാശ്രയവും വീണ്ടുമുണ്ടാകാൻ പോകയാണു്.

(ഹാൻസ് കൃങ്ങ്.)

സുനഹദോസു് രണ്ടാം സമ്മേളനം

നാല ലക്ഷ്യങ്ങളാണു് സുനഹദോസിന്റെ മുമ്പിലുള്ളതു്. 1)സഭയെപ്പറ്റിയുള്ള അറിവു് അഥവാ ബോധം, 2)സഭാ പരിഷ്കാരങ്ങൾ, 3) എല്ലാ ക്രൈസ്തവ വിഭാഗങ്ങളുടെയും ഐക്യം, 4) ആധുനിക ലോകവും സഭയുമായി പൊരുത്തപ്പെടുക. "മിശിഹായുടെ സഭയെ സംബന്ധിക്കുന്ന സത്യങ്ങൾ സംശോധിക്കുകയും സംയോജിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യേണ്ട സമയം വന്നിരിക്കുന്നു. സഭയെപ്പറ്റിയുള്ള ഈ അറിവു് അല്ലെങ്കിൽ ആത്മബോധം മിശിഹായുടെ വചനങ്ങൾക്കും ആശയങ്ങൾക്കും അനസ്യൂതമായി വിശദീകരിക്കപ്പെടും. പരിശുദ്ധാത്മാവു് പ്രദാനം ചെയ്യുന്ന ആന്തരികമായ വെളിച്ചത്തിൽ, സഭയുടെ ബഹുമാന്യവും പരമ്പരാഗതവുമായ പഠനങ്ങളെ ആദര പൂർവ്വം ശ്രദ്ധിച്ചാലെ ഇതു നടപ്പിലാക്കു. അപ്പോൾ രണ്ടാം സമ്മേളനത്തിന്റെ ഏറ്റവും പ്രധാനമായ ചുമതല സഭയുടെ ആന്തരികമായ ഘടന സസൂക്ഷ്മം പരിശോധിക്കുകയും അവളുടെ യഥാത്ഥവും മൗലികവുമായ ഘടന വെളിപ്പെടുത്തുകയും ആത്മരക്ഷയിലുള്ള ബഹുവിധങ്ങളായ ദൗത്യം വിശദമാക്കുകയും ചെയ്യുകയാണു്. അതിനുവേണ്ടി കഴിയുമെങ്കിൽ ഒരു നിർവ്വചന രൂപത്തിൽ അവ പ്രഖ്യാപിക്കുകയും ചെയ്യുക എന്നതാണു്."

രണ്ടാം വത്തിക്കാൻ സുനഹദോസുകൊണ്ടുണ്ടായിട്ടുള്ള ഒരു നേട്ടം പൗരസ്ത്യറീത്തുകാരായ ക

ത്തോലിക്കരുടെ സഭാത്തിന്റെ മാറ്റൊലിയാണു്. സൂനഹദോസിന്റെ ഒന്നാം സമ്മേളനം കഴിഞ്ഞു രണ്ടാമത്തെ സമ്മേളനം ആരംഭിക്കുന്നതിനു മുമ്പു് കൗൺസിലിൽ അവതരിപ്പിക്കാനിരുന്ന പദ്ധതികളെല്ലാം പരിശ്ശീലിച്ചു. ആദ്യ സമ്മേളനത്തിൽ പ്രതിഫലിച്ച അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ കാലം ചെയ്ത 23-ാം ജോൺ മാപ്പാപ്പായുടെ നിർദ്ദേശമനുസരിച്ചാണു് ഇവ മാറ്റിയെഴുതിയതു.

യവന മൽക്കായ പാത്രിയർക്കീസ്



മാക്സീമോസ് IV ബാവാ.

ഭൂരിപക്ഷക്കാരായ ലത്തീൻ റീത്തുകാർ പൗരസ്ത്യ റീത്തുകാരെ അകന്ന സഹോദരരെപ്പോലെ പരിഗണിക്കുന്നു, സഭ പൗരസ്ത്യമോ പാശ്ചാത്യമോ അല്ല, ലത്തീൻ സഭയുടെ ഔദ്യോഗിക ഭാഷയല്ല, ലത്തീൻ സഭയല്ല കത്തോലിക്കാസഭ, സഭയിലെ ഒരു വിഭാഗം മാത്രമാണതു്, പൗരസ്ത്യ റീത്തുകളുടെ സ്വാതന്ത്ര്യം അംഗീകൃതമാകാതെയുള്ള ഐക്യാഹ്വാനം വലിയ ഫലമുണ്ടാക്കാനിടയില്ല, നൂറ്റാണ്ടുകളായി പൗരസ്ത്യർ താന്നു തീരുമാനിച്ചു പോന്നതും ഇന്നും അവക്കു തന്നെ തീരുമാനിക്കാവുന്നതുമായ കര്യങ്ങൾക്കുവേണ്ടി റോമാ കൂരിയായെ സമീപിക്കണമെന്നുവരുന്നതു് സ്വീകാര്യമല്ല, പൗരസ്ത്യർക്കു വേണ്ടി പ്രത്യേക നയം നിർമ്മാണം നടത്തുന്നതിനോടു വിയോജിക്കുന്നു, സൂനഹദോസ്, സാർവ്വത്രിക സഭയെ സംബന്ധിക്കുന്ന തത്ത്വങ്ങൾ നിർവ്വചിക്കുന്നതിനും പ്രഖ്യാപിക്കുന്നതിനും പ്രായോഗിക മാക്കുന്നതിനുമാണു്, കിഴക്കൻ സഭ പടിഞ്ഞാറൻ സഭയ്ക്കു തുല്യമാണു്, മാപ്പാപ്പാ പടിഞ്ഞാറിന്റെ പാത്രിയർക്കീസും തങ്ങൾ കിഴക്കിന്റെ പാത്രിയർക്കീസ്മാരുമാണു്, ഫ്ളോറൻസ് സൂനഹദോസിൽ പാത്രിയർക്കീസ്മാർക്കു് മാർപ്പാപ്പായുടെ അടുത്ത സീറ്റുകളാണു് നൽകപ്പെട്ടിരുന്നതു്. അതിനു വിപരീതമായി സ്വീകരിച്ച കാണുന്ന നടപടിയിൽ പ്രതിഷേധമുണ്ടു്, എന്നീവക കാര്യങ്ങൾ വ്യക്തമായും, ശക്തിയായ ഭാഷയിലും വികാര തീവ്രതയോടെയും ഉന്നയിക്കപ്പെട്ടകയുണ്ടായി. അന്ത്യോക്യായിലെ മൽക്കായ പാത്രിയർക്കീസ് മാക്സീമോസ് ബാവാ തിരുമനസ്സുകൊണ്ടാണു് ഇതിനു നേതൃത്വമെടുത്തതു്. ലത്തീൻ അറിയാമെങ്കിലും അതു പടിഞ്ഞാറിന്റെ ഭാഷയായതുകൊണ്ടു്, ലോകഭാഷയായ ഫ്രഞ്ചിലേ സംസാരിക്കൂ എന്നദ്ദേഹം നിർബന്ധം പിടിച്ചു. അദ്ദേഹത്തിന്റെ തീവ്രതയും ധീരതയും ഉന്നതമായ വ്യക്തിത്വവും വെളിവാക്കുവാൻ പോരുന്നവയാണ് അദ്ദേഹത്തിന്റെ പ്രസ്താവനകളും പ്രസംഗങ്ങളും.

"ക്രൈസ്തവതാ കാതോലിക (സാർവ്വത്രിക) മാകാതെ ലോകത്തിൽ അതിന്റെ ദൗത്യം നിർവ്വഹിക്കാൻ സാദ്ധ്യമല്ല. എന്നു നമുക്കു ബോദ്ധ്യമുണ്ടാകണം. ഈ സാർവ്വത്രികതാ നിയമത്തിൽ മാത്രം പോരാ. വസ്തുതയിലും ഉണ്ടാകണം. ഒരുവൻ അവന്റെ ആരാധന ക്രമവും പൈതൃകങ്ങളും പാരമ്പര്യങ്ങളും ചരിത്രവും കലയും ഭാഷയും സംസ്കാരവും മറ്റും ഉപേക്ഷിച്ചു് ഒരു വിഭാഗത്തിന്റെ— അതെത്രതന്നെ മെച്ചമായിരിക്കട്ടെ—ചിന്താഗതികളും ആരാധന ഭാഷയും സാംസ്കാരവും സ്തോത്ര ഗീതങ്ങളും മറ്റും സ്വീകരിക്കാതെ കത്തോലിക്കനായിരിക്കാൻ സാദ്ധ്യമല്ല എന്നുവന്നാൽ സഭ ലോകത്തിനായുള്ള ദൈവത്തിന്റെ ദാനമല്ല. ഒരു വിഭാഗത്തിനുള്ളതാണു്. അങ്ങനെയെങ്കിൽ സഭ ഒരു വിഭാഗത്തിന്റെ താല്പര്യത്തിനു വിധേയമായ മാനുഷികമായ ഒരു സ്ഥാപനമാണു്".

മെത്രാന്മാരുടെ സമൂഹം

സൂനഹദോസ് രണ്ടാം സമ്മേളനത്തിന്റെ രണ്ടാം വാരം മെത്രാന്മാരുടെ അധികാരങ്ങളെപ്പറ്റിയുള്ള ചർച്ചയോടെയാണു് ആരംഭിച്ചതു്. സഭാ ശ്രുപതയിലുള്ള അധികാരങ്ങൾക്കുപുറമെ മെത്രാന്മാരുടെ സമൂഹത്തിലെ ഒരാൾ എന്ന നിലയിൽ സഭ മുഴുവനെയും സംബന്ധിച്ചു കൂട്ടായ ചി

ല ഉത്തര വാദിതപങ്ങളും ഉണ്ട് ഒരുമെത്രാനു് ഇതായിരുന്ന ആലോചനാ വിഷയത്തിന്റെ മർമ്മം. പ്രസംഗിച്ചവരിൽ ഭൂരിപക്ഷവും ഈ ആശയത്തെ അനുകൂലിക്കയാണു ചെയ്തതു്.

ഈ കൂട്ടത്തരവാദിതപ്പാ സഭയുടെ ഭാർഢ്യത്തിനും ഭദ്രതയ്ക്കും പരസ്പര സഹായത്തിനും കൂട്ടതൽ സഹായകമാകും എന്നനിലയാണു് കർദ്ദി. സീറി (ജെനോവാ) സ്വീകരിച്ചതു്. ഇദ്ദേഹമാണു് ഈ വിഷയത്തെപ്പറ്റി കൗൺസിലിൽ ആദ്യമായി സംസാരിച്ചതും. മാപ്പ്പ്പായുടെ പരമാധികാരത്തിനു് ഇതു മാറ്റു കൂട്ടുകയല്ലാതെ ഒട്ടും കുറയ്ക്കുകയില്ലെന്നും മാപ്പ്പ്പായുമായുള്ള ഐക്യത്തിലൂടെയല്ലാതെ യഥാർത്ഥമായ കൂട്ടത്തരവാദിതപ്പാ സംജാതമാകുന്നില്ലെന്നും ഇദ്ദേഹം സമർത്ഥിച്ചു.

എപ്പിസ്കോപ്പേറ്റും പാത്രിയർക്കീസും തമ്മിലുള്ള ബന്ധം അവഗാഢമായ പരിചിന്തനം അർഹിക്കുന്ന ഒന്നാണെന്നും എപ്പിസ്കോപ്പേറ്റിന്റെ യഥാർത്ഥ സ്വഭാവം പരമാധികാരത്തിനു ഏതെങ്കിലും വിധത്തിൽ വിലോപം വരുത്തുന്നതിനു പകരം അതിനെ ഒന്നുകൂടെ ഉറപ്പിക്കുകയേ ചെയ്യൂ എന്നും കർദ്ദി. ലഗർ (മോൺട്രിയാൽ) സമർത്ഥിച്ചു.

മിശിഹാ തന്റെ സന്ദേശങ്ങൾ ശ്ലീഹന്മാരെ സാങ്കേതിക ചെയ്തുകൊണ്ടു് ഒരിക്കലും നൽകീട്ടില്ല. സംബോധനകളിലെല്ലാം ബഹുവചനമേ പ്രയോഗിച്ചിട്ടുള്ളു. യൂദാസിനു പകരം ഒരാളെ തിരഞ്ഞെടുക്കേണ്ടിവന്നപ്പോൾ ശ്ലീഹന്മാർ സമ്മേളിച്ചാണു് ആകൃത്യം നിർവ്വഹിച്ചതു്. സഭാസ്ഥാപനം വ്യക്തമായ ഒന്നാണു്. അതുപോലും വ്യക്തമാണു് ഇതും. (കർദ്ദി. മേയർ, ചിക്കാഗോ)

വ്യക്തികളായ മെത്രാന്മാർ എപ്പിസ്കോപ്പൽ കോളജിൽ അംഗമാകുന്നതുകൊണ്ടു് സാർവ്വത്രിക സഭയുടെ മേൽ അവർക്കു കൂടെ അധികാരം സിദ്ധിക്കുന്നു. ലോകത്തെ രക്ഷിക്കുന്നതിൽ ശ്ലൈഹികത്വമപര്യാപ്തമെന്നു താല്പര്യമോ കാര്യമോ ഇല്ലെന്ന അലസഭാവനയുള്ള അവസരം ഇതോടെ ഇല്ലാതാകുന്നു. (കർദ്ദി. റഹ്മാനി.)

ഐക്യത്തിനു വിഘാതം പരമാധികാരമല്ല.—മാക്സി മോസ്ബാവാ:

"ഒന്നാമത്തെ വത്തിക്കാൻ സൂനഹദോസ് മാപ്പ്പ്പായുടെ പരമാധികാരം നിർവ്വചിച്ചു. അതിന്റെ ആശാസ്യമല്ലാത്ത വ്യാഖ്യാനങ്ങൾ അവശ്യം ആവശ്യമായ ഈതതത്ത്വത്തിനു വൈരൂപ്യമുണ്ടാക്കി. പരമാധികാരം മാത്രമല്ല അതിന്റെ അതിരുകടന്ന വ്യാഖ്യാനങ്ങളും ചില അനുഷ്ഠാനങ്ങളും കൂടെയാണു് ഐക്യത്തിനു വിഘാതമുണ്ടാക്കുന്നതു്. സഭൈക്യത്തിനു വഴിതെളിക്കുവാൻ ഉദ്യമിക്കുന്ന ഈകൗൺസിൽ പരമാധികാരത്തെപ്പറ്റി പ്രഥമ വത്തിക്കാൻ കൗൺസിൽ ചെയ്ത പ്രസ്താവനയെ അതേപടി ആവർത്തിക്കുന്നതുകൊണ്ടു് സാർത്ഥകമാകുന്നു. അതു വിശദീകരിച്ചു "എപ്പിസ്കോപ്പേറ്റിന്റെ അനിഷേധ്യമായ അവകാശങ്ങളുടെ വെളിച്ചത്തിൽ ആതത പാപ്പാ നിഷ്കൃഷ്ടമായി നിർവ്വചിക്കേണ്ടതു ഈകൗൺസിലിന്റെ കർത്തവ്യമാണു്. ഇതുചെയ്യുമ്പോൾ ഓരോന്നിനും അതിനുള്ള സ്ഥാനത്തിനു ഭംഗംവരാതെ സൂക്ഷിക്കണം. കീഴെപ്പറയുന്ന അഞ്ചുകാര്യങ്ങൾ മനസിൽ വച്ചുകൊണ്ടാൽ ഇതുസാധിക്കാം:

1. സഭയുടെ യഥാർത്ഥ തലവൻ മിശിഹായും മിശിഹാ മാത്രവുമാകുന്നു.

2. കേപ്പായുടെ പിൻഗാമി എന്ന നിലയിൽ അർഹിക്കുന്ന സർവ്വാദരങ്ങളോടുംകൂടി സഭയുടെ "തലവൻ" എന്നതന്നെ മാപ്പ്പ്പായെ സംബോധനചെയ്യണം. എന്നാൽ മുൻഗാമിക്കുണ്ടായിരുന്ന തിലധികം അധികാരം പിൻഗാമിക്കുണ്ടാകാവുന്നതല്ല. കേപ്പാ പന്ത്രണ്ടുശിഷ്യരിൽ ഒരാളായിരുന്നു. എന്നാൽ ശ്ലൈഹിക കോളജിന്റെ തലവനുമായിരുന്നു. മാപ്പ്പ്പാ മെത്രാന്മാരിൽ ഒരാളാകുന്നു, പക്ഷെ സഭയുടെ തലവനുമാകുന്നു.

29–ാം പേജു് തുടർച്ച.

പ്പോയതാണു്! വാസ്തവത്തിൽ അതു് സ്വന്തം വികാരിയച്ചനാണെന്നു് അയാൾ മനസ്സിലാക്കാഞ്ഞതു് അയാളുടെ കുറ്റം കൊണ്ടല്ല! കണ്ണും കരളും പമ്പരം കറങ്ങുമ്പോൾ വികാരിയച്ചൻ ആവഴിയെ പോകാൻ അയാൾ പറഞ്ഞോ?

സമുദായത്തിലെ ചില അരുമസന്താനങ്ങളിങ്ങനെ, അളിഞ്ഞ വ്രണങ്ങളായി ജീവിക്കുന്നതോർത്തപ്പോൾ സമുദായാഭിമാനിയായ വികാരിയച്ചന്റെ രക്തത്തിൽ കൂടി ചില ഏലിവാണങ്ങൾ പാഞ്ഞുതുടങ്ങി! ഇത്തരം കയ്യ്മാരെക്കൊണ്ടു് സമുദായത്തിനുണ്ടാകുന്ന അധഃപതനത്തിൽ ലജ്ജിച്ചു് വൃദ്ധ ഭാസ്കരൻ പടിഞ്ഞാറെക്കടലിൽ തലതാഴ്ത്തി!

ഏലിയാമ്മ ജോർജ്ജു് വലിയതാഴത്തു്

കീരിത്തോട്ട വെടിവെപ്പും കൂടിയിറക്കും

കിഴക്കൻ വടക്കൻ പെരിയാർച്ചുറ്റിയും, പടിഞ്ഞാറുവശം കൂടിയേറ്റപ്രദേശങ്ങളായ (അല്ലോട്ടഭൂമി) പഴയരിക്കണ്ടം, മനയത്തടം മക്കുവള്ളി, കല്ലേമുട്ടംതൊട്ടി, മുത്തിക്കല്ല്, വാഴത്തോപ്പ്, കൈതപ്പാറ, മുതലായ പ്രദേശങ്ങളോട്ടു തൊട്ടും, തെക്കുവശം അയ്യപ്പൻകോവിൽ വില്ലേജ് അതിരായും ചുരുളി കീരിത്തോട്ട പ്രദേശങ്ങൾ സ്ഥിതിചെയ്യുന്നു. പടിഞ്ഞാറുവശം ഉടുമ്പന്നൂർവരെ തുടച്ചയായി മനുഷ്യവാസമുള്ള സ്ഥലങ്ങളാണ്. ഈ പ്രദേശമാണ് വനമായി സൂക്ഷിക്കണമെന്നു സർക്കാർ ശാഠ്യംപിടിച്ചതു്. മനുഷ്യക്കൊല നടത്തിയിട്ടാണെങ്കിൽപോലും.

കണക്ക്.	മറുക്രിസ്ത്യാ.	ഹിന്ദു.	മുസ്ലീം.
കീരി. 600	125	120	185
ചുരു. 700	250	300	200

1964. ഫെബ്രുവരി 25. ചൊവ്വാഴ്ച.

മലനാട്ട കർഷകയൂണിയൻ പ്രസിഡൻറു ജോൺ മാഞ്ഞൂരാനെ കളക്ടർ അടിയന്തിര സംഭാഷണത്തിനു ക്ഷണിക്കുന്നു. സമയം ഉച്ചകഴിഞ്ഞു് 2.30.

കളക്ടർ: ഷെഡ് കെട്ടുന്നതിനുള്ള തടസ്സമെന്താണു്?

മാഞ്ഞൂരാൻ: ഒരു കാരണവശാലും കൃഷിക്കാരന്റെ കൃഷിസ്ഥലത്തു്, ഗവണ്മെൻറു ഷെഡ് കെട്ടാൻ പാടില്ല. കെട്ടിയാൽ എന്റെ നേതൃത്വത്തിൽ തടസ്സപ്പെടുത്തും- പിക്കറ്റുചെയ്യും.

ക. മുളവെട്ടിക്കൊണ്ടുവന്നു് ഇവിടെ ശേഖരിക്കുന്നതിനു് തടസ്സമുണ്ടോ?

മാ. കൃഷി നശിപ്പിക്കാതെ ചുമന്നുകൊണ്ടുവരുന്നതിനു് തടസ്സമില്ല.

ക. ചീഫ് മിനിസ്റ്ററെ കാണുമോ?

മാ. രണ്ടു ദിവസത്തിനകം കാണും.

അഞ്ഞൂറിൽപരം കർഷകർ കൂടിയിരുന്ന യോഗത്തിൽ ഈ വിവരമെല്ലാം ശ്രീ മാഞ്ഞൂരാൻ വെളിപ്പെടുത്തി.

ഫെബ്രുവരി 26. ബുധൻ.

അതിരാവിലെ കീരിത്തോട്ടിൽ തെങ്ങുനാക്കുടി കുരുവിളയുടെ കൃഷിസ്ഥലത്തു് മാഞ്ഞൂരാളുവരുന്ന M. S. P. പോലീസ് വലയം സൃഷ്ടിച്ചു് ഷെഡ് കെട്ടാൻ ആരംഭിച്ചു. വിവരമറിഞ്ഞു്, സ്ഥലത്തു താമസിച്ചിരുന്ന ജോൺ മാഞ്ഞൂരാനും മറ്റു കർഷകപ്രതിനിധികളും സ്ഥലത്തെത്തി. മ. ക. യൂ. ജനറൽ സിക്രട്ടറി ശ്രീ സ്കറിയാ പറയരുതോട്ടത്തിന്റെ നേതൃത്വത്തിൽ എഴുപത്തഞ്ചോളംവരുന്ന കൃഷിക്കാർ, കൂടിൽ കെട്ടുന്നതിനെ പിക്കറ്റുചെയ്തു. തുടർന്നു അറസ്റ്റും ലാത്തിച്ചാർജ്ജും നടന്നു. കൂട്ടനിലവിളികളും ഒച്ചപ്പാടുകളുംകേട്ടു് അടുത്ത പ്രദേശങ്ങളിലുണ്ടായിരുന്ന കൃഷിക്കാർ ഓടിയെത്തി. ഈ സമയത്തു് N. M. വർഗ്ഗീസിന്റെ (മ. ക. യൂ. കേന്ദ്ര കമ്മിറ്റി മെമ്പർ) നേതൃത്വത്തിൽ രണ്ടാം ബാച്ചു് പിക്കറ്റു ചെയ്യാൻ ശ്രമിച്ചു. പോലീസ് തടഞ്ഞു. അവിടെവച്ചും ലാത്തിച്ചാർജ്ജും മർദ്ദനവും നടന്നു. മണലേൽ മത്തായി പുറത്തും, കുരുശുനാൽ മത്തായി കാലിലും അടിയേറ്റു വീണു. തത്സമയം സ്ഥലത്തുണ്ടായിരുന്ന മാഞ്ഞൂരാൻ പോലീസ് മേധാവി ചക്രപാണിമാരാരുമായി സംസാരിച്ചു.

മാഞ്ഞൂരാൻ: ഈ നടപടികളുടെ അർത്ഥമെന്തു്?

ചക്രപാണി: R. D. O.-യുടെ ഓർഡറാണു്.

മാ. കളക്ടറുടെ ഓർഡറിനു വിപരീതമാണല്ലോ.

ച. എനിക്കറിവില്ല.

മാ. R. D. O. സ്ഥലത്തുണ്ടോ?

ച. സ്ഥലത്തുണ്ടു്.

മാ. അദ്ദേഹത്തെ കാണുന്നതിനു അനുവദിക്കുമോ?

ച. തടസ്സമില്ല.

R. D. O.-യെ കാണുന്നതിനു് ഷെഡ് കെട്ടുന്ന സ്ഥലത്തു് അനുവാദത്തോടെ കയറിച്ചെന്ന മാഞ്ഞൂരാനെ ഉടൻതന്നെ അറസ്റ്റുചെയ്തു് രണ്ടു ഇൻസ്പെക്ടർമാർ പോലീസ് ക്യാമ്പിലേക്കു കയറ്റി കൊണ്ടുപോയി. N. M. വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു് പ്രതിഷേധമുയർത്തുകയും പ്രകടനം നടത്തുകയുംചെയ്തു. N. M. വർഗ്ഗീസ്, കുമ്പമ്പാറ പൗലോസ്, കുട്ടപ്പൻ എന്നിവരെ അ

റസ്റ്റുചെയ്യ് ഉടൻ ക്യാമ്പിലേക്കു കൊണ്ടുപോയി. മീറ്റിംഗ് തുടർന്നു നടന്നിരുന്നു. ഈ സമയം ചട്ടിക്കഴി, മങ്കുവാ, ചിന്നാർ, ഉപ്പുതോട്ട് തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് കഷ്ടകജാഥകൾ വന്നുചേർന്നു. മാഞ്ഞൂരാനെയും മറ്റും വിട്ടതരണമെന്നും അറസ്റ്റുചെയ്യപ്പെട്ടവരുടെ പേരുകൾ പരസ്യപ്പെടുത്തണമെന്നും ആവശ്യപ്പെട്ടന മെമ്മോണ്ടവുമായി കൊന്നത്തടി പഞ്ചായത്തു മെമ്പർമാരായ ടി. എം. തോമസും, വി. എ. തോമസും, മ. ക. യു. മേഘലാ പ്രസിഡൻറ് എം. എം. കെ. വൈദ്യരും, മ. ക. യു. തട്ടേക്കാട്ട് പ്രസിഡൻറ് സി. കാക്കനാടൻചേർന്ന് R. D. O-യെ കാണാൻ കയറിച്ചെന്നപ്പോൾ സമ്മതിച്ചില്ല.

പ്രതിക്ഷേധയോഗം കൂടിയിരുന്ന ഇടത്തേയ്ക്ക് കടയിൽനിന്നു പോലീസ് ശക്തരെയെടുത്ത് എറിഞ്ഞു. തേങ്ങാ, കല്ല് തുടങ്ങിയവകൊണ്ട് പരസ്പരം ഏറു നടന്നതിനിടയിൽ ഒരു വെടിക്കെട്ടിൻറെ പ്രതീതി ജനിപ്പിക്കുമാറ് ലാത്തിപ്രയോഗം, ഷെൽപ്രയോഗം, ഇതെല്ലാം നടന്നു. മെഗർഫോണിൽ എന്തൊക്കെയോ വിളിച്ചുപറഞ്ഞിരുന്നു (അവ്യക്തം). ചെമന്ന കൊടി ഉയർത്തുന്നു, മേല്പോട്ട് ഒരു വെടി; ലാത്തിയുമായി പോലീസ് ജനക്കൂട്ടത്തിനിടയിൽകൂടെ ഓടുന്നു; ജനക്കൂട്ടം നിലവിളിയോടെ നാലുപാടും പായുന്നു, വേറൊരു വിസിൽ; പോലീസ് പിന്മാറുന്നു. അതേസമയം മൂന്നു തോക്കുകാർ റൈഫിൾ ഉപയോഗിച്ച് വെടിവച്ചു. വെടിനിർത്തം ആയി വീഴുന്നതു A. കണ്ടു. ഭയവിഹ്വലരായ ജനക്കൂട്ടം നിലവിളിച്ചോടുന്നതിനിടയ്ക്ക് ഒരു സ്ത്രീയും രണ്ടു കുട്ടികളും മൂന്നു പുരുഷന്മാരും വീണുകിടക്കുന്നതും കണ്ടു. ഒരു ജീപ്പ് ഓടിച്ചുവന്ന് അവരെയെടുത്ത് നില്ക്കുന്നതും അവരെ അതിൽ എടുത്തിടുന്നതും തെരുവുമലയിൽനിന്നു K. കണ്ടു- നെയ്യഴി മാത്തുവിൻറെ പലചരക്കുകട വലിച്ചുപൊളിക്കുകയും അതിനുള്ളിൽ പേടിച്ചൊളിച്ചിരുന്നവരെ തല്ലിയിറക്കുകയുംചെയ്തു. ഫോറസ്റ്റാഫീസിൽനിന്ന് ആഫീസ് സാമാനങ്ങൾ മുകളിലെ ക്യാമ്പിലേക്കു മാറ്റിക്കഴിഞ്ഞപ്പോൾ ഒരു ഗാർഡ് ഫോറസ്റ്റാഫീസിൻറെ മുകളിലേക്ക് തീകത്തിച്ചെറിഞ്ഞു. ഈ സമയം സമീപത്തുള്ള പാലക്കാട്ട വീട്ടിൽനിന്ന് കൂട്ടനിലവിളി കേൾക്കാമായിരുന്നു. മ. ക. യു. പ്രസിഡൻറാണ് തീവച്ചതെന്ന് മെഗഫോണിൽക്കൂടെ വിളിച്ചുപറയുന്നതു കേൾക്കാമായിരുന്നു. (ഈ പ്രസിഡൻറ് തത്സമയം പോലീസ് കസ്റ്റഡിയിലായിരുന്നു). സമയം ഏകദേശം 6 P. M. അന്നുരാത്രി ഉടനീളം പനക്കുട്ടിക്കും പോലീസ് ജീപ്പുകൾ തുടരെ ഓടിക്കൊണ്ടിരുന്നു. വെടിയേറ്റു വീണവരെ കൊണ്ടുപോയതായിരിക്കാമെന്നൂഹിക്കുന്നു. ഒരാളെങ്കിലും മരിച്ചിരിക്കണം എന്ന് പോലീസ് വയർലസ്സുമുഖേന ഗവണ്മെൻറിനെ അറിയിച്ചിരുന്നതായും കേൾക്കുന്നു. രാത്രിയിൽ പോലീസ് ക്യാമ്പിൽനിന്നു നിലവിളികേൾക്കാമായിരുന്നു.

ബുധനാഴ്ച രാത്രി എല്ലാ കടകളും തകർത്ത് എല്ലാവിധ സാമാനങ്ങളും കൊള്ള ചെയ്തുവെന്നായി. വ്യാഴാഴ്ച എന്തെങ്കിലും പ്രത്യേകമായിട്ടുണ്ടായതായറിവില്ല. അന്നു രാവിലെ പോലീസ് വന്ന് കല്ലാർക്കുട്ടി മുതലുള്ള പ്രദേശം നിരോധിത മേഖലയാക്കി (വഴിനടക്കാൻ വിരോധിച്ചുകൊണ്ട്) രേഖയൊന്നുമില്ല, വാക്കാൽമാത്രം. ശനിയാഴ്ച M. L. A. മാരും മറ്റും വന്നു. കൗമുദി, മനോരമ പ്രതിനിധികൾക്കും പ്രവേശനം കിട്ടി.

പാവു ആശാൻറെ വീട്ടിൽ (പ്രായമായ മകളും മകൻറെ ഭാര്യയുമുണ്ട്) ശനിയാഴ്ച രാത്രി അഞ്ചാറു പോലീസുകാർ കയറിച്ചെന്നു. മൂന്നു പേർ "ഇലവെട്ടാൻ" രാത്രിയിൽ കുമ്പമ്പാറ പൗലോസിൻറെ വീട്ടിലും കയറിച്ചെന്നു; ആളുകൾ ഉണർന്നപ്പോൾ കടന്നുകളഞ്ഞു.

മർച്ച് 8 ഞായർ

ഞങ്ങളുടെ പ്രതിനിധി കീരിത്തോട്ടു സന്ദർശിക്കുവാൻ പോയി. നിരോധനം നില്ക്കുന്നു; കുടിയിറക്ക് തുടർന്നുകൊണ്ടിരിക്കുന്നു. ഇന്ന് അഞ്ചു വണ്ടികളിൽ ആളുകളെ കൊണ്ടുപോയി. മന്നാൻ കാലാ, നെല്ലാപ്പാറ, വാഴത്തോപ്പ്, എരുമേലി എന്നിവിടങ്ങളിലാണ് കുടിയിരുത്തുന്നതു്. ഇന്നു സന്ധ്യയോടെ P. S. P. നേതാവു് ചന്ദ്രശേഖരൻ പനക്കുട്ടിയിൽ വന്നു.

കളക്ടർ ലീവെടുത്ത ഒഴിവിൽ റവന്യൂമെമ്പർ രാമൻകുട്ടി ചാർജ്ജ് എടുത്തിരിക്കുന്നു. കീരിത്തോട്ടിൽ പോകുവാൻ അനുവദിച്ചില്ല. മന്നാൻ കാലയിലെ ക്യാമ്പുകളിൽ 90 വീട്ടുകാരെ പോയികണ്ടു, ചില്ലറ പണസഹായവും ചെയ്തു. ദേവികുളം സബ്ജയിലിൽ വില്ലിങ്ടൺ, സ്റ്റാലിയൻ, ഭാസ്കരൻ, ആൻറണി ഇത്തരം പേരുണ്ടായിരുന്നു. മൂവാറ്റുപുഴയിൽ A. K. ഗോപാലനെ കൊണ്ടുവന്നിരുന്നതിനാൽ സന്ദർശനത്തിനു നിയന്ത്രണം വെച്ചിരുന്നു. എങ്കിലും ജനറൽ സിക്രട്ടറി പറയുന്നതോ

ട്ടത്തെ കണ്ടു. ആശുപത്രിയും സന്ദർശിച്ചു. N. M വാർഡിനെയും മറ്റും X-ray എടുക്കുവാൻ എറണാകുളത്തു് കൊണ്ടുപോയിരിക്കുന്നു.

കേസു നടത്തിപ്പിലേക്കു് ഒരു നല്ല സംഖ്യ ശേഖരിച്ചു് മ. കു. യു. ആഫീസിൽ ഏല്പിച്ചു.

ഫാസിസ്റ്റുകളെ പിടിച്ചിറക്കുക.

കമ്മ്യൂ. സർക്കാർ വെടിവെച്ചു; അഖിലകക്ഷി സർക്കാർ കുടിയൊഴിപ്പിച്ചു; തനി കോൺ, സർക്കാർ കുടിയിറക്കുകയും വെടിവയ്ക്കുകയും ചെയ്തു. ചതിപ്രയോഗത്തിന്റെ പര്യായമാണു് ഇന്നത്തെ ഭരണം അഹന്തയും അനീതിയും അക്രമവും വെടിവയ്പു് ഒരു വിനോദവും:

കാറു മുട്ടിയാൽ മന്ത്രി രാജിവയ്ക്കണം. മനുഷ്യരെ വെടിവെച്ചുകൊന്നാൽ ഷെൽ എടുത്തുകാട്ടിയാൽ മതി. അറസ്റ്റു ചെയ്യുന്നതും വഴിതടയുന്നതും ബലാ പ്രയോഗിക്കുന്നതുമൊക്കെ സൗകര്യം പോലെയാകാം ഭരണ ഘടന അതിനൊന്നും ബാധകമാകേണ്ടതില്ല. വീടു കൊള്ളയടിക്കുന്നതും സ്ത്രീകളെ മാനഭംഗപ്പെടുത്തുന്നതും നിസ്സാര മത്രെ. തെളിവൊന്നും ശേഷിക്കാതിരുന്നാൽ മതി. ശവം കരിച്ചതും ചോരവീണതും ഇനി ആരുമറിയുകയില്ല. അന്തരീക്ഷത്തിലെ ദുർഗ്ഗന്ധം മാറുന്നതുവരെയെങ്കിലും ആരുകയറാതെ പോലീസ് കാവലുണ്ടാകണം, ആരെയും കയററിവിടരുതു്.

"എന്റെ ദാസരുടെ ചോരയ്ക്കു് ഞാൻ പ്രതികാരം ചെയ്യും"

"നാബോത്തിന്റെ ചോര പട്ടിനക്കിയ ഈ സ്ഥലത്തു് നിന്റെ ചോരയും പട്ടിനക്കും". (രാജാ)

തോട്ടമുണ്ടാക്കാൻ പുരയിടം തരണം എന്നു് ആക്കാബു് മഹാരാജാവു് നാബോത്തിനോടു് ആവശ്യപ്പെടുന്നു. കുടുംബസ്വത്തു് ഉപേക്ഷിക്കുകപ്രയാസമാണെന്നു് മറുപടിയും കിട്ടി. മഹാറാണി ജെസബൽ വിദ്യ പറഞ്ഞുകൊടുക്കുന്നു. കള്ളക്കേസ്സിൽ പിടിച്ചു് നാബോത്തിനെ വധിക്കുന്നു. ദൈവത്തിന്റെ പ്രവാചകൻ രാഗത്തുവന്നു് മുന്നറിയിപ്പു നൽകുന്നു: ആക്കാബിന്റെ ചോര പട്ടികടിക്കും, ജസബലന്റെ മാംസം പട്ടിതിന്നും.

"റിസവ്വ്വനമുണ്ടാക്കാൻ നിങ്ങളുടെ കൃഷിസ്ഥലം വിട്ടുതരണം" കീരിത്തോട്ട കർഷകരോടു ഭരണാധിപൻ ആവശ്യപ്പെട്ടു. അവർ തടസ്സംപറയുന്നു. M.S.P.യെ വിടുന്നു. ലാത്തിയും തോക്കും പ്രയോഗിക്കുന്നു. കുടുബങ്ങൾ വഴിയാധാരമാകുന്നു കുടിലുകൾ ചാമ്പലാകുന്നു. ചോര ഒഴുകുന്നു. ശവങ്ങൾ മാററപ്പെടുന്നു. എല്ലാ ഉത്തര വാദിത്വവും മുഖ്യമന്ത്രിയാറിരിക്കുന്നു! "ഈ കൃഷിസ്ഥലത്തുവച്ചു് നിന്റെമാംസം പട്ടിതിന്നും" (രാജാക്കന്മാർ)

ഭരണ ഘടന വകവയ്ക്കാത്ത മുഖ്യമന്ത്രിയ്ക്കു് ഭരണം നടത്താനവകാശമില്ല സേച്ഛാ വിഗ്രഹങ്ങളുടെ പുറകേ പോകണം. Abaniuable! നീചവും ഭീകരവുമായ ഈ നാടകത്തിന്റെ പേരത്രെ ക്ഷേമരാഷ്ട്രജനകീയഭരണം!

പുസ്തകാഭിപ്രായം:

നസ്രാണി

എല്ലാ രംഗങ്ങളിലും ഊർജ്ജസ്വലമായി പ്രവർത്തിച്ചു് ചരിത്രം സൃഷ്ടിച്ച ഒരു ജനപദം; സ്വയം പയ്യാപ്പുരും സഹായഹസ്തം ഇതരക്കു നീട്ടിക്കൊടുക്കുവാൻ കഴിവുള്ളവരും സന്നദ്ധതയുള്ളവരും... ബഹുമുഖങ്ങളായ ബലഹീനതകളാണു് നമ്മുടെ സമുദായത്തിനുള്ളതു്. സാമർത്ഥ്യമുണ്ടെങ്കിലും അതു വിനിയോഗിക്കാൻ അറിഞ്ഞുകൂടെങ്കിൽ എന്തു പ്രയോജനം? അനീതിക്കു വിധേയമാകുന്നതു മനസ്സിലായതുകൊണ്ടു് എന്തു ഗുണം, അതിനു പരിഹാരം കാണാൻ ശ്രമിക്കുന്നില്ലെങ്കിൽ?..... സമുദായത്തെ സംബന്ധിച്ചു് തദംഗങ്ങൾക്കു് ഒരു ദർശനവും പ്ലാനുമെല്ലാം ഉണ്ടാകണം. ഇതുയേറെ തിക്താനുഭവങ്ങൾക്കുശേഷവും ഭാവിയെ നേരിടുവാൻ നാം തയാറെടുത്തിട്ടില്ല.

"Communities as well as individuals must have high aspirations and lofty goals if they are ever to attain greatness proportionate to their resources in men, materials, talents, and opportunities, and be able' to perform some notable service to Church and country.... It is the duty and privilege of the leaders of a community to focus and coordinate the attention and good will of the common people to the great good they could jointly perform".

Patriarchate - Greek-Melchite Catholic of Antioch And All Orient Alexandria & Jerusalem

Reg. I5 No. 1134
Damascus, 22/1/64.

We have received your moving letter of 16th December 1963. We thank you for the confidence you place in us, and for your adherence to the ideas which we expressed at the Vatican Council II with regard to the tradition and prerogatives of the Oriental churches. Our attitudes and interventions are inspired only by the love for the church and ardent desire for the coming closer of christians.

Your letter, after having related the inequality which the Syro-Chaldean Church suffers in India in relation with the Church of the Latin rite, may be summarised in the request that we should help you in obtaining the two following demands: 1° to have a Head of the Hierarchy of your rite-Patriarch or Catholicos-having jurisdiction over the whole of India, 2° to have parishes or pastors of your rite for your faithful dispersed outside the territory of your present dioceses.

Since the European colonisation of India, your church has undergone a latinizing intluence to a great degree and it is looked

---

ദീർഘനാളായി നാം ഉറങ്ങിക്കഴിയുകയായിരുന്ന പ്രചാരകന്മാർ കൊണ്ടുവന്നതപ്പടി സഭീകരിക്കയെല്ലാതെതരമില്ലെന്നായി മതതത്വങ്ങൾ ഗ്രഹിച്ചുകൊണ്ടുള്ള മതാഭ്യസനം സേവനാത്മകമായ സമുദായ ജീവിതം സ്വാധീനം ചെലുത്തത്തക്ക ജീവിതവൈശിഷ്ട്യം എന്നിവ ഇനി നമ്മുടെ ഭാഗത്തു നിന്നുണ്ടാകേണ്ട പ്രതികരണങ്ങളാണ്. അതുകൊണ്ടാണ സാംസ്കാരിക വശത്തുകൂടെ സമുദായോദ്ധരണം തുടങ്ങണമെന്നു പറയുന്നതു്. പ്രശ്നങ്ങൾ നിരവധി– ഗാർഹികം മുതൽ രാഷ്ട്രീയംവരെ; സാമ്പത്തികത്തെക്കാൾ ഒട്ടും കുറഞ്ഞതല്ലാത്ത സാംസ്കാരികം... നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവർക്കു് സമുദായത്തിന്റെ പിന്തുണ ഉണ്ടായിരുന്നാൽമാത്രമേ സമുദായനേതാക്കന്മാരുണ്ടാകൂ.

നവജീവ പരിഷത്തു് പ്രസിദ്ധപ്പെടുത്തിയ മൂന്നു ലഘുപത്രികകളിൽകൂടിവന്ന ആശയങ്ങളാണിവ. പരിഷത്തു് ജിഹ്വയായി നസ്രാണി യുടെ മൂന്നു ലക്കങ്ങൾ ഇതുവരെ പ്രസിദ്ധമായിട്ടുണ്ടു്. "ഒരു പുതിയ പരീക്ഷണം" എന്ന പ്രധമപ്രസ്താവന ശ്രദ്ധേയമായിരിക്കുന്നു. "സമുദായത്തെപ്പറ്റി അഭിമാനമോ ഭാവിയെപ്പറ്റി പ്രതീക്ഷയോ ഇല്ലാത്ത കൃതസമാനമായ ഒരു തലമുറ" നാമാരും ആഗ്രഹിക്കുന്നതല്ല. പക്ഷെ ഈ രീതിയിൽ നീങ്ങിയാൽ അതല്ലാതൊന്നും പ്രതീക്ഷിക്കാനുണ്ടാകയില്ല..... കേട്ടിട്ടില്ലാത്ത പല ചരിത്രവസ്തുതകളും 'നസ്രാണി' വെളിച്ചത്തു കൊണ്ടുവന്നിട്ടുണ്ടു്. നവജീവ പരിഷത്തിന്റെ ആദ്യപുരുഷനായ ഗോവർണ്ണദോരച്ചനെപ്പറ്റിയുള്ള പ്രബന്ധം അതുവായിക്കുന്ന ആരേയും പ്രബുദ്ധരാക്കാതിരിക്കയില്ല നവജീവപരിഷത്തു് പ്രവർത്തകർക്കു അഭിനന്ദനവും വിജയാശംസയും!

(സി. പി.)

തോമസ് മാഞ്ഞൂരാൻ

പ്രശസ്തനും സമർത്ഥനും സമുന്നതനുമായ ഒരു വ്യക്തിയാണു് ഇക്കഴിഞ്ഞ ഫെ..... 1–ാം തീയതി നമ്മെ വിട്ടുപോയതു്. ബാറിലും ബെഞ്ചിലും ഒരുപോലെ ശോഭിച്ചിരുന്നയാളും എറണാകുളത്തെ–കൊച്ചിയിലെതന്നെ പൊതുമണ്ഡലത്തിൽ അനിർവ്വാര്യനായിരുന്ന ഇദ്ദേഹത്തിന്റെ മരണത്തിൽ നിർവ്യാജം വ്യസനിക്കുന്നു. R. I. P.

upon as a second class Church. This was the, spirit of the time. In expressing our just complaints let us meanwhile understand the state of mind which ruled among the representatives of the Catholic Roman Churchs and let us forget, the past. Today matters have changed and; what one never dared to say even under Pope Pius XII, the reign of John XXIII and Paul VI has permitted to be explained in broad day light. In a very little time Catholic ecumenism has achieved a progress of many centuries. That is why the Syro-Chaldeans of India, as well as the Syro-Malankarities may hope to have an equality of treatment with tne Latins. As the first fruits of this equality we may cite the creation of missions which have been entrusted to you outside Kerala, But this does not suffice· your other demands are quite normal and legitimate; it is necessary to ask for them with insistence. We have a proverb in Arabic which says: "A right is never lost if there is somebody who claims it." Therefore claim it with insistence.

It appears that even among the European missionaries you have friends. More than a year ago, a Belgian Jesuit. Rev. Fr. E. R. Hambye of St. Mary's College, Kurseong, in India, asked us to interest ourselves in the creation of a Catholicate of the Syro-Malabarians of India. We gave him the reply which we give you also now: It appears indiscreet on our part to raise by ourselves such a question; but if the question is raised by the interested parties in the Conncil, we will be glad to lend them all our support. Among the Councilar Fathers there are the Bishops from among you as well as the Syro-Malankara bishops; thereare also among the Latin Bishops of India some who will not be hostile to your cause. You ought to deal with them in a body separately so that they themselves take up your just demands and make themselves champians of them From our part we will support them with all our power, we and all our bishops, and probably. all the bishops of the other Oriental Churches Already, in one or other of our Counciliar writings we had the occasion to point out the double anomaly imposed on you: that you should abstain from evangelising the pagans, and that you should pass over hundreds of your ecclesiastics to the Latin ritc.

For this, dear and Reverend Father, we should not speak of it as if by surprise in the Council: we have the example of His Exy. Mgr. Joseph Slipy, Archbishop of Lviv, who made a surprise demand at the Council to create a Patriarchate for the Ukranians. Inspite of the respectful sympathy which this confessor of faith inspired, his proposal for which the minds were not prepared, did not have a favourable reception.

We should there fore be forehand prepare the ground, that is to say illumine the minds and dispose the hearts by distributing to all the bishops of the world as well as to all religious orders and all the ecclesiastical reviews small brochures clearly written and neatly printed, indicating the data of the question, the injustice of the actual situation, and the necessary remedies for redressing it. These brochures breathing calm and charity should be written in English and addressed to the readers of the English Speaking world, but translated as possible into French, Italian, German, Spanish and Portuguese. We should start with this idea: the world, even the ecclesiastical world, does not know us, and hence is not interested in us and dose not understand our painful problems however evident they appear to us. Therefore, we should make ourselves known, we should claim our rights loudly, we should for a long time come back to the question with perseverence, and preselnt it in all forms.

It is always delicate to present oneself as an example. Still, we should tell you to encourange you, that the moral and psyc-

theological situation, which the Greek-Melchite Church has attained, and which permits it to speak in a loud voice and make itself heard is the result of a long fight. In fact, we can say that the resistence of our Church against the attempts at "latinization" was born so to say at the same time as our hierarchy; and these last years we have availed ourselves of all occasions and made use of every means to make ourselves known and to make ourselves respected. You others also, in order to achieve the object of your just requests, should fight for a long time without being discouraged by set-backs and failures. In the Roman Curia and elsewhere there are and there will be holy people, who in good faith believe to serve the Church by refusing your demands. The Holy Spirit will always finish with illumining them.

If the method explained above is adopted, we think that, even if the problem is not solved in the Council, it will be solved by the holy Roman See alone; for the Curia cannot but be influenced by the movement of ideas created by the Council.

We are happy to learn that Indian priests of your Carmelite Order have been sent to Iraq to help our brothers the Chaldeans.

Wishing the prosperity of your holy Church; we give you, dear and Reverend Father, our greetings and our Apostolic Blessing,

(Sd.) Maximus IV
Patriarch of Antioch and all Orient,
of Alexandria and Jerusalem.

[Reply (French) Sent to the Navajeeva Parishath Organizer]

DOUBLE JURISDICTION

Of the 26 archdiocese in U. S. 21 have various Eastern Rite Catholics. Most of these Eastern Rite churches do not in fact belong to the archdioceses in which they are located in as much as the Catholic priests are not subject to the local archbishops.

(Rev. Edward E. Finn S. J).

നസ്രാണി

പഴയക്കൂർ:

പാലാ	—	രണ്ടുലക്ഷത്തി മുപ്പതിനായിരം
ചങ്ങനാശ്ശേരി	—	മൂന്നുലക്ഷത്തി മുപ്പത്തയ്യായിരം
കോതമംഗലം	—	ഒരുലക്ഷത്തി നാല്പത്തിമൂവായിരം
എറണാകുളം	—	രണ്ടുലക്ഷത്തി ഇരുപത്താറായിരം
തൃശ്ശൂർ	—	മൂന്നുലക്ഷത്തി അമ്പത്തോരായിരം
തലശ്ശേരി	—	ഒരുലക്ഷത്തി അറുപതെണ്ണായിരം

പുത്തൻക്കൂർ:

പുനരൈക്യം	—	ഒരുലക്ഷം
ഓത്തഡോക്സ്	—	ആറരലക്ഷം
മാത്തോമ്മാ	—	രണ്ടരലക്ഷം
തൊഴിയൂർ	—	രണ്ടായിരം
സൂറായി	—	പതിനായിരം

ലോകത്തിലെ വലിയ ദിനപ്പത്രങ്ങൾ

അസാഹി ഷിംബുൺ

(ഉദയസൂര്യൻ)

ലോകത്തിലെ ഏറ്റവും വലിയ ദിനപ്പത്രം. 80 ലക്ഷം പ്രതികൾ ദിവസംപ്രതി ചെലവാകുന്നു, 113 പതിപ്പുകൾ അടിക്കുകയും ചെയ്യുന്നു. ടോക്കിയോ, ഒസാക്കാ, നഗോയാ, കോക്കുറു, ഹിക്കായിയോ— എന്നിവിടങ്ങളിലായി. 5 ശതമാനം മാത്രമെ തെരുവുകളിൽ വില്ക്കുന്നുള്ളൂ. പ്രചരണം കൊണ്ടും, പത്രപ്രവർത്തനത്തിന്റെ ഉയർന്ന മാനദണ്ഡംകൊണ്ടും അസാഹി ഷിംബുൺ ലോകത്തിലെ ഒന്നാമത്തെ പത്രമായിത്തീർന്നിരിക്കയാണു്. ഒരേസമയത്തു് ഇരുപതിലധികം ആളുകൾ എല്ലാദിവസവും രാവിലെ വായിക്കുന്ന വേറൊരു പത്രവുമില്ല.

50 ലക്ഷം പ്രതിയുള്ള ഡെയിലി മിറർ ദിനപത്രത്തിനാണു് രണ്ടാം സ്ഥാനം (ഇംഗ്ലണ്ടു്).

ന്യൂസ് ഓഫ് ദി വേൾഡ് (ഇംഗ്ലണ്ടു്), ന്യൂയോർക്കു് ടൈംസ്, പ്രവ്ദാ (മോസ്കോ), യാ (മാഡ്റിഡ്), എന്നിവയ്ക്കാണു് അടുത്ത സ്ഥാനങ്ങൾ.

8000 ദിനപ്പത്രങ്ങളുള്ളതിൽ പകുതിയും യൂറോപ്പിലാണു്.

———○———

Published by the Secretary
Navajeeva Parishath